32534

# ചരിത്രം.

ഒ-110

മൂന്നാമത്തെ പതിപ്പ്.

TPL
STOCK VERIFIED
1995

പ്രതി 1500.

THIRUVANCHUR ... LIBRARY
പബ്ലിക്ക് ലൈബ്രറി ... 

യോഗക്ഷേമം കമ്പനി ക്ലിപ്തം
മംഗളോദയം പ്രസ്സ്,
തൃശ്ശിവപേരൂർ.

1100.

DATA ENTERED

T P L
STOCK VERIFIED
1995

# മുഖവുര.

കേരളത്തിൻെറ ചെറുപ്പത്തിനടുത്ത വലുപ്പമല്ല അതിൻെറ ചരിത്രത്തിന്നുള്ളതെന്നു കാട്ടിക്കൊടുക്കുക മാത്രമേ ഈ ചെറിയ പുസ്തകംകൊണ്ടു വിചാരിച്ചിട്ടുള്ളു. വിഷയത്തിൻെറ പരപ്പിനടുത്ത വിസ്താരവും ഉപന്യാസങ്ങൾക്കാകെക്കൂടിയുള്ള ബന്ധവും കാര്യമായിട്ടിവിടെ കരുതീട്ടില്ല.

കാലംകൊണ്ടു കേരളഭാഷയ്ക്കുണ്ടായിട്ടുള്ള തളർച്ചയും വളർച്ചയുമറിവാൻ പഴയ ഭാഷാരീതി കാണിച്ചുകൊടുക്കുന്നതു് ഉപകാരമായിരിയ്ക്കുമെങ്കിൽ അത്ര തീരെ വേണ്ടെന്നും വെച്ചിട്ടില്ല.

പുസ്തകത്തിൻെറ ആകൃതിയും അച്ചടിയുടെ രീതിയും വ്യവസ്ഥപ്പെടുത്തി അമ്മാതിരി പുസ്തകങ്ങളെ ഒരേ ഒരു പേരുകൊണ്ടു കുറിക്കുന്നതു സൌകര്യമായിരിക്കുമെന്നു തോന്നുകയാലാണു് ഇതിന്നും ഇതിൻെറ അനുഗാമികളായ പുസ്തകങ്ങൾക്കും 'മംഗളമാല' എന്ന കൂട്ടപ്പേരു കല്പിയ്ക്കുവാൻ തീർച്ചയാക്കിയതു്.

ഗ്രന്ഥകാരൻ.

# വിഷയവിവരം.


1. കേരളത്തിന്റെ പഴക്കം 1
2. കൊച്ചിരാജ്യത്തിന്റെ ഉൽപ്പത്തി 5
3. കൊച്ചിയും കോഴിക്കോടും 10
4. ബ്രിട്ടീഷ് കൊച്ചിയുടെ പൂർവ്വചരിത്രം 61
5. പട്ടിണി 90
6. ചില പുണ്യക്ഷേത്രങ്ങൾ 96

STOCK
1995

# ചരിത്രം.

## കേരളത്തിൻെറ പഴക്കം

കേരളരാജ്യം പരശുരാമൻ നിൎമ്മിച്ചതാകട്ടെ, സമുദ്രം പുതുതായി വെച്ചുണ്ടാക്കിയതാകട്ടെ, ഭൂകമ്പക്ഷോഭത്തിൽ ഉയൎന്നുണ്ടായതാകട്ടെ എങ്ങിനെയായാലും വേണ്ടതില്ല. കേരളത്തിൻെറ പഴക്കം പല പ്രമാണങ്ങളെക്കൊണ്ടും ലക്ഷ്യങ്ങളെക്കൊണ്ടും വെളിവായിക്കാണാവുന്ന ഒരു സംഗതിയാണ്.

ഹരിവംശത്തിൽ—

നിസ്വാദ്ധ്യായവഷൾക്കാരാഃകൃതാസ്തേനമഹാത്മനാ
ശകായവനകാംബോജാഃപാരദാഃപഹ്നവാസ്തഥാ.
കോലിസൎപ്പാമാഹിഷികാദൎവ്വാശ്ചോളാസ്സകേരളാഃ
സൎവ്വേതേക്ഷത്രിയാസ്താതധൎമ്മാസ്തേഷാംനിരാകൃതഃ’.

എന്നു കാണുന്നതുകൊണ്ടു കേരളം സഗരരാജാവിൻെറ അറിവിൽത്തന്നെ പെട്ടുകാണുന്നു.

രാമായണത്തിൽ സീതാന്വേഷണത്തിനായി സുഗ്രീവൻ വാനരന്മാരെ അയയ്ക്കുന്ന ഘട്ടത്തിൽ—

‘നദീം ഗോദാവരീഞ്ചൈവ സൎവ്വമേവാനുപശ്യത

തൈവന്ത്ര്യാംശ്ച പുന്ത്ര്യാംശ്ച ചോളാൻ പാ
ണ്ഡ്യാംശ്ച കേരളാൻ.'

എന്നു പറഞ്ഞുകാണുന്നതിൽനിന്നു കേരളത്തിന്നു ശ്രീരാമഭഗവാൻെറ അയോദ്ധ്യയോളം പഴക്കമു ണ്ടെന്നുള്ളതു തീച്ചതന്നെ. സഹ്യപവ്വതത്തിൻെറ തെക്കേത്തലയ്ക്കൽ തിരുവിതാംകൂർ രാജ്യത്തിൻെറ തെക്കേ അതിരിങ്കലുള്ള മഹേന്ദ്രപവ്വതത്തിൽ നിന്നാണല്ലൊ ഹനൂമാൻ ലങ്കയിലേക്കു ചാടീട്ടുള്ളതും. ചരിത്രകാരന്മാർ വാല്മീകിരാമായണത്തിന്നു മൂവ്വായിരം കൊല്ലത്തോളം പഴക്കം തീരുമാനപ്പെടുത്തീട്ടുണ്ട്. ശ്രീരാമൻെറ വനവാസം അതിന്ന് എത്രയോ മുമ്പായിരിക്കുവാനേ തരമുള്ളൂ.

മഹാഭാരതത്തിൽ ബലഭദ്രർ കന്യാകുമാരിക്കും ജനാർദ്ദനത്തേക്കും (വക്കല) തീർത്ഥയാത്ര ചെയ്തതായി വർണ്ണിച്ചിട്ടുണ്ട്. രാജസൂയയാഗത്തിന്നായി ദിഗ്ജയം ചെയ്ത കൂട്ടത്തിൽ കേരളരാജാവിനേയും സഹദേവൻ ജയിച്ചിട്ടുണ്ട്.

രഘുവംശം നാലാം സർഗ്ഗത്തിൽ—

ഭയോൽസൃഷ്ടവിഭൂഷാണാംതേനകേരളയോഷിതാം
അളകേഷു ചമൂരേണുശ്ചൂർണ്ണപ്രതിനിധീകൃതഃ.'

എന്നു രഘുവിൻെറ ദിഗ്വിജയാവസരത്തിൽ കാളിദാസൻ വർണ്ണിച്ചിട്ടുണ്ട്.

'ചൌളീചൂഡാഭരണഹരണഃകീർണ്ണകർണ്ണാവതംസഃ
കർണ്ണാടീനാംമുഷിതമുരളീകേരളീഹാരലീലഃ'
എന്ന 'രാജേന്ദ്രകർണ്ണപൂരം' എന്ന കാവ്യത്തിലും കേരളത്തിൻെറ പേർ കാണുന്നുണ്ട്. വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, ഭാഗവതം, പാത്മം, സ്കാന്ദം എന്നീ പുരാണങ്ങളും കേരളത്തെ തൊട്ടുനോക്കീട്ടുണ്ട്.

ക്രിസ്താബ്ദം ആയിരം വർഷങ്ങൾക്കു മുമ്പുതന്നെ കേരളത്തിലുള്ള പ്രധാനപ്പെട്ട സസ്യമൃഗാദികളെ പാശ്ചാത്യന്മാർ അറിഞ്ഞിരിക്കുന്നു. ഏലം, ഏലവങ്ങം, കുരുമുളക് മുതലായ വ്യാപാരച്ചരക്കുകൾ ഈജിപ്ത്യന്മാർ മുതലായ കച്ചവടക്കാർ കേരളത്തിൽനിന്നു വാങ്ങി കച്ചവടം ചെയ്തതായി 'ഹെറഡോട്ടസ്സ്' എന്ന യവനപണ്ഡിതൻ രേഖപ്പെടുത്തിയിരിക്കുന്നു. ക്രി- അ-നാലാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നിരുന്ന കാത്യായനനും, രണ്ടായിരത്തറുപതു കൊല്ലം മുമ്പു ജീവിച്ചിരുന്നിരുന്ന പതഞ്ജലിയും കേരളം കണ്ടിട്ടുള്ളവരാണ്. എന്നാൽ ക്രിസ്ത്വബ്ദത്തിനു മുമ്പ് ഏഴാം നൂററാണ്ടിലാണ് പാണിനിയുടെ കാലമെങ്കിലും പാണിനി കേരളത്തെക്കുറിച്ചു പറഞ്ഞുകാണുന്നില്ലെന്നാണ് തിരുവിതാംകൂർ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളത്. പാണിനി കാണാത്തപക്ഷം കേരളശബ്ദത്തിനു

ഗൌരാദിത്വംകൊണ്ടു സിദ്ധിക്കുന്നതായ ജീഷ് പ്ര ത്യയം വിധിച്ചിരിക്കുന്നത് ആ അഭിപ്രായത്തോട് അത്ര യോജിച്ചതായി തോന്നുന്നില്ല. അശോക ൻെറ രണ്ടും പതിമൂന്നും ശിലാശാസനങ്ങൾകൊ ണ്ടുതന്നെ കേരളത്തിന്നു ക്രിസ്ത്വാബ്ദത്തിന്നു മുമ്പു മൂ ന്നാം നൂററാണ്ടുവരെ പഴക്കം കൊടുത്തിട്ടുണ്ട്. പാ ണ്ഡ്യരാജാവ് റോമൻ ചക്രവൎത്തിക്ക് അയച്ച ദൂ തിനെപ്പററി 'സ്ട്രാബോ' എന്ന പണ്ഡിതൻ ക്രി സ്ത്വാബ്ദം 20-ാം വൎഷത്തിൽ വിവരിച്ചിരിക്കുന്നു. റോമാരാജ്യത്തുള്ള പത്താക്കു മുതലായ സ്വൎണ്ണനാ ണ്യങ്ങൾ കേരളത്തിൽ പ്രചരിച്ചുംകൊണ്ടു വളരെ ക്കാലം കഴിഞ്ഞിരിക്കുന്നു. അഗസ്റ്റസ് എന്ന റോ മൻ ചക്രവൎത്തിയുടെ ആദ്യകാലം മുതൽ നടപ്പു ണ്ടായിരുന്ന 30 തരം നാണ്യങ്ങൾ തിരുവിതാംകൂർ മഹാരാജാവിൻെറ കൈവശത്തിലുള്ളതായി 'ബി ഷപ് കാൾഡ്വെൽ', പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്ത്വാ ബ്ദം ഒന്നാം നൂററാണ്ടിൽ കേരളത്തിൻെറ തല സ്ഥാനം കൊടുങ്ങല്ലൂരാണെന്നു പ്ലിനിയും, ക്രി- 550-ൽ ബാലദേവപട്ടണവും മരീചി പട്ടണവും കേരളത്തിലെ പ്രധാന പട്ടണങ്ങളാണെന്നു ബൃ ഹത്സംഹിതയിൽ വരാഹമിഹിരനും പറഞ്ഞിരി ക്കുന്നു. 'ഫൊയിനീഷൻസ്' എന്ന പരദേശിക വ്യാപാരികൾ ചന്ദനവും കുരുമുളകും അന്വേഷിച്ച്

ക്രി-മു- ആയിരാമാണ്ടു കേരളത്തിൽ വന്നിരിക്കു
ന്നു. ഇങ്ങിനെ ഇററ്റാസ്ഥെനിസ്, സെൻറ് തോമാ
സ്സ് മുതലായി ഓരോരോ കാലത്തു കേരളത്തിൽ
വന്നിട്ടുള്ളവരുടെ രേഖകൾ പരിശോധിക്കുന്നതാ
യാൽ കേരളത്തിൻെറ പഴക്കം ഊഹിച്ചല്ല കണ്ടു
തന്നെ അറിയാവുന്നതാണ്.

'റവറൻഡ് ടേഗ്'രുടെ അഭിപ്രായത്തിൽ ചു
രുങ്ങിയപക്ഷം കേരളത്തിന്നു നാലായിരത്തിരുന്നൂറു
കൊല്ലത്തെ പഴക്കം തീർച്ചയായും ഉണ്ട്. കേരളീയ
രുടെ പരമ്പരാവിശ്വാസത്തിൽ ഇതുകൊണ്ടൊട്ടു
മതിയാവുന്നതുമല്ല.

## കൊച്ചിരാജ്യത്തിൻെറ ഉൽപ്പത്തി

സഹ്യാദ്രിയുടേയും പശ്ചിമാബ്ധിയുടേയും മദ്ധ്യ
ത്തിൽ കന്യാകുമാരി മുതൽ ഗോകർണ്ണംവരെ തെക്കു
വടക്കു നെടുനീളെ കിടക്കുന്ന ഭൂഖണ്ഡത്തിനാണ്
പൂർവ്വകാലങ്ങളിൽ കേരളമെന്നു പ്രസിദ്ധിയുണ്ടായി
രുന്നത്. ഉത്തരകർണ്ണാടകജില്ലയിലെ ഏതാനും ഭാ
ഗവും ദക്ഷിണകർണ്ണാടകവും ബ്രിട്ടീഷ് മലയാള
വും കൊച്ചിതിരുവിതാംകൂർ സാമന്തരാജ്യങ്ങളും
കേരളഭൂമിയിൽ ഉൾപ്പെട്ടവയായിരുന്നു. കർമ്മഭൂമി

യെന്നും പരശുരാമക്ഷേത്രമെന്നും നാമാന്തരങ്ങളു ള്ള ഈ കേരളരാജ്യത്തിന്റെ ചരിത്രപ്രസിദ്ധി ആ ദികാലങ്ങളിൽതന്നെ ദേശാന്തരങ്ങളിൽ പ്രവേശി ച്ചുതുടങ്ങി. ഇന്ത്യാരാജ്യത്തിൽവെച്ചു കേരളഭൂമി യാണ് ഫിനീഷ്യക്കാരരായ കപ്പൽയാത്രക്കാരുടേ യും കച്ചവടക്കാരുടേയും ദൃഷ്ടിയിൽ ആദ്യം പെട്ടിട്ടു ള്ളത്. ക്രിസ്താബ്ദം 68–ാമത് ജൂദസംഹാരകാല ത്തു സ്വദേശമായ യെരൂസലത്തിൽനിന്നു ഭയാ ക്രാന്തന്മാരായി നാടുവിട്ടുപോന്ന ജൂദന്മാർ (ജൂത ന്മാർ) അഭയം പ്രാപിച്ചിട്ടുള്ളതും കേരളരാജ്യത്താ ണ്. ക്രിസ്ത്യാനികളുടെ ഇടയിൽ സെൻറ് തോ മാസ്സ് എന്നു പേരുകേട്ട ദൈവദൂതൻ സ്വമതപ്ര സ്ഥാപനത്തിന്നായി ഇന്ത്യയിൽ കാലുന്നിയതും കേരളത്തിൽത്തന്നെയാകുന്നു. കൊച്ചിരാജ്യത്തിൽ ചേന്ന തിരുവഞ്ചിക്കുളത്തിന്നു സമീപത്തുള്ള 'മല ങ്കര' എന്ന സ്ഥലത്താണ് സെൻറ് തോമാസ്സ് വ ന്നിറങ്ങീട്ടുള്ളതെന്നുകൂടി ലക്ഷ്യങ്ങളെക്കൊണ്ടു ക്ലിപ്ത പ്പെടുത്തീട്ടുണ്ട്. റോമക്കാർ അവരുടെ കച്ചവടസം ബന്ധമായ യോഗക്ഷേമത്തെ കാത്തുരക്ഷിപ്പാനാ യി മൂന്നാം നൂററാണ്ടിൽ രണ്ടു സൈന്യദളങ്ങൾ ക്കു താവളം കണ്ടതും ഇവിടെത്തന്നെയാകുന്നു. അ റബിക്കച്ചവടക്കാർ മുളകു മുതലായ മലയാളച്ചര

ക്കുകൾക്കു പാശ്ചാത്യവാണിഭങ്ങൾ കൈമാററം ചെയ്യുവാൻ തക്കതായ തരം കണ്ട ദിക്കും ഇതു തന്നെയാകുന്നു. എന്നുവേണ്ട, യൂറോപ്പ് ഖണ്ഡത്തിൽ നിന്നു ഇന്ത്യാരാജ്യത്തുവന്നു താമസിക്കുന്നവരായി നാം ഇപ്പോൾ കാണുന്ന പരിശ്രമശീലന്മാരായ സകലജാതിക്കാരുടേയും പൂർവ്വന്മാർ രാജ്യം കൈകേറുവാനായും കച്ചവടം നടത്തുവാനായും ആദ്യം വന്നിറങ്ങീട്ടുള്ളത് നമ്മുടെ കേരളഭൂമിയിലാകുന്നു. ഇപ്രകാരം ചരിത്രപ്രസിദ്ധങ്ങളായ വിദേശബന്ധങ്ങളെക്കൊണ്ടും സമുദായാചാരവിശേഷങ്ങളെക്കൊണ്ടും കേരളരാജ്യത്തിന്നു സാമാന്യേനയും കൊച്ചിരാജ്യത്തിന്നു പ്രത്യേകിച്ചും അതാതിന്റെ വലിപ്പത്തിന്ന് അടുത്തിട്ടുള്ള പ്രാധാന്യവും പ്രശസ്തിയുമല്ല സിദ്ധിച്ചിട്ടുള്ളത്.

പല ദിക്കിൽനിന്നും പല പരിഷയിലുള്ള ബ്രാഹ്മണരും കേരളത്തിൽ 'പോന്നുവന്നതിന്റെ' ശേഷം ശ്രീപരശുരാമൻ അവരെ പല ദിക്കിലും കല്പിച്ചിരുത്തി പല ദേശത്തും പല സ്ഥാനങ്ങളും കല്പിച്ചുകൊടുക്കുകയും ദേശത്തിൽ ഓരോരൊ ക്ഷേത്രം ചമച്ചു, ക്ഷേത്രമര്യാദ നിയമിക്കുകയും, ദേശത്ത് അടിമയും കുടിമയും ഉണ്ടാക്കി അടിയാരേയും കുടിയാരേയും രക്ഷിച്ചു, തറയും സങ്കേതവും ഉറപ്പിച്ച്, അവകാശത്തിന്നു താഴ്ചയും വീഴ്ചയും വരാതെ

പരിപാലിക്കുകയും, ബ്രാഹ്മണാചാരവും ശൂദ്രമര്യാദയും കല്പിച്ചു നേരും ന്യായവും നടത്തി അറുപത്തിനാലു ഗ്രാമത്തിലുള്ള വേദബ്രാഹ്മണരേയും മററുള്ളവരേയും ആനന്ദിപ്പിക്കുകയും, കേരളപ്രതിഷ്ഠ കഴിച്ചതിൽപിന്നെ ഇനിമേലിൽ ബ്രാഹ്മണർ തങ്ങളിൽ അന്യോന്യം ഓരോരോ കുറുചൊല്ലിയും സ്ഥാനംചൊല്ലിയും വിവാദിച്ചു കർമ്മവൈകല്യം വരുത്തി കർമ്മഭൂമി ക്ഷയിച്ചുപോകരുത് എന്നുകൂടി കല്പിച്ചിട്ടാണ് അദ്ദേഹം അന്തർദ്ധാനം ചെയ്തത് എന്നു വരികിലും, മററു രാജ്യങ്ങളിലെന്നപോലെ കേരളത്തിലും രാജ്യഭരണസമ്പ്രദായത്തിന്നുംസമുദായാചാരത്തിന്നും ഭേദഗതികൾ വരാതിരുന്നിട്ടില്ല.

കേരളരാജ്യം പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തൊഴികെ ഒരു കാലത്തും ഒരു രാജാവിൻേറയോ അധിപതിയുടേയോ, സ്വയാധികാരത്തിൽ ഉണ്ടായിട്ടില്ല. ആദ്യകാലങ്ങളിൽ തറകളെന്നും നാട്ടുകളെന്നും അവാന്തരവിഭാഗങ്ങളോടുകൂടിയ അറുപത്തിനാലു ഗ്രാമങ്ങൾ ഓരോ കൂട്ടമായിത്തിരിഞ്ഞ് അതാതു കൂട്ടത്തിലേക്ക് ഓരോ തലയാതിരിയെ മുമ്മൂന്നു കൊല്ലം വാഴത്തക്കവണ്ണം നിയമിക്കുകയായിരുന്നു പതിവ്. തലയാതിരിയെ തിരഞ്ഞെടുക്കുവാനുള്ള അവകാശം 64 ഗ്രാമങ്ങളിൽ

നിന്നും തല്ക്കാലം നിശ്ചയിക്കപ്പെട്ട ചില പ്രത്യേക അധികാരികൾക്കുമായിരുന്നു. 64 ഗ്രാമങ്ങളിൽകൂടി പെരിഞ്ചെല്ലൂർ, പയ്യന്നൂർ, പറപ്പൂർ, ചെങ്ങനിയൂർ, ഇങ്ങിനെ 4 കഴകങ്ങളാണ് (കൂട്ടവിഭാഗങ്ങൾ) ഉണ്ടായിരുന്നത്. ഈ കഴകങ്ങളിൽ ചേൎന്ന പലരും വളരെക്കാലം രാജ്യം പരിപാലിച്ചതിൻെറശേഷം കാലക്രമത്താൽ നാട്ടിൽ ശിക്ഷാരക്ഷ കുറയുകയും സ്വാൎത്ഥം വൎദ്ധിക്കുകയും ചെയ്യുകനിമിത്തം ഛിദ്രങ്ങൾ തുടങ്ങി. അതിനെ പരിഹരിപ്പാൻ ബ്രാഹ്മണർ എല്ലാവരും ഒരുമിച്ചു തിരുനാവായ മണപ്പുറത്തുവെച്ചു യോഗംകൂടി പരദേശത്തുനിന്നും പെരുമാക്കന്മാരെ കൊണ്ടുവന്നു പന്തീരാണ്ടു കാലംവീതം കേരളത്തിൽ ഏകച്ഛത്രാധിപതിയായി വാഴിക്കുവാൻ തീൎച്ചപ്പെടുത്തി. ഈ നിശ്ചയത്തെ അനുസരിച്ച് ഏകദേശം ക്രിസ്ത്വാബ്ദം 216 (ഭൂമൌഭൂപോയംപ്രാപ) മുതൽ 385 (ഷോഡശാംഗംസുരാജ്യം *) വരെ ചോഴമണ്ഡലത്തിൽനിന്നും ചേരരാജ്യങ്ങളിൽനിന്നും ഇരുപത്തഞ്ചു പെരുമാക്കന്മാരോളം കേരളം വാണിട്ടുണ്ട്. ഇവരിൽ പ

* ഒടുവിലത്തെ ചേരമാൻ പെരുമാളുടെ വാഴ്ചയെപ്പറ്റി താഴെ പറയുംപ്രകാരമുള്ള കലിസംഖ്യകളും കാണ്മാനുണ്ട്. ഹ-ളരുധീസമംശ്രയ (34- A D) ചേരമാൻ ദേശംപ്രാപ (340 A D) ചേരോസ്സുഭ്രസാംപ്രാപ (382 A D).

ലരും പല കാരണങ്ങളാൽ പന്തീരാണ്ടിൽ ഏറി യും കുറഞ്ഞും പരശുരാമക്ഷേത്രം പരിപാലിച്ചിട്ട്, അതിൽ കടുവിലെ ആളായ ഭാസ്കരരവിവർമ്മനെ ന്ന ചേരമാൻ പെരുമാൾ ഏകദേശം 37 കൊല്ല ത്തോളം രാജ്യഭാരം വഹിച്ചതിന്റെ ശേഷം കേര ളരാജ്യം പതിനാറ് അംശങ്ങളാക്കി ഭാഗിച്ചു മരു മക്കൾക്കും മക്കൾക്കും മററു വേണ്ടത്തക്ക ആളുകൾ ക്കുമായി കൊടുത്ത കൂട്ടത്തിൽ പ്രധാനപ്പെട്ടവയാ യിരുന്നു പെരുമ്പടപ്പ്, തൃപ്പാപ്പിയൂര്, നെടുവിരു പ്പ് എന്നീ മൂന്നു സ്വരൂപങ്ങൾക്കു ചേൎന്ന രാജ്യ ങ്ങൾ. ഇപ്രകാരമാണ് പെരുമ്പടപ്പ് രാജ്യത്തി ന്റെ അതായത് ഇപ്പഴത്തെ കൊച്ചിരാജ്യത്തി ന്റെ ഉല്പത്തി.

## കൊച്ചിയും കോഴിക്കോടും

ചേരപ്പെരുമാക്കന്മാരിൽ കടുവിലത്തെ ആളാ യ ഭാസ്കരരവിവർമ്മനെന്ന ചേരമാൻ പെരുമാൾ രാ ജ്യത്തുനിന്നും ഒഴിഞ്ഞതിന്റെ ശേഷം നാടുവാഴി രാജാക്കന്മാരും എടപ്രഭുക്കന്മാരും സ്വരൂപികളും

തമ്മിൽ അധികാരമോഹംകൊണ്ടു സ്വല്പ മുഴത്ത് അന്യോന്യം ഛിദ്രം തുടങ്ങുക കാരണം കേരളത്തിലെങ്ങും സമാധാനമില്ലാതായി.

ഇവരിൽ പിൻബലം കൂടാതെ തനിച്ച് തന്റെ ശത്രുക്കളോട് എതിൎക്കുവാൻ ശക്തിയില്ലാത്തവർ സ്ഥാനമാനംകൊണ്ടും സമ്പത്തുകൊണ്ടും കരബലംകൊണ്ടും പ്രബലന്മാരായ തൃപ്പാപ്പിയൂർ സ്വരൂപം, നെടുവിരുപ്പ് സ്വരൂപം, പെരുമ്പടപ്പ് സ്വരൂപം എന്നീ മൂന്നു സ്വരൂപങ്ങളിലുള്ള രാജാക്കന്മാരിൽ ആരെ എങ്കിലും ആശ്രയിച്ച് ജയപ്രാപ്തി വരുന്നസമയം കിട്ടുന്നതിലോർഹരി സഹായിച്ചതിന്നു പ്രതിഫലമായി കൊടുത്തുവന്നിരുന്നു. ഈ പ്രതിഫലത്തിലുള്ള പ്രതിപത്തി പ്രധാനപ്പെട്ട മൂന്നു സ്വരൂപവും തമ്മിൽ പല ഏറ്റങ്ങൾക്കും കാരണമായിത്തീൎന്നു.

ഇതിൽ കൊച്ചിസ്വരൂപമായ പെരുമ്പടപ്പു സ്വരൂപവും കോഴിക്കോട്ടുസ്വരൂപമായ നെടുവിരുപ്പുസ്വരൂപവും അന്യന്മാരെ സഹായിക്കുക എന്നില വിട്ടു പരസ്പരം ബദ്ധവൈരികളായി എതിൎക്കുവാൻ തുടങ്ങി. ഇവർ തമ്മിലുള്ള തിരക്ക് എന്നുമുതൽക്കാണ് തുടങ്ങിയതെന്നു നല്ല നിശ്ചയമില്ല. ടിപ്പുസുൽത്താന്റെ കലാപം കഴിഞ്ഞു ബ്രിട്ടീഷ്

ഗവൎമ്മെണ്ടിന്റെ മേലധികാരം തുടങ്ങുന്നതുവരെ അതു കാൎയ്യമായിട്ട നിലനിന്നിട്ടുണ്ടെന്നു തന്നെ പറയാം.

അറുനൂറെറഴപത്തഞ്ചാമാണ്ടു ധനുമാസത്തിൻ കേബരാ'ലെന്ന പറങ്കിയും (പോൎട്ടുഗീസ്) ആൾക്കാരും ചാലിയത്തു കോട്ടയിൽനിന്നും ഒഴിഞ്ഞു കൊച്ചിക്കുവന്നു വലിയ തമ്പുരാനെ കാണുകയും അദ്ദേഹം അവരെ വഴിപോലെ സ്വീകരിച്ചു കൊച്ചി അഴി തെക്കേക്കരെ' കോട്ടയ്ക്കു നിലം കൊടുത്തു രക്ഷിക്കയും ചെയ്തു. ഇങ്ങിനെ രക്ഷിക്കുവാനുള്ള കാരണം പല തവണയും കൊച്ചിരാജാവിനു വിരോധമായിട്ട നിന്നിട്ടുള്ള മാപ്പിളമാരായിട്ട സാമൂതിരി ചെയ്ത സഖ്യത്തിന്നു പകരമായി തനിക്കും സഹായികളെ കരുതുവാൻവേണ്ടിയാണെന്നാണ് പറയുന്നത്.

അറുനൂറെറഴപത്താറിൽ നൂറെറണ്ണൂറു കപ്പൽ പട്ടാളത്തോടുകൂടി സാമൂതിരി കൊച്ചിയിൽ വന്നു പറങ്കികളോടു നേരിട്ടു. കബരാൽ സാമൂതിരിയുടെ സൈന്യത്തെ മടക്കി ഓടിച്ചുകൊണ്ടു കോഴിക്കോട് അഴിവരെ ചെന്നു തിരിച്ചു കൊച്ചിക്കു വന്നതും ഇല്ല.

അതിന്റെ ശേഷം അറുനൂറെറഴപത്തേഴ ധനുവിൽ കബരാലിനു പകരം ഡിഗാമ എന്ന പറങ്കിനായകൻ പോയ തരം കണ്ടു കൊച്ചിരാജ്യ

ത്തെ ആക്രമിക്കുവാൻ അവസരം കാത്തു നില്ക്കു മ്പോൾ എളങ്ങല്ലൂർ സ്വരൂപത്തിനാണ് (ഇടപ്പി ള്ളി രാജവംശം) കൊച്ചി മുതലായ്മയുള്ളതെന്ന ത ർക്കം തുടങ്ങി. തൻെറ വിരോധിയായ പറങ്കിയോ ടു ചേൎന്ന കൊച്ചിരാജാവിനോട് താൻ ചേരുന്ന തല്ലെന്നും പറഞ്ഞു സാമൂരി എളങ്ങല്ലൂർ സ്വരൂപ ത്തെ സഹായിക്കുവാൻ നിശ്ചയിച്ചു. കൊച്ചിരാ ജാവു തന്നെ ശരണം പ്രാപിച്ചവരെ കാരണം കൂ ടാതെ ഉപേക്ഷിക്കുന്നതല്ലെന്നും പറഞ്ഞു. കൊച്ചി രാജ്യത്തെ പ്രഭുക്കന്മാരിൽ പലരും രാജാവിനോടു മറുനാട്ടുകാരെ താങ്ങുന്നതു നന്നല്ലെന്നും നമ്പിയാ തിരി സാമൂരിയോട് അനാവശ്യമായ കാൎയ്യത്തിൽ ഇടപെടുന്നത് അവിവേകമാണെന്നും പല തവ ണയും പറഞ്ഞതിനെ ഇരുഭാഗത്തുനിന്നും കൈ ക്കൊള്ളാതെ യുദ്ധത്തിന്നൊരുങ്ങി.

പൊന്നാനിയിൽവെച്ച് അമ്പതിനായിരം നായർപട്ടാളത്തെ ശേഖരിച്ചു കൊച്ചിയിൽനിന്നും തെററിപ്പോന്ന പ്രഭുക്കന്മാരോടും അവരുടെ ആൾ ക്കാരോടുംകൂടി കൊച്ചിരാജ്യത്തു കടന്നു കൊടുങ്ങ ല്ലൂർതോടു കടക്കുവാൻ ശ്രമിക്കുകയും അവിടെവെ ച്ചു മരുമകൻ തമ്പുരാൻെറ * ൫൦൦, പടയാളിക

---

* ഡെസായു 'നരമഹ'നെന്നും ലോഗൻ സായ്പു 'നാരാ യൻ' എന്നും പറയുന്നു.

ള്ളൊത്തുങ്ങിയ സൈന്യത്തോട് ഏററു തോൽക്കു കയും ചെയ്തു. പിന്നെ ഉപായംകൊണ്ടു കാൎയ്യം നേടുവാനാലോചിച്ചു കൊച്ചി ഖജനാമുതൽപിടിക്കു കോഴകൊടുത്ത് അയാളുടെ ഒററിന്മേൽ ശമ്പളം കൊടുക്കുവാനെന്നും വെച്ച് ഏതാനും ആളുകളെ മരുമകൻതമ്പുരാൻെറ സൈന്യത്തിൽനിന്നു വേർ പെടുത്തി. ആ സമയം നോക്കി സാമൂരി വീണ്ടും കൊച്ചിത്തമ്പുരാനോടു നേരിട്ട് അദ്ദേഹത്തിനേയും ആളുകളേയും തോല്പിച്ചു. ഈ യുദ്ധത്തിൽവെച്ചുതന്നെയാണ് മരുമകൻതമ്പുരാനേയും പിന്നെ രണ്ടു തമ്പുരാക്കന്മാരേയും കലപ്പെടുത്തിയതെന്നും ഇതു കേട്ടു കൊച്ചി വലിയതമ്പുരാൻ മോഹാലസ്യമായി വീണു എന്നും, അതല്ല പള്ളിവിരുത്തിയിൽവെച്ചുണ്ടായ 'ക്ഷേത്രത്രയീഹതാര്യ്യ' എന്ന കലിദിവസത്തിലെ യുദ്ധത്തിൽ മൂന്നു തമ്പുരാക്കന്മാരും വെട്ടി മരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും പക്ഷഭേദങ്ങളുണ്ട്. എങ്ങിനെയായാലും നെടുവിരുപ്പ് സ്വരൂപത്തിങ്കലുള്ള ആളുകൾ ഇടപ്പള്ളിയിൽകൂടി കൊച്ചിക്കരയ്ക്കു കടന്നു പള്ളിവിരുത്തിയിൽ ചെന്ന് അവിടെവെച്ച് ഒരു യുദ്ധം നടന്നിട്ടുള്ളതായിട്ടും അതിൽ കൊച്ചിയിൽ വലിയ തമ്പുരാന് മുറി ഏററിട്ടുള്ളതായിട്ടും പിന്നീടു വളരെത്താമസം കൂടാതെ സാമൂരിക്കു കൊച്ചിരാജ്യം വിട്ടു പോകേണ്ടിവന്നിട്ടു

ള്ളതായിട്ടും അറിവുണ്ട്. തിരിച്ചുപോകുവാനുള്ള കാരണത്തെപ്പറ്റി രണ്ടുവിധം പറഞ്ഞുവരുന്നുണ്ട്.

പള്ളിവിരുത്തിയിൽവെച്ചുണ്ടായ യുദ്ധത്തിൽ മൂന്നു തമ്പുരാക്കന്മാർ വെട്ടിമരിച്ചതിന്റെ ശേഷം ആ ശവം കാണ്മാൻ നെടുവിരുപ്പ് സ്വരൂപത്തിങ്കൽ രാജാവും വെട്ടത്തു രാജാവുംകൂടി കൈകോത്തു പിടിച്ചു ചെന്നു ശവം കണ്ടപ്പോൾ മൂന്നു ശവവും കമൎന്നു കിടന്നിരുന്നതുകൊണ്ടു 'ക്ഷേത്രിയന്നു ഭൂമിക്കുള്ള മോഹം ഇനിയും തീൎന്നിട്ടില്ല' എന്നും പറഞ്ഞു ശവം നെടുവിരുപ്പ് സ്വരൂപത്തിങ്കൽ രാജാവു പുറങ്കാൽകൊണ്ടു തട്ടി. അതുകണ്ട് 'ഞങ്ങളുടെ ശവം നിങ്ങൾ തൊട്ടുകൂട' എന്നും 'ഇങ്ങിനെയുള്ള ഏററങ്ങൾ ചെയ്യരുത്' എന്നും പറഞ്ഞു വെട്ടത്തു രാജാവു വാളൂരി സാമൂരിയുടെ കാലും വെട്ടി. അതിന്റെ ശേഷം വെട്ടത്തു നാട്ടുകാരും പെരുമ്പടപ്പുകാരും അതിനും പുറമെ ചൊവ്വരംകൂറരിൽ പെട്ട ആളുകളും എല്ലാവരുംകൂടി സാമൂരിയുടെ ചേരിയിൽനിന്നും തിരിഞ്ഞു പടപൊരുതി നെടുവിരുപ്പ് സ്വരൂപത്തെ മടക്കി അയച്ചു എന്നും—വലിയ തമ്പുരാന്നു മുറി ഏററതിന്റെ ശേഷം തമ്പുരാനും ആളുകളും, കുഞ്ഞുകുട്ടിപരാധീനത്തോടും ചട്ടികലങ്ങളോടുംകൂടി പറങ്കികളും വൈപ്പിലേക്ക് കഴിഞ്ഞു താമസിച്ചു. വൎഷകാലം വന്നപ്പോൾ കൊ

ച്ചിക്ക കൊള്ളിവെച്ചു കൊള്ള ഇടുവാൻ പറഞ്ഞു സാമൂരി കൊടുങ്ങല്ലൂൎക്ക മടങ്ങി. അപ്പോഴഴ്ക്കും ആൽബിക്കക്ക് എന്ന പറങ്കി കൊച്ചിയിൽ എത്തി വിവരം അറിഞ്ഞ ഉടനേതന്നെ ആൾശ്ശേഖരത്തോടുകൂടി നെടുവിരുപ്പ് സ്വരൂപത്തിങ്കലെ ആളുകളെ തോല്പിച്ചോടിച്ച് ഇടപ്പിള്ളിയും പിടിച്ചു കൊച്ചിരാജാവിനെ രാജ്യത്തു വാഴിക്കുകയും ചെയ്തു എന്നും—ഇങ്ങിനെ രണ്ടുവിധം കാണുന്നുണ്ട്. ഇതിൽ വാസ്തവമേതാണെന്ന് ഇപ്പോഠം തീൎച്ച പറവാൻ പാടുള്ളതല്ല.

അറുന്നൂററിത്തൊണ്ണൂററാറിൽ ഒരു യുദ്ധം നടന്നിട്ടുണ്ട്. ഇതിന്റെ കാരണത്തെപ്പററിയും അവസാനത്തെപ്പററിയും പല അഭിപ്രായവും ഉണ്ട്.

അന്നത്തെ പറങ്കിക്കപ്പിത്താൻ നാട്ടിലേക്ക പോയപ്പോഠം പറങ്കികളുടെ സഹായം തല്ക്കാലം കൊച്ചിരാജാവിന് ഉണ്ടാവില്ലെന്നുകരുതി നെടുവിരുപ്പ് സ്വരൂപത്തിങ്കൽനിന്നും എററംചെയ്തതാണെന്നും അതല്ല കീഴിൽ തനിക്ക പററീട്ടുള്ള തോൽമകളെ ഓൎത്ത് ആ അപമാനം തീൎക്കുവാൻ അന്ന്യസഹായം കൂടാതെ നെടുവിരുപ്പ് സ്വരൂപത്തെ തോല്പിക്കണമെന്നു കരുതി പെരുമ്പടപ്പ് സ്വരൂപത്തിങ്കൽനിന്നും കാരണംകൂടാതെ എററംചെയ്തതാണെന്നും സാമൂരിയാണ് തോററതെന്നും, അങ്ങിനെയ

ല്ല ഘ്നന്മാരായ പറങ്കികളുടെ നേരെയുള്ള ശണ്ഠ കൊണ്ടു പ്രധാനികളായ ചില നമ്പൂരാർ സാമൂരി ജയിച്ചാൽ പറങ്കികൾ നാടുവിട്ടുപോകുമെന്നു വിചാരിച്ചു കൊച്ചിരാജാവിന്റെ ആളുകളെ ദുഷ്പ്രേരണചെയ്തു തിരിച്ചു സാമൂരിയുടെ പക്ഷത്തിലാക്കി കൊച്ചിരാജാവിനെ തോല്പിക്കുകയാണ് ചെയ്തതെന്നും പല പ്രകാരം പറയുന്നുണ്ട്.

"പോറങ്കിയുടെ സഹായമില്ലാത്തപ്പോൾ നെടുവിരിപ്പുസ്വരൂപത്തിങ്കൽനിന്ന് എളുത്തു" എന്നു പലപ്പോഴും അടിസ്ഥാനമില്ലാതെയും പറഞ്ഞുകാണുന്നതുകൊണ്ടും കൊച്ചിരാജാവു പറങ്കികളെ രക്ഷിച്ചതിൽ നാട്ടുകാരിൽ പ്രബലന്മാരായ പലക്കും അന്ന് ഏററവും അതൃപ്തി ഉണ്ടായിരുന്നുവെന്നു പല സംഗതികളെക്കൊണ്ടും ഊഹിയ്ക്കാവുന്നതുകൊണ്ടും, സാമൂരിക്കു ഗുണമായിട്ടു പറഞ്ഞുവരുന്ന പക്ഷമാണ് അധികം വാസ്തവമായിരിക്കുവാൻ വഴി.

എന്നാൽ ഒരു കൊല്ലത്തിൽ തന്നെ രണ്ടു യുദ്ധം നടന്നിട്ടുണ്ടെന്നും അതിൽ ഓരോന്നിനെപ്പററിയാണ് ഓരോ പക്ഷക്കാർ പറയുന്നതെന്നും വന്നാൽ രണ്ടു ഭാഗക്കാർ പറയുന്നതും വാസ്തവമായിട്ടുള്ളതാണെന്നു വരേണ്ടാം.

പക്ഷെ യുദ്ധം നടന്ന മാസവും തിയ്യതിയും

അറിവില്ലാത്തതുകൊണ്ട് അതു തീച്ച പറവാൻ പാടുള്ളതല്ല.

൯൪൰-ൽ ഒരു യുദ്ധം ഉണ്ടായിട്ടുള്ളതായിട്ടും കബരാല് തിരിയെ വന്നു കൊച്ചിരാജാവിനെ സഹായിക്കുവാൻ ഭാവിച്ചപ്പോൾ യുദ്ധം നിൎത്തിയതായിട്ടും കേട്ടിട്ടുണ്ട്. ഈ യുദ്ധം കഴിഞ്ഞതിന്റെ ശേഷം വളരെ കാലത്തേക്കു രണ്ടു സ്വരൂപവും തമ്മിലുണ്ടായിട്ടുള്ള എടവാടുകളെപ്പററി വിവരമായ അറിവൊന്നും ഇപ്പോളില്ല.

൬൭൰ാമാണ്ടു മുതൽ ൯൪൰ാമാണ്ടുവരെ നെടുവിരുപ്പുസ്വരൂപവും പെരുമ്പടപ്പുസ്വരൂപവും തമ്മിൽ ഉണ്ടായിട്ടുള്ള എടവാടുകളെപ്പററി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിന്റെ ശേഷം കേൾവിവഴിയായിട്ടും ലക്ഷ്യം മൂലമായിട്ടും ഈ വിഷയത്തെപ്പററി തൽക്കാലം അറിവുള്ളത് ൧൧൯൰ മുതൽക്കാണ്. ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി എഴുതുമ്പോൾ ചില ദിക്കുകളിൽ ലക്ഷ്യപ്രകാരമുള്ള പഴയ ഭാഷാരീതിയെ അനുകരിക്കുന്നതായാൽ വായനക്കാൎക്കു രുചികരമായിരിക്കുമെന്നും അപ്രസിദ്ധപദങ്ങൾ ഉപയോഗിക്കേണ്ടിവരുമ്പോൾ, അവയുടെ അൎത്ഥം, അതാതു വാക്കുകളുടെ അടുത്തുതന്നെ 'ആവരണചിഹ്ന'ത്തിലോ, അല്ലെങ്കിൽ ഭാഗാവസാ

നത്തിലോ സ്പഷ്ടമായിട്ട കൊടുക്കുന്നതായാൽ മതിയാവുന്നതാണെന്നും വിശ്വസിച്ച് അപ്രകാരമാണ് കീഴിൽ ചെയ്തിട്ടുള്ളത്.

ചേരമാൻ പെരുമാളുടെ മരുമക്കളായിട്ട് അഞ്ചു 'പെൺവഴിത്തമ്പുരാക്കന്മാർ'(തമ്പുരാട്ടികൾ) ഉണ്ടായിരുന്നു. ഇവരാകുന്നു പെരുമ്പടപ്പുസ്വരൂപത്തിന്റെ മൂലം. ഇവരിൽ എളയ തമ്പുരാട്ടിയ്ക്കു് അല്ലാതെ മറ്റു നാലുപേർക്കും 'ആൺവഴിതമ്പുരാക്കന്മാർ' ഉണ്ടായിരുന്നില്ല. ഈ എളയ അമ്മതമ്പുരാട്ടിയുടെ ഭർത്താവു പെരുമ്പടപ്പിൽ നമ്പൂരിയായിരുന്നു. ഇദ്ദേഹത്തിന്റെ ഇല്ലത്തു സന്തതി ഇല്ലാതെ വരികയും അതുകാരണം അദ്ദേഹത്തിന്റെ തറവാട്ട സ്വത്തു കൊച്ചി സ്വരൂപത്തിലേക്ക് ഒതുങ്ങുകയും ചെയ്തതുകൊണ്ടാണ് കൊച്ചി രാജവംശത്തിനു 'പെരുമ്പടപ്പു സ്വരൂപ'മെന്നു പേരു സിദ്ധിച്ചത്.

എളമ്മതമ്പുരാട്ടിക്കു മാത്രമേ പുരുഷസന്താനമുണ്ടായിരുന്നുള്ളുവെന്നു മുമ്പേ പറഞ്ഞുവല്ലോ. അതു കാരണം കൊച്ചി രാജവാഴ്ച എളയതാവഴിക്കായിത്തീർന്നു. അങ്ങിനെ കുറെക്കാലം കഴിഞ്ഞപ്പോൾ മറ്റു നാലു താവഴിയിലും ആൺവഴിത്തമ്പുരാക്കന്മാരുണ്ടായി. എന്നിട്ട് എളയ താവഴിക്കാ

രായിട്ടു ഭരണം തുടങ്ങിയതുകൊണ്ടു്, അഞ്ചു താവഴിക്കാൎക്കും വന്നേരിയിൽ പ്രത്യേകം പ്രത്യേകം കോവിലകങ്ങളും പണി തീൎപ്പിച്ചു കൊടുക്കുകയും, നിത്യച്ചിലവിന്നു വസ്തു തിരിച്ചുവെക്കുകയും ചെയ്തു. അഞ്ചു താവഴിയിലും മൂപ്പുവരുന്ന തമ്പുരാനാണു് പെരുമ്പടപ്പിൽ വലിയതമ്പുരാനെന്നും തീൎച്ചപ്പെടുത്തി. ഇങ്ങിനെയെല്ലാം ഏൎപ്പാടു ചെയ്തതു് നാട്ടുകാരിൽ പ്രധാനികളായ ചിലരാണെന്നുതന്നെ ഊഹിക്കണം.

വന്നേരിയിൽ ഉണ്ടായിരുന്ന കോവിലകങ്ങളെ ‘മൂത്തതാവഴി’ കോവിലകമെന്നും ‘എളയ താവഴി’ കോവിലകമെന്നും, ‘മുറിങ്ങൂർ’ കോവിലകമെന്നും, ‘ചാഴിയൂർ’ കോവിലകമെന്നും ‘പള്ളിവിരുത്തി’ കോവിലകമെന്നും വിളിച്ചുവന്നിരുന്നു.

കാലക്രമംകൊണ്ടു് എളയതാവഴിയിൽ സന്തതി മറ്റു താവഴികളിലേക്കാളും അധികം വൎദ്ധിച്ചുവരികയും, മാടത്തുംകീഴു് സ്വരൂപം, വല്ലിയാർ പാടത്തുസ്വരൂപം, കത്രുസ്വരൂപം എന്നിങ്ങിനെയുള്ള സ്വരൂപങ്ങളിലേക്കു് എളയ താവഴിൽ നിന്നു ദത്തുപോകുകയും, അതുമൂലം എളയ താവഴിക്കു ബന്ധുബലം വൎദ്ധിച്ചുവരികയും ചെയ്തു. ഇങ്ങിനെയുള്ള ബന്ധുക്കളുടെ സഹായത്താൽ ആദ്യകാലങ്ങളിലെപ്പോലെ രാജവാഴ്ച എളയ താവഴിക്കു മാത്രമായിട്ടു കലാശിച്ചു. എന്നാൽ ‘പെരുമ്പടപ്പിൽ

മൂപ്പിന്നു് എന്ന സ്ഥാനം അഞ്ചു താവഴിയിലും കൂടി കാരണവനായിട്ടുള്ള ആൾക്കു തന്നെയായിരുന്നു.

അങ്ങിനെ കുറേക്കാലം ചെന്നപ്പോൾ എളയതാവഴി ക്രമത്തിൽ ക്ഷയിച്ചുവരികയും, ഒടുവിൽ ഒരു തമ്പുരാട്ടി ഒഴികെ ആ താവഴിയിലുള്ള മറെറല്ലാവരും മരിയ്ക്കുകയും ചെയ്തു. എന്നിട്ടു് മൂത്തതാവഴിയിൽനിന്നും, പള്ളിവിരുത്തിത്താവഴിയിൽനിന്നും ഓരോരുത്തരെ ദത്തെടുത്തു. ഇവരിൽ ഒരാൾ രാജ്യഭ്രഷ്ടനാവുകയും മറേറ ആൾ മരിക്കുകയും ചെയ്തതിന്റെ ശേഷം ചാഴിയൂരുനിന്നും ദത്തെടുത്തു. അക്കാലത്തു തന്നെ വെട്ടത്തു രാജാക്കന്മാർ പള്ളിവിരുത്തി യുദ്ധത്തിൽ കൊച്ചിരാജാവിനെ സഹായിച്ച അവസ്ഥയും അവരുടെ ശക്തിയും ആലോചിച്ചു് അവിടെനിന്നും അഞ്ചു രാജാക്കന്മാരെ ദത്തെടുത്തു. ഈ ദത്തുകളെപ്പററി തീർച്ചപ്പെടുത്തുവാനുള്ള അവകാശം ആർക്കാണെന്നും, ആരു മുഖാന്തിരമാണു് അതു നടത്തിച്ചിട്ടുള്ളതെന്നും ഇപ്പോൾ കൈവശം വന്നിട്ടുള്ള ലക്ഷ്യങ്ങളെക്കൊണ്ടു വിശദമാകുന്നില്ല. ഇതിൽ വെട്ടത്തു രാജാക്കന്മാർക്കു പറങ്കികളുടെ ഒറവുണ്ടായിരുന്നുവെന്നു തീർച്ചയാണു്. എന്തെന്നാൽ വെട്ടത്തു രാജാക്കന്മാരും പറങ്കികളും കൂടി ഒരു നിലയായി രാജ്യം രക്ഷിക്കുകയും, അ

ട്ടത്ത അവകാശികളായ ചാഴിയൂരെ ഒത്തിലുള്ള രാജാക്കന്മാർ ‘രാജ്യം പിഴകി’ (രാജ്യഭ്രഷ്ടന്മാരായി) നടക്കുകയും ചെയ്തിരുന്നു.

എന്നിട്ട് ചാഴിയൂർ താവഴിയിലെ വീരകേരള തമ്പുരാൻ കൊളമ്പിൽ പോയി ലന്ത[1]ക്കമ്പനി അമരാലെ[2]ക്കണ്ടു ഗുണദോഷമൊക്കെയും പറഞ്ഞ് ‘ഉടംപിടിയും ചെയ്തു’ (ഉടമ്പിടി ചെയ്തു). അന്നത്തെ ലന്തക്കമ്പനി അമരാൽ ‘റൈക്ലോസ് വൻഗൊൻസ്’[3] എന്നാളായിരുന്നു. അയാൾ കടൽവഴിയും പുറപ്പെടത്തക്കവണ്ണം നിശ്ചയിച്ചു. വെട്ടത്തുരാജാക്കന്മാരുടെ നേരെയുള്ള ശണ്ഠകൊണ്ടു നെടുവിരുപ്പുസ്വരൂപം ചാഴിയൂർ താവഴിക്കാരെ സഹായിപ്പാനും തീർച്ചയാക്കി. അതുപ്രകാരം നെടുവിരുപ്പുസ്വരൂപം, തെക്കുംകൂറ് വടക്കുംകൂറ് ഇവരോടുംകൂടി കരവഴിയും, അമരാൽ കടൽവഴിക്കും പുറപ്പെട്ടു. ൮൩൭-ാമതു കുംഭമാസത്തിൽ പള്ളിപ്പുറത്തെത്തി. അവിടെ വെട്ടത്തുരാജാക്കന്മാരുടെ സഹായികളായ പറങ്കികൾ ഇട്ടിരുന്ന കോട്ടപിടിച്ചു തൽക്കാലം തിരിയെ പോകയും ചെയ്തു. ൮൩൮-ാമതു മകരമാസത്തിൽ അമരാലും ആളുകളും പിന്നെയും വന്നു മകരമാസം ൨൦-ാംനു ഞായറാഴ്ച ഉച്ചയ്ക്കു കൊടുങ്ങല്ലൂർ കോട്ടയും പിടിച്ചു. അവി

1. Dutch Company, 2. Admiral, 2. Van Goens.

ടെനിന്നും ശനിയാഴ്ച അവർ കൊച്ചിയ്ക്കു പുറപ്പെട്ട് ഏഴാംനാൾ ആയില്യവും പ്രതിപദവും വെള്ളിയാഴ്ചയും ചേൎന്നദിവസം അവിടെ എത്തി വെട്ടത്തു രാജാക്കന്മാരായിട്ടു പടതുടങ്ങി. ആ യുദ്ധത്തിൽ വെട്ടത്തു രാജാക്കന്മാരിൽ മൂന്നുപേർ മുറിയേററു മരിച്ചു. അതിൽതന്നെ പാലിയത്തച്ചൻ മങ്ങാട്ടച്ചൻ മുതലായ അച്ചൻമാരും കാൎയ്യക്കാരന്മാരും പിന്നെ വേറെ വളരെ ആളുകളും മരിച്ചുപോയി. അന്നു വെട്ടത്തു രാജാവിൻെറ പ്രധാന കാൎയ്യക്കാരന്മാർ രാഘവൻകോവിലും മൂരിയതിട്ട രണ്ടു നമ്പൂരിമാരും ആയിരുന്നു. ഇതിൽ നമ്പൂരിമാരു രണ്ടുപേരേയും വിലങ്ങിട്ടു കപ്പലേററി. രാഘവൻകോവിൽ മുറിപ്പെററു ഒളിച്ചുപോകയും വെട്ടത്തു ഗോദവൎമ്മരാജാവ് എറണാകുളത്തേയ്ക്കു പിൻവാങ്ങുകയും ചെയ്തു.

കൊച്ചിക്കോവിലകത്തെപ്പടയും കഴിഞ്ഞ് എറണാകുളത്തേയ്ക്കു കടക്കത്തക്കവണ്ണം നിശ്ചയിച്ചു ലന്തക്കമ്പനിയുടെ പുരുഷാരം പുറപ്പെട്ടപ്പോൾ ചെമ്പകശ്ശേരി സൈന്യവും പറങ്കികളും വെട്ടത്തുരാജാവിൻെറ സഹായത്തിന് എത്തി എന്ന് കേട്ടതുകൊണ്ട് എറണാകുളത്ത് അടക്കാതെ തിരിയെ കൊച്ചിയ്ക്കുതന്നേ പോന്നു. അവിടെയുള്ള പറങ്കിക്കോട്ടയ്ക്കു നേരെ ചെന്നു വെടിവെച്ചതിൻെറ ശേ

ഷം ജയം വരായ്കകൊണ്ടും വർഷകാലം അടുത്തു കൊണ്ടും, താമസിയാതെ തിരികെ വന്നുകൊള്ളാമെന്നു വീരകേരളതമ്പുരാനോടു വാഗ്ദത്തംചെയ്തു അമരാൽ കൊളമ്പിലേയ്ക്കു പോയി. എണ്ണൂററിമുപ്പത്തെട്ടാമതിൽ അമരാലും പുരുഷോരവും വരുവാൻ താമസിച്ചതുകൊണ്ടു വീരകേരളതമ്പുരാൻ പിന്നെയും കൊളമ്പിലേയ്ക്കു പോയി അവരെ പുറപ്പെടുവിച്ചു. ആ തമ്പുരാൻ പോരുംവഴി കപ്പലിൽ വെച്ചുതന്നെ തീപ്പെട്ടു.

കപ്പൽ കൊച്ചിയിൽ അടുത്തതിന്റെ ശേഷം കൊച്ചിയിൽ കോവിലകത്തു അഞ്ചേരി മഠത്തിൽ ശവസംസ്കാരവുംകഴിച്ചു. അന്ന് എഴുന്നാള്ളത്തൊരുമിച്ചു പാലിയത്ത് കോമ്പി അച്ചനും ചാഴിയൂർ താവഴിയിൽനിന്നു മൂത്തിൽ പെടാതെകണ്ടുള്ള ഒരാളും ഉണ്ടായിരുന്നു. ഇദ്ദേഹമാണ് ശേഷക്രിയയെല്ലാം ചെയ്തത്.

അതിന്റെ ശേഷം അമരാലും പുരുഷോരവും ശേഷമുള്ള രാജാക്കന്മാരും ആളുകളും കൂടി കൊച്ചിയിലുള്ള പറങ്കിക്കോട്ടയും പിടിച്ചു. എന്നിട്ടു ധനുമാസം വ്യ-ാംനു- അമരാലും, മൂപ്പുകിട്ടിയ വീരകേരള തമ്പുരാനും തമ്മിൽ കൂടിക്കണ്ട്, ലന്തക്കമ്പനിയ്ക്കു കൊച്ചി മേക്കോയ്മസ്ഥാനം കൊടുക്കത്തക്കവണ്ണം നിശ്ചയിച്ച് ഉടമ്പടിയും എഴുതി.

ഈ യുദ്ധത്തിൽ സഹായിച്ചിട്ടുള്ള രാജാക്കന്മാരെ, അവരവരുടെ അവസ്ഥപോലെ പ്രതിഫലം കൊടുത്തു പറഞ്ഞയച്ച കൂട്ടത്തിൽ നെടുവിരിപ്പ് സ്വരൂപത്തിങ്കൽനിന്നും ഒഴിഞ്ഞുപോകാതെയിരുന്നപ്പോൾ, വീരകേരളതമ്പുരാൻ കരപ്പുറത്തുനിന്നു സാമൂതിരിയായിട്ടു യുദ്ധം തുടങ്ങി കോതപറമ്പ് തോട്ടികലോളം ചെന്നു. അവിടെവെച്ചു പട നിറുത്തി, കിടക്കൻവഴിയെല്ലാം പെരുമ്പടപ്പ് സ്വരൂപത്തിങ്കൽ നിന്നും, ചേററുവാ മണപ്പുറം നെടുവിരിപ്പ് സ്വരൂപത്തിങ്കൽ നിന്നും വാഴുവാൻ തുടങ്ങി.

അവിടെനിന്നും കുറെക്കാലം കഴിഞ്ഞതിന്റെ ശേഷം—ഏകദേശം ൮൯൨—ാമാണ്ടിൽ—ചാഴിയൂർ താവഴിയിലുള്ള രാമവമ്മനെന്ന വലിയതമ്പുരാൻ ലന്തക്കമ്പനിയുടെ സഹായത്തോടുകൂടി നെടുവിരിപ്പ് സ്വരൂപമായിട്ടു പടതുടങ്ങി. അക്കാലത്തു സാമൂരി കോതപറമ്പിലുള്ള കോട്ടയിലായിരുന്നു താമസിച്ചിരുന്നത്. തമ്പുരാനും ലന്തക്കമ്പനിക്കാരും കൂടി അദ്ദേഹത്തിനെ അവിടെനിന്നു ഒഴിപ്പിക്കുകയും, ചേററുവാ മണപ്പുറം കൈവശപ്പെടുത്തുകയും ചെയ്തു. ചേററുവാ അഴിക്കൽ ലന്തക്കമ്പനിയുടെ വകയായിട്ടു് ഒരു കോട്ടയും സ്ഥാപിച്ചു.

ആ കോട്ട താമസിയാതെ നെടുവിരിപ്പു സ്വ

ശ്രുപത്തിങ്കൽനിന്നും പിടിച്ച്; പാപ്പിനിമിററം, കാട്ടൂര്, മാപ്രാണം, ഊരകം, തൃത്താണിക്കളത്തുകാവ് ഇങ്ങിനെ തുടങ്ങി പന്ത്രണ്ടു ദിക്കിൽ കോട്ടകെട്ടി ഉറപ്പിച്ചു. അതിന്റെശേഷം ൮൮൫-ാമാണ്ടുവരെ അങ്ങോട്ടും ഇങ്ങോട്ടും തോററും ജയിച്ചും കഴിഞ്ഞു. അതിൽപിന്നെ നാലുകൊല്ലത്തേക്കു ലഹളകന്നും ഉണ്ടായിട്ടില്ല. ഐത്തൂര് രാജാവിനെ സാക്ഷിവെച്ചു കൊച്ചി രാജാവു ലന്തക്കമ്പനിക്കു കൊടുത്തിരുന്ന ചേററുവായുടെ ഉടമസ്ഥതയെപ്പററി ലന്തക്കമ്പനിയും സാമൂരിയും തമ്മിൽ ഒരു വ്യവഹാരം തുടങ്ങി. അതുകാരണം ഉത്ഭവിച്ച യുദ്ധത്തിൽ നെടുവിരുപ്പു സ്വരൂപത്തിങ്കലെ ആളുകൾ അസംഖ്യം മരിച്ചുവത്രെ. ഈ യുദ്ധം കുറെക്കാലം നിലനില്ക്കുകയും ഒടുവിൽ 'ബാലവങ്കാജാപ്പ്' * എന്ന അമരാൽ പുരുഷാരത്തോടുകൂടി വന്നു പാപ്പിനിമിററത്തു കോട്ടപിടിച്ചു നെടുവിരുപ്പ് സ്വരൂപത്തെ തോല്പിക്കുകയും ചെയ്തു. എന്നിട്ട് പെരുമ്പടപ്പു സ്വരൂപവും നെടുവിരുപ്പു സ്വരൂപവും തമ്മിൽ മേലിൽ പട ഇല്ലാത്തവിധം രണ്ടു രാജാക്കന്മാരെക്കൊണ്ടും അമരാൽ ഉടമ്പടിയും എഴുതിച്ചു.

കൊല്ലം ൯൧൨-ാമത്തു സാമൂതിരിയും ആയിരം പടയാളികളും കൂടി കൊച്ചി രാജ്യത്തേക്കു കട

* Blakker Jakobtz

ന്നപ്പോൾ ഇംഗ്ലീഷുകാർ നിർബ്ബന്ധിക്കകയാൽ തിരിച്ചുപോകേണ്ടിവന്നു. ഇംഗ്ലീഷുകാർ നിർബ്ബന്ധിക്കുവാനുള്ള കാരണമെന്തെന്നു തല്ക്കാലം അറിവില്ല. ഈ യുദ്ധത്തിന്നുള്ള ശ്രമവും കീഴിൽ വിവരിക്കുവാൻ പോകുന്ന സംഗതിയും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ എന്നു ശങ്കിക്കാവുന്നതാണ്.

കുരിക്കാട്ടിൽ നിന്നും തീപ്പെട്ട രാമവർമ്മനെന്ന വലിയതമ്പുരാൻ വളരെ ശാന്തനായ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ രാജ്യഭരണകാലത്ത് — ൯൮൦ മുതൽ ൯൮൪ ധനു ൨൮-ാംനു-വരെ — പ്രജകൾക്കു തൃപ്തിയും അടക്കവും ഒതുക്കവും, നാടടക്കം സമാധാനവും പൂർത്തിയായിരുന്നു. അദ്ദേഹം വാണിരുന്ന കാലം മുഴുവൻ കൊച്ചി നാലതിരിനുള്ളിൽ ശത്രുബാധയുണ്ടായിട്ടുള്ളതായിട്ടു കേട്ടുകേൾവി തന്നെയില്ല. എന്നാൽ അന്നത്തെ സാമൂരിപ്പാട് കൊച്ചിരാജാവിന്റെ ശാന്തതയെ ഉദാസീനതയെന്നു ഭ്രമിച്ചു സമാധാനലംഘനത്തിന്നായി ഉത്സാഹിച്ചതായും കൊച്ചിരാജ്യത്തിന്റെ വടക്കേ അതൃത്തിവരെ വന്നിട്ടു പരാജിതനായിത്തിരിച്ചുപോയിട്ടുള്ളതായിട്ടും ഒരു ഐതിഹ്യമുള്ളതിനേയും ഈ അവസരത്തിൽ പറയാവുന്നതാണ്.

കോഴിക്കോട്ടുനിന്നും ചാരന്മാരായ നാലു ന

നമ്പൂരിമാർ സാമൂരിയുടെ കല്പനപ്രകാരം രാജ്യസമ്പത്തിയെയും പടക്കോപ്പു ശേഖരിപ്പിനെയും മററും പററി ശ്രദ്ധമായി തിരക്കിയറിവാൻ വേണ്ടി കൊച്ചിരാജ്യത്തു കടന്നു സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം കുറിക്കാട്ടിൽ കോവിലകത്തു ചെന്നുവശായി. അവിടെ മിററത്തു മുത്തങ്ങാക്കിഴങ്ങു പറിച്ചുകൊണ്ടിരിക്കുന്ന ഒരാളല്ലാതെ വേറെ ഒരു ജീവജാലവും കാഴ്ചയിൽ ഉണ്ടായിരുന്നില്ലത്രെ. നമ്പൂരിമാരെക്കണ്ടപ്പോൾ അദ്ദേഹം അവിടെനിന്നും എഴുനീററു കുശലപ്രശ്നം കഴിഞ്ഞതിന്റെ ശേഷം, 'കുളികഴിക്കാം, ഊണു കാലമായി' എന്നു ചെറുകികവും പറഞ്ഞ് അവരെ കടവിലേക്ക് അയച്ചു. അവരിൽ ഒരാൾക്ക് ഇദ്ദേഹം വലിയ തമ്പുരാനാണെന്നു മനസ്സിലായി. ഉണ്ണുവാൻ ക്ഷണിച്ചുവെങ്കിലും അടുത്തെങ്ങും പുകകൂടി കാണ്മാനില്ല. ഇതു നല്ല പന്തിയല്ലെന്നു കരുതി അദ്ദേഹം ഒളിവായി നിന്നു നോക്കി. അപ്പോൾ വലിയതമ്പുരാൻ അകത്തുനിന്നും ആരെയോ ഒരാളെ വിളിച്ച്, അടുത്തൊരു ബ്രാഹ്മണഗൃഹത്തിൽ പോയി നാലു നമ്പൂരിമാക്കു വേണ്ട ചോറു മേടിച്ചുകൊണ്ടുവരണമെന്നു പറഞ്ഞേല്പിക്കുകയായിരുന്നുവത്രെ.

അതു കേട്ടയുടൻ അദ്ദേഹം കടവിൽ ചെന്നു

കൂട്ടുകാരെ വിവരം ധരിപ്പിച്ചു. "എല്ലാം ഇതു ചങ്ങലാണോ കഥ! ഉണ്ണാതെകണ്ടെന്തു പട? ഇനി ഈ രാജ്യത്തു നിന്നിട്ടു ഫലമില്ല. രാജധാനിയിലെ വട്ടം ഇങ്ങിനെയായാൽ നാട്ടിലെ കഥ ചോദിച്ചറിയണോ?" എന്നും പറഞ്ഞ് അവിടെ കുളിയും ഊണും കഴിച്ച് അന്നുതന്നെ കോഴിക്കോട്ടു പുറപ്പെട്ടു. അവിടെച്ചെന്നു സാമൂരിപ്പാട്ടിലോടു വർത്തമാനം പറഞ്ഞു.

അദ്ദേഹം ആൾ ശേഖരത്തോടുകൂടി ഭാരതപ്പുഴക്കരെ വന്നപ്പോൾ അസംഖ്യം പ്രഭുക്കന്മാർ തങ്ങളുടെ സൈന്യങ്ങളോടുകൂടി അവിടെ യുദ്ധത്തിന്നൊരുങ്ങി നിൽപ്പുണ്ടായിരുന്നു.

അവിടെവെച്ചു മൂന്നുമാസം മുഴുവൻ ഇരുഭാഗക്കാരും പോർക്കളം പാഴ്പ്പിടമാക്കീട്ടുള്ളതായിട്ടും, ഒടുവിൽ നെടുവിരിപ്പ് സ്വരൂപത്തിങ്കലെ ആളുകൾ അനേകം ചത്തൊടുങ്ങി കൊച്ചിരാജ്യത്തേക്ക് ഒരടിപോലും വെക്കുവാൻ കഴിയാതെ മടങ്ങിപ്പോയിട്ടുള്ളതായിട്ടും ഒരു പഴങ്കഥ കേട്ടിട്ടുണ്ട്.

ഈ ഐതിഹ്യത്തിന്റെ വാസ്തവമെങ്ങിനെയിരുന്നാലും ഇതിൽ അന്തർഭവിച്ചിരിക്കുന്ന സാരം നമ്മൾ നല്ലവണ്ണം ആലോചിപ്പാനുള്ളതാണ്.

അക്കാലങ്ങളിൽ ചാരപുരുഷന്മാരെ അയ

ച്ച ശത്രുരാജാക്കന്മാരുടെ രാജ്യനടവടികളെ ഗൂഢമായി അന്വേഷിച്ചറിയാറുണ്ടെന്നും, രാജാവിന്ന വിശേഷിച്ചൊരു സ്വത്താകട്ടെ സൈന്യമാകട്ടെ ഇല്ലെന്നും, കോവിലകത്താവശ്യങ്ങൾക്കും അടിയന്തരാദികൾക്കും വേണ്ടതെല്ലാം പ്രജകൾ ശേഖരിച്ച കൊടുത്തു വന്നിരുന്നുവെന്നും, ശത്രുക്കൾ അതിക്രമിക്കുന്ന സമയം അതാതു പ്രഭുക്കന്മാർ അവരവരുടെ സൈന്യങ്ങളോടുകൂടി സ്വന്തം രാജാവിനേയും രാജ്യത്തേയും രക്ഷിക്കുകയാണ് പതിവെന്നും മറ്റും ഈ കഥ സൂചിപ്പിക്കുന്നുണ്ട്. ഈ സൂചനകളെ ലക്ഷ്യങ്ങൾ എത്രത്തോളം താങ്ങുന്നുണ്ടെന്നു വഴിപോലെ ആലോചിക്കേണ്ടതാണ്.

൯൨൭ ധനു ൨൪-ാംനു കരിക്കാട്ടിൽവെച്ചു തീപ്പെട്ട വലിയതമ്പുരാൻ നാടുവാണിരുന്ന കാലത്തു നെടുവിരുപ്പ് സ്വരൂപത്തിങ്കൽനിന്നു കൊച്ചിരാജ്യത്തു കടന്നു കയ്യേറ്റം ചെയ്തിട്ടില്ലെന്നും മറ്റും മുമ്പുപറഞ്ഞു വെച്ചിട്ടുണ്ടല്ലോ. പിന്നെ ൯൨൮ മകരം ൭-ാംനു * തൃപ്പൂണിത്തുറെവെച്ചു തീപ്പെട്ട തമ്പുരാന്റെ ഭരണകാലത്തും രാജ്യത്ത് ആപത്തും അനാസ്ഥവും ഒന്നും കൂടാതെതന്നെ കഴിഞ്ഞുകൂടി.

* ൯൨൯ ധനു ൭൯-ാംനു എന്നു കൊച്ചിപഞ്ചാംഗത്തിൽ കാണുന്നു.

അതിൻെറ ശേഷം ൯൩൭-ൽ തീപ്പെട്ട രാമവൎമ്മ തമ്പുരാൻെറ വാഴ്ചയായിരുന്നു. അക്കാലത്താണ് കൊച്ചിരാജ്യത്തു പലവിധത്തിലുള്ള അനൎത്ഥങ്ങളും യുദ്ധകോലാഹലങ്ങളും മററും ഉണ്ടായിട്ടുള്ളത്. തെക്കുപുറത്തു തൃപ്പാപ്പുസ്വരൂപമായ തിരുവിതാംകൂർ രാജവംശവും വടക്കുപുറത്തു നെടുവിരുപ്പ് സ്വരൂപവും നടുക്കു ചാഴൂർ കോവിലകത്തുകാരായ പെരുമ്പടപ്പ് സ്വരൂപത്തിൻെറ ഒരു ശാഖയുംസാംക്ഷാൽ പെരുമ്പടപ്പ്സ്വരൂപവും തമ്മിൽ ഇണങ്ങീട്ടും പിണങ്ങീട്ടും പരശുരാമപ്രതിഷ്ഠിതയായ കേരളഭൂമിയെ കീഴ്മേൽ മറിച്ചു. ഇപ്പോൾ നൊമ്മളനുഭവിച്ചു വരുന്ന സമാധാനത്തിൻെറ വിത്തുവിതച്ചിരിക്കുന്നത് അക്കാലത്താണ്.

ശ്രീപത്മനാഭദാസവഞ്ചിബാലമാൎത്താണ്ഡവൎമ്മകുലശേഖരപ്പെരുമാൾ കേരളചാണക്യനെന്നു സുപ്രസിദ്ധനായ രാമയ്യൻ ദളവയുടെ അമരത്തോടുകൂടി കൊച്ചിരാജ്യത്തിൻെറ കീഴിലായിരുന്ന അമ്പലപ്പുഴ പിടിച്ചു. യുദ്ധം കഴിഞ്ഞതിൻെറ ശേഷം പാലിയത്തു കോമ്പിയച്ചൻ പ്രമാണമായിട്ടു ൯൪൯-ൽ ചേൎച്ച(സന്ധി)ക്കുള്ള ആലോചന തുടങ്ങി. കുഞ്ഞിട്ടുണ്ണാൻ എന്ന വലിയച്ചൻ മരിച്ച് ഈ കോമ്പിയച്ചനു മൂപ്പുകിട്ടിയപ്പോൾ ഇരുപത്തുവ

വയസ്സു പ്രായമേ ആയിരുന്നുള്ളൂ. എങ്കിലും ഈ രണ്ടു രാജകേസരികളുടേയും ഇടയിൽനിന്നു ചാതിക്കാരമ്പിടിക്കത്തക്കവണ്ണം ധൈൎയ്യവും വീൎയ്യവും സാമൎത്ഥ്യവും ഇദ്ദേഹത്തിനുണ്ടായിരുന്നു. ഈ മഹാപുരുഷൻ ഏതൊരു കാൎയ്യത്തിലെങ്കിലും ഏൎപ്പെട്ടാൽ അതു വേണ്ടവണ്ണം നിൎവ്വഹിക്കാതെ പിന്തിരിക്കയില്ലെന്ന് ശത്രുക്കൾക്കുകൂടി സമ്മതമായിരുന്നു ഈ ഉദ്യമത്തിൽ ഇദ്ദേഹം ഏൎപ്പെട്ടിരിക്കുന്ന അവസരത്തിങ്കൽ— നെടുവിരിപ്പുസ്വരൂപത്തിങ്കൽനിന്നു 'കുമ്പഞ്ഞി' (കമ്പനി)ക്കധീനമായിരുന്ന ചേററുവാ മണപ്പുറം കൈകേറിസ്വാധീനപ്പെടുത്തി, വെളുത്തവാടക്കലും പാപ്പിനിമിററത്തും കോട്ട കെട്ടി ഉറപ്പിച്ചിട്ടു തിരുവിതാംകൂറിലേക്കു കാലുവെപ്പാനുള്ള വഴിയും നോക്കി നില്ക്കുകയായിരുന്നു.

കൊച്ചി തിരുവിതാംകൂർ രാജാക്കന്മാർ തമ്മിലുള്ള കലഹത്തിൽ കൊച്ചിരാജാവിനു സഹായിച്ചുംകൊണ്ടു തന്റെ അഭീഷ്ടം സാധിക്കാമെന്നുള്ള സാമൂരിപ്പാട്ടിലെ ആലോചനയ്ക്കു പാലിയത്തച്ചന്റെ സന്ധിശ്രമം ഒരു പ്രതിബന്ധമായിത്തീരുമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അസ്തമിക്കാറായിരിക്കുന്ന ഈ കലഹത്തെ വീണ്ടും ഉദ്ദീപിപ്പിക്കുവാൻവേണ്ടി തൃപ്പാപ്പുസ്വരൂപത്തോടു പടപൊരുതുന്നതായാൽ പെരുമ്പടപ്പു സ്വരൂപത്തെ

സഹായിക്കുവാൻ ഞങ്ങൾ തെയ്യാറുണ്ടെന്നും പറഞ്ഞു സാമൂരിപ്പാട് ഉത്സാഹിച്ചുനോക്കി. പക്ഷേ 'കാരണംകൂടാതെ കുമ്പഞ്ഞിയോട് ഏറ്റംചെയ്തു നെടുവിരിപ്പു സ്വരൂപവും നാമും തമ്മിൽ ചേൎന്നു തൃപ്പാപ്പു സ്വരൂപത്തോടു പടവെട്ടുക പരാധീനം' (പ്രയാസം) എന്നു പറഞ്ഞു കൊച്ചിരാജാവു സാമൂരിയുടെ വാക്കിനെ അനാദരിക്കുകയാണുണ്ടായത്. ഇത് അതിബുദ്ധിമാനായ പാലിയത്തച്ചന്റെ ദീൎഘാലോചനയുടെ ഫലമാണെന്നു മതിമാനായ മങ്ങാട്ടച്ചനും മഹാശക്തനായ സാമൂരിപ്പാടും മനസ്സിലാക്കാതിരുന്നില്ലെന്ന് അവരുടെ പിന്നീടുള്ള പ്രവൃത്തികൊണ്ടറിയാവുന്നതാകുന്നു.

ഇങ്ങിനെ ഇതിന്നു മേല്പോട്ടുള്ള സംഗതികൾ പറയുന്നതിന്നുമുമ്പിൽ പെരുമ്പടപ്പു സ്വരൂപവും തൃപ്പാപ്പു സ്വരൂപവും തമ്മിൽ ഉണ്ടായ വിരോധത്തിന്റെ കാരണത്തെയും പരിണാമത്തെയും കുറിച്ചു കുറഞ്ഞൊന്നു വിസ്തരിക്കുന്നത് ഒട്ടുംതന്നെ അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

൯൱൩-ാമാണ്ടു കൎക്കടകം ൨൰-ാംനു- തീപ്പെട്ട രാമവൎമ്മനെന്ന വലിയതമ്പുരാന്നു മൂപ്പുകിട്ടിയ കാലത്തു, ചാഴിയൂർ താവഴിക്കാരിൽ വെള്ളത്ത

തമ്പാൻ, കറുത്തതമ്പാൻ, വലിയ കുഞ്ഞുണ്ണിത്തമ്പാൻ, ചെറിയ കുഞ്ഞുണ്ണിത്തമ്പാൻ, കൊച്ചുചെട്ടൻതമ്പാൻ, പാറകൻതമ്പാൻ, കാടൻതമ്പാൻഇങ്ങിനെ ഏഴുപേരുണ്ടായിരുന്നു. ഇവരും, ൮൭൫_ാമാണ്ടിനും൯൦൦_ാമാണ്ടിനും അടുത്തു ചാഴിയൂർകോവിലകത്തുനിന്ന് എളയസ്വരൂപത്തിലേക്ക രണ്ടുമൂന്നുണ്ടായിട്ടുള്ളതിൽ രണ്ടാമത്തെ മൂത്തിലുള്ള സന്താനമായ വീരകേരളതമ്പുരാനും, ഒരു നിലയായിനിന്നു പെരുമ്പടപ്പിൽ മൂപ്പ് എന്ന സ്ഥാനം തമ്പാക്കന്മാരനുഭവിക്കേണ്ടതാണ് എന്നു വാദംതുടങ്ങി. എന്നാൽ ൯൦൭ തുലാമാസത്തിൽ തൃശ്ശിവപേരൂരുനിന്നു തീപ്പെട്ട വലിയ തമ്പുരാന്റെ കാലത്ത് അന്നത്തെ പെരുമ്പടപ്പിൽ മൂപ്പീന്നു തന്റെ സ്ഥാനം ഈ സ്വരൂപത്തിങ്കലേക്ക് ഒഴിഞ്ഞ് എഴുതിക്കൊടുത്തു എന്നും, അന്നുമുതൽ ൯൨൪ മകരം ൧_ാംനു വരെ തിരുമൂപ്പുവാണ തമ്പുരാക്കന്മാർ സ്വരൂപത്തിങ്കലേക്കും മൂപ്പായിട്ടത്രേ വാണുവന്നിരുന്നത് എന്നും അക്കാലങ്ങളിൽ അതിനെപ്പററി ആരും വ്യവഹരിച്ചിരുന്നില്ല എന്നും മറുപക്ഷക്കാർ തർക്കിച്ചു. ൯൦൭_ൽ തൃശ്ശിവപേരൂരുനിന്നു തീപ്പെട്ട വലിയതമ്പുരാൻ മുതൽ ൯൨൪_ൽ തൃപ്പൂണിത്തുറെനിന്നു തീപ്പെട്ട തമ്പുരാൻ വരെയുള്ള വലിയ തമ്പുരാക്കന്മാരുടെ സ്വകാര്യസ്വത്തു മുഴുവനും ചാ

ഴിയ്യക്കാർ കൈവശപ്പെടുത്തുകയാൽ അവക്ക് ഈ വ്യവഹാരം നിലനിറുത്തുവാൻ ത്രാണിയുമുണ്ടായിരുന്നു. ഇങ്ങിനെ തമ്പാക്കന്മാർ എതിൎത്തു പുറപ്പെട്ടതിനാൽ രാജ്യത്തെക്ക് ഏറിയ കഷ്ടനഷ്ടങ്ങൾക്കിടയായിത്തീൎന്നു.

പിന്നെ വന്ന വൃശ്ചികത്തിൽ വടക്കംകൂറിൽ സ്വരൂപവും എടയാടി കൊച്ചുകോമുകഞ്ഞി കാൎയ്യക്കാരും ആയിട്ടു കണ്ട് കാൎയ്യത്തിന്റെ ഗുണദോഷം ആലോചിപ്പാനെന്ന വ്യാജേന വടക്കംകൂറിൽ സ്വരൂപമായിട്ടു ബന്ധുത സമ്പാദിപ്പാൻ വേണ്ടി വീരകേരള തമ്പുരാൻ അവിടെക്കെഴുന്നള്ളി പള്ളിക്കെട്ടും കഴിച്ചു. എന്നതിന്റെ ശേഷം വടക്കംകൂറിൽ രാജാവും തമ്പാക്കന്മാരും കൂടിച്ചേൎന്ന് തൃപ്പാപ്പ സ്വരൂപത്തെ കണ്ടു തമ്പാക്കന്മാരെ പെരുമ്പടപ്പുമൂപ്പിലെ സ്ഥാനം അനുഭവിപ്പിയ്ക്കുന്നമെന്ന് അപേക്ഷിച്ചു. ഈ ഗൂഢാലോചന വലിയ തമ്പുരാൻ അറിഞ്ഞു കയക്കകയാൽ വച്ചുതായ യുദ്ധത്തിന്നു സംഗതിയായിട്ടു കലാശിച്ചു.

തൃപ്പാപ്പ സ്വരൂപത്തിങ്കൽ ബാലമാൎത്താണ്ഡവൎമ്മ തമ്പുരാൻ ബലപ്പെട്ടു എട്ടുവീട്ടിൽ പിള്ളമാരേയും വെട്ടിക്കൊന്നു കൊട്ടാരക്കര എളേടത്തുനാട്, ചെറുവാ, ദേശിംഗനാട്, ഇങ്ങിനെയുള്ള നാ

ജാക്കന്മാരിൽ കൊല്ലേണ്ടവരെക്കൊന്നു, രാജ്യത്തു നിന്നു കളയേണ്ടവരെക്കളഞ്ഞു, ൯൨൭-ൽ തെക്കുംകൂറു രാജ്യവും ഒതുക്കി, പെരുമ്പടപ്പിൽ സ്വരൂപത്തിങ്കൽനിന്നും മേക്കോയ്മസ്ഥാനം വഹിച്ചിരുന്ന തിരുവില്വാംക്ഷേത്രവും കൈവശപ്പെടുത്തി, പ്രബലപ്പെട്ടു വന്നിരിക്കുന്ന കാലത്തു തമ്പാക്കന്മാരുടെ അത്യാശക്കററു വീഴുകയും രാമയ്യൻ ദളവയുടെ മന്ത്രപൂർവ്വകമായ ഉപദേശാജ്ഞാപ്രാപ്തി ഏല്ക്കുകയും ചെയ്കയാൽ ഈ വീരബാലമാർത്താണ്ഡമഹാരാജാവിന്റെ പ്രതാപാഗ്നി ഉജ്ജ്വലിക്കാതിരിക്കുമോ?

കൊച്ചിരാജാവു വഴിപ്പെടുവാനുള്ള ഭാവമില്ലെന്നു കണ്ടപ്പോൾ തൃപ്പാപ്പൂ സ്വരൂപത്തിങ്കൽനിന്നു തമ്പാക്കന്മാരുടെ കാര്യം നടത്തിക്കൊടുക്കുവാൻ വേണ്ടി പടപുറപ്പെട്ടു ആലപ്പുഴ വാടക്കൽ പാളയവുമടിച്ചു. കൊച്ചി വലിയ തമ്പുരാൻ ചേർത്തല കോവിലകത്തു വന്നു താമസിക്കുകയും പുരുഷാരത്തെ ആലപ്പുഴ വാടക്കലേക്കയക്കുകയും ചെയ്തു. ൯൨൭-ാമതു കന്നി ൫-ാംനു ഉഷസ്സിന്നു അവിടെ വെച്ചു വെടിയും പടയും തുടങ്ങി. പെരുമ്പടപ്പു നാട്ടുകാർ മടങ്ങി. സൈന്യങ്ങൾ പിന്നോക്കം വാങ്ങി. കൊച്ചിരാജാവു ചേർത്തലെനിന്നും കൊച്ചിക്കു മടങ്ങി. കരിയ മുട്ടത്തിന്നു തെക്കോട്ടു തൃപ്പാപ്പൂ സ്വരൂ

പതിങ്കലെ ആളുകൾ വന്ന് ഇരുപ്പുറപ്പിച്ചു. തമ്പാക്കന്മാർ പടച്ചിലവും വഹിച്ചു രാജ്യകാര്യവും ക്ലേശിച്ചു. (അന്വേഷിച്ചു) തുടങ്ങി. കിഴക്കെവഴിക്കു കയറി വടക്കംകൂറു രാജ്യവും തമ്പാക്കന്മാരിൽ ചിലരും പൂത്തോട്ടായിൽ കടന്നിരുന്നു.

അന്നു വലിയ തമ്പുരാന്റെ കല്പനപ്രകാരം കാര്യം ക്ലേശിക്കുന്നവർ പള്ളിയിൽ ഇട്ടിക്കേളുമേനോൻ, വെളക്രാട്ടു നമ്പൂരി കാര്യക്കാർ, നന്തിക്കോട്ട് ഉണിച്ചാത്തക്കുറുപ്പ് ഇവരായിരുന്നു. ഇതിൽ പള്ളിയിൽ ഇട്ടിക്കേളുമേനോൻ 'ഇരിങ്ങാടികൂടെ' (ഇരിങ്ങാലക്കുടെ) നിന്നും തീപ്പെട്ട തമ്പുരാന്റെ കാലത്തുതുടങ്ങി സർവ്വാധികാര്യം ബുദ്ധിശക്തിയോടും ബഹുമാനത്തോടുംകൂടി മതിയായിട്ടു നടത്തി വന്നിരുന്ന ആളായിരുന്നു. ഇദ്ദേഹത്തിനെപ്പററി ഇനിമേലിലും പറയുന്നതാകകൊണ്ട് ഇവിടെ അധികം വിസ്തരിക്കുന്നില്ല.

ഈ യുദ്ധം കഴിഞ്ഞതിന്റെ ശേഷം പെരുമ്പടപ്പുമൂപ്പിലെ സ്ഥാനത്തിന്റെകാര്യം തൃപ്പാപ്പുസ്വരൂപവും കമ്പഞ്ഞിയും മദ്ധ്യസ്ഥംനിന്നു തീരുമാനപ്പെടുത്തത്തക്കവണ്ണം നിശ്ചയിച്ചു. എന്നിട്ട് എളയതമ്പുരാൻ വയലാററ് എഴുന്നള്ളിത്താമസിച്ചു, മൂത്തതിരിമാരെ വരുത്തി ഇക്കാര്യംകൊണ്ടു കേൾക്കുക

(സംസാരിക്കുക)യും പെരുമ്പടപ്പു മൂപ്പിലെ സ്ഥാനത്തിന്നു രാജത്വമില്ലെന്നും സ്വരൂപത്തിലേക്കു ദത്തു വെച്ചവൎക്ക ആയതിന്നു സംഗതിയുള്ളു എന്നും ഭട്ടതിരിമാർ അഭിപ്രായം പറഞ്ഞു പിരിയുകയുംചെയ്തു. അന്നു കമ്പഞ്ഞിക്കല്ലെന്ന നടത്തിക്കൊണ്ടു കൊച്ചിയിൽ കോട്ടയിലിരുന്നിരുന്ന കുമൂദവരു മരിച്ചുപോയതിനാൽ ആ സ്ഥാനത്തു പകരം വന്നതു മറുക്കമൂദവരും മയുക്കപ്പിത്താനും ആയിരുന്നു. ഇവരായിരുന്നു കമ്പഞ്ഞിയുടെ പ്രതിനിധികൾ. പിന്നീട്ട ക്ലൂനീസ്സ് കുമൂദവരും കൊച്ചിയിൽ വന്നതായി കാണുന്നുണ്ട്. ഇയാൾ വയലാററു യോഗത്തിൽ വന്നിട്ടുണ്ടായിരുന്നുവോ ഇല്ലയോ എന്നറിയുന്നില്ല.

൯൭൦-ാമാണ്ടു കൎക്കടമാസം വരെയും തമ്പാക്കന്മാർ തന്നെയാണ് കരപ്പുറത്തു കാൎയ്യം വിചാരിച്ചിരുന്നത്. എന്നാൽ ൯൭൦-ാമത്തു കൎക്കടമാസത്തിൽ തൃപ്പാപ്പു സ്വരൂപവും പെരുമ്പടപ്പുസ്വരൂപവും തമ്മിൽ കാൎയ്യാലോചനാൎത്ഥമായി മാവേലിക്കരെ വെച്ച് ഒരു കൂടിക്കാഴ്ചയുണ്ടായി. അതിന്റെ ശേഷം കാൎയ്യാന്വേഷണത്തിൽ പല ഭേദഗതികളും ഉണ്ടായിട്ടുണ്ട്.

അന്നു കൂടിക്കാഴ്ചയ്ക്കുവേണ്ടി ശ്രമിച്ചവർ കണ്ടയിലററു നാഗരശമല്ലൻ, അനന്തനാരായണപ്പ

ട്ടർ കാര്യക്കാർ, വെള്ളക്രാട്ടുനമ്പൂതിരി കാര്യക്കാർ ളുമായിരുന്നു. തിരുവിതാംകൂർ കാര്യക്കാരന്മാർ കൃഷ്ണണ്ണാവി കാര്യക്കാർ, രാമയ്യൻദളവ, മുതലായവരായിരുന്നു. കൂടിക്കാഴ്ചയ്ക്കു കൊച്ചി വലിയതമ്പുരാനും എളയതമ്പുരാനും ഉണ്ടായിരുന്നു.

അന്നത്തെ ഉടമ്പടിയിലെ നിശ്ചയങ്ങൾ റിക്കാർട്ടു വാചകത്തിൽതന്നെ താഴെ ചേർക്കുന്നു.

'പെരുമ്പടപ്പു നാട്ടിലുണ്ടാവുന്ന മുളകു ഒക്കെയും കൊണ്ടുവന്നു ശേഖരിച്ചു അതിൽനിന്നും അഞ്ഞൂറുകണ്ടി മുളകു പെരുമ്പടപ്പു സ്വരൂപത്തിങ്കലെ പത്തു (ചിലവു) വകക്കനീക്കി ശേഷം മുളകൊക്കയും തൃപ്പാപ്പൂ സ്വരൂപത്തിങ്കലേക്കു കൊടുക്കുക എന്നും കരപ്പുറം കഴിക എന്നും തിരുവല്ലായിലും അരിപ്പാട്ടും കീഴ്നാളിൽ പെരുമ്പടപ്പു സ്വരൂപത്തിൽനിന്നും നടന്നുവന്നും കാര്യസ്ഥാനം നടത്തിക്കൊൾക എന്നും കുട്ടമ്പത്രര് പെരുമ്പടപ്പിൽ സ്വരൂപത്തിങ്കലെ വസ്തു ഉല്പത്തിയും അടികുടിയാനും കഴിക എന്നും പയ്യഞ്ഞോട്ടു എടവകയിൽ പയ്യഞ്ഞോട്ടു കയ്മളേയും അതിലുൾപ്പെട്ട താവഴിക്കാരേയും വസ്തു ഉല്പത്തികളും കീഴ്നാളിൽ പെരുമ്പടപ്പു സ്വരൂപത്തിങ്കൽനിന്നും രക്ഷിച്ചുപോലെ രക്ഷിച്ചുകൊൾക എന്നും തമ്പാക്കന്മാരുടെ കാര്യം ചിങ്ങ

മാസം ൧൦_ാംനു വസ്സുത്തുവെച്ച് ഇനിയുമൊരി സ്സൽ സജ്ജനങ്ങളെ എത്തിച്ച കേട്ടാൽ അവർ പറയുംവണ്ണം അനുസരിച്ചുകൊൾക എന്നും ചെമ്പകശ്ശേരി സ്വരൂപവും വടക്കുംകൂറിൽ സ്വരൂപവും പെരുമ്പടപ്പു സ്വരൂപത്തിങ്കലെ കീഴമൎന്ന സ്വരൂപികളാകകൊണ്ട് അവർ ഏതാനും ചില ഏററക്കുറവു തൃപ്പാപ്പൂ സ്വരൂപത്തോടു ചെയ്തു എങ്കിൽകൂടി അന്യോന്യം പറഞ്ഞുവെച്ചുകൊൾക എന്നും അല്ലാതെ അവരോടു തൃപ്പാപ്പൂ സ്വരൂപത്തിങ്കൽനിന്നു പ്രത്യേകം ഒരു ചോദ്യംചെയ്യരുത് എന്നും ൧൫൦൦ രൂപ തൃപ്പാപ്പൂ സ്വരൂപത്തിങ്കലേക്കു ചിലവുവെച്ചുകൊടുക്കുക എന്നും ആകുന്നു.'

മുൻ പറഞ്ഞിട്ടുള്ള ഉടമ്പിടിക്കു പകപ്പെഴുതിയതല്ലാതെ കൊച്ചി തിരുവിതാംകൂർ രാജാക്കന്മാർ തമ്മിൽ ഉടമ്പിടിഒപ്പിട്ടു കൈമാറുകയോ ഉടമ്പിടിപ്രകാരം നടക്കുകയോ ഉണ്ടായിട്ടില്ല. കൊച്ചിത്തമ്പുരാൻ ൯൨൯_ാമതു ചിങ്ങമാസം ൨൦_ാംനു അത്തച്ചമയത്തിനു തക്കവണ്ണം കൊച്ചിക്കു തിരിയെ എഴുന്നള്ളി.

തൃപ്പാപ്പൂ സ്വരൂപത്തിങ്കൽനിന്നു പിന്നീടും അമ്പലപ്പുഴ, വടക്കുംകൂറ്, ഈ രാജാക്കന്മാരോട് ഓരോ ഹേത്വന്തരേണ ചോദ്യങ്ങൾതുടങ്ങി. മേൽ പറഞ്ഞ രാജാക്കന്മാർ ഇതിനെ അത്ര വകവെച്ചി

ല്ല. അതുകാരണമാക്കി തിരുവിതാംകൂറു രാജാവു വടക്കുംകൂറു രാജാവിന്റെ നേരെ പടപുറപ്പെട്ടു മുറിഞ്ഞ പുഴയ്ക്കലോളം വന്നു. ഈ വത്തമാനം കൊച്ചി രാജാവറിഞ്ഞു് ആ സ്വരൂപത്തിങ്കൽ കീഴമന്ന വടക്കുംകൂറു ചെമ്പകശ്ശേരി രാജാക്കന്മാരെ സഹായിക്കുന്നതിന്നായി ഭവിഷ്യത്ത് എന്തുതന്നെയായാലും തൃപ്പാപ്പൂ സ്വരൂപത്തോടു യുദ്ധം ചെയ്യുകയെന്നുറച്ചു. പള്ളിയിൽ ഇട്ടിക്കേളുമേനോൻ പ്രമാണമായിട്ടു പട പുറപ്പെട്ടു കൊച്ചി പാളയം ൯൨൫ ധനു ൰൨-ാംനു കൊടമാളൂര് മഠത്തിലും അമ്പലപ്പുഴമഠത്തിലും കടന്നിരുന്നു (കയ്യേറി താമസിച്ചു). തിരുവിതാംകൂർ പാളയം ആനന്ദേശ്വരത്തു കടലററം കായലററം (കടലും കായലുംവരെ) വാടയും കററിയും തീർത്തു (കെടങ്ങുകോരി കററിയടിച്ചു) പാർത്തു. ആ ധനു ൰൭-ാംനു ശനിയാഴ്ച ഉഷസ്സിന്നു വെടിയും പടയും തുടങ്ങി. ഈ ഭയങ്കരമായ യുദ്ധത്തിൽ ഇരുപുറത്തുമുള്ള ഏറിയ ആളുകൾ അപായപ്പെട്ടു. കൊച്ചി സൈന്യം മടങ്ങി വടക്കോട്ടു കഴിഞ്ഞുപോകയും ചെയ്തു. പിന്നീടു തൃപ്പാപ്പൂസ്വരൂപത്തിങ്കലെ സൈന്യം അമ്പലപ്പുഴ മഠത്തിൽ കയറി. അവിടെവെച്ചു പാലിയത്തു കോമ്പിയച്ചനെയും, കോടശ്ശേരി അഞ്ചാംകയ്മളേയും, പനമുക്കത്തു മൂന്നാം കയ്മളേയും, പള്ളിയിൽ ഇട്ടിക്കേളുമേനവ

നേയും തോട്ടശ്ശേരി തലച്ചന്നവരുടെ (തലച്ചെന്ന വർ — നായകൻ) അനന്തരവൻ ചിരാമനുണ്ണിയേയും പിടിച്ച തടവുകാരാക്കി. അമ്പലപ്പുഴ വലിയതമ്പുരാനെ അവിടെനിന്നൊഴിപ്പിച്ച കൊടമാളൂർ കൊണ്ടുപോയി പാർപ്പിച്ചു. ബദ്ധന്മാരാക്കപ്പെട്ടവരിൽ ഇട്ടിക്കേളമേനവനേയും ചിരാമനുണ്ണിയേയും കൊലചെയ്യുകയും ശേഷം നാലുപേരെ ദ്രവ്യംവാങ്ങി വിട്ടയക്കുകയും ചെയ്തു.

പാലിയത്തച്ചൻ പ്രമാണമായിട്ട കൊച്ചിതിരുവിതാംകൂറു രാജാക്കന്മാർ തമ്മിൽ സന്ധിച്ചു തഹാഹിച്ചതും സാമൂരിപ്പാട കൊച്ചിരാജാവിനെ സഹായിക്കാമെന്നു പറഞ്ഞപ്പോൾ അതിനെ കൈക്കൊള്ളാതിരുന്നതും ഇതിന്നു ശേഷമായിരുന്നു.

പാലിയത്തു കോമ്പിയച്ചൻ ജീവിച്ചിരുന്നകാലത്തോളം കൊച്ചിരാജാവിന്റെ സഹായത്തോടുകൂടി തിരുവനന്തപുരത്തെയ്ക്കു കടക്കുവാൻ സാദ്ധ്യമല്ലെന്നറിച്ച സാമൂരിപ്പാട്ടും മറ്റൂട്ടവ്വന്മാരുംകൂടി വേറെ ഉപായങ്ങൾ നോക്കിത്തുടങ്ങി. കൊച്ചി കൂറുകാരിൽ ചില പ്രമാണികളെ സ്വാധീനംവെച്ച കൊച്ചി തമ്പുരാനോടു നേരിട്ടാൽ സാമൂരിപ്പാട്ടിലേയ്ക്കു ജയമുണ്ടാകുമെന്ന് അദ്ദേഹം കരുതി. കൊച്ചിരാജാവു കീഴടങ്ങിയാൽ പിന്നെ അവരെക്കൊണ്ടു വേണ്ട

വിധം ചെയ്യിക്കാമെന്നുറച്ച് അതിലേയ്ക്കു ശ്രമിക്കുകയും ഏതാനും ഫലിക്കുകയും ചെയ്തു. പ[illegible]ളമയും മങ്ങാട്ടു മൂത്തേരിപ്പാട്ടിനും കോടശ്ശേരി മൂത്തകൈമ്മളും മുറിയനാട്ടു നമ്പിയാരും സാമൂതിരിപ്പാട്ടിലേയ്ക്കു സ്വാധീനപ്പെടുകയും വിശ്വാസവഞ്ചനം ചെയ്കയില്ലെന്നു പറഞ്ഞു വില്ലും വിലയും (ആയുധംവെച്ചു നഷ്ടസംഖ്യ സ്ഥിരപ്പെടുത്തി) എഴുതിവെയ്ക്കുകയും ചെയ്തു. പിന്നെ ഇവരോടുകൂടി ൯൩൨-ാമതിൽ സാമൂതിരിപ്പാട്ടിലെ പുരുഷാരം ആലങ്ങാടും പറവൂരും കടന്നിരുന്നു. ഇതിനുപുറമെ ആലുവായിലും വരാപ്പുഴയിലും, മഞ്ഞുമ്മലും, കോതാട്ടും, ചാത്തനാട്ടും, കോട്ടകൾ സ്ഥാപിച്ചു കൊച്ചിരാജ്യം ഒതുക്കുവാനുള്ള ശ്രമം തുടങ്ങി.* ഇപ്രകാരം കൊച്ചിരാജ്യത്തിന്റെ ഒരു ഭാഗത്തു കോഴിക്കോട്ടു തമ്പുരാനും, മറ്റൊരുഭാഗത്തു തിരുവിതാംകൂറു മഹാരാജാവും ആക്രമിച്ചപ്പോൾ പെരുമ്പടപ്പുസ്വരൂപത്തിങ്കലെ കഥ പരുങ്ങലായി. തങ്ങളുടെ പ്രമാണികളിൽ ചിലർ കൊല്ലപ്പെടുകയും ചിലർ ശത്രുപക്ഷത്തിൽ ചേരുകയും ചെയ്തതുകൊണ്ടു കുറെക്കാലത്തേക്ക് അദ്ദേഹത്തിന്റെ മനസ്സിന്ന് ഒരു വിധത്തിലും സ്വസ്ഥതയുണ്ടായിരുന്നില്ല. ഇട്ടിക്കേളമേനവൻ പെരുമ്പടപ്പു രാജാവിന്റെ വലത്തെ കൈതന്നെയായിരുന്നു. ൯൨൯-ാമത്തു ധനു

മാസം ൧൬-ാംനു- അമ്പലപ്പുഴ പട കഴിഞ്ഞതി
നുശേഷം കരപ്പുറത്തെ കാൎയ്യം തൃപ്പാപ്പൂസ്വരൂപ
ത്തിങ്കൽനിന്നു ക്ലേശിച്ചു തുടങ്ങി. അന്നുമുതൽ
൯൩൦-ാമത്തു കൎക്കടമാസംവരെ കൊച്ചിരാജ്യത്തെ
ക്രമേണ അക്രമിച്ച് അവർ പമ്പാ (തിരുവങ്കോട്ടു
ള്ള ഒരു പുഴ) അഴീക്കലോളം വന്നു. പിന്നീടു വ
ത്തോട്ടുങ്കൽകോവിലകവും തെക്കുംഭാഗം കോവിലക
വും കരീക്കാട്ടിൽ കോവിലകവും കണയന്നൂര് കോ
വിലകവും ചുട്ടുകരിച്ചു കഴിക്കാട്ടുകരപ്പുറം ഉദയം
പേരൂര വരേയും മാമലപാട്ടം വരേയും ഒതുക്കുക
യും ചെയ്തു. കൊച്ചിത്തമ്പുരാൻ ഈവിധമുള്ള അ
പകടത്തിൽ പെട്ടപ്പോൾ എന്തായാലും തൃപ്പാപ്പൂ
സ്വരൂപമായിട്ടു സന്ധിക്കുകയെന്നുറച്ചു വിവരം തൃ
പ്പാപ്പൂസ്വരൂപത്തിങ്കലറിയിച്ചു. വലിയ തമ്പുരാ
നും എളയതമ്പുരാനും തൃപ്പൂണിത്തുറക്കെഴുന്നള്ളി
കൊച്ചിവലിയതമ്പുരാനായിട്ടു കൂടിക്കാഴ്ചയുണ്ടായി.
അന്നത്തെ കൂടിക്കാഴ്ചക്കു കൊച്ചി കോട്ടയിൽ വ
ന്നിരുന്ന ജോക്കക്കമെദവരുമുണ്ടായിരുന്നു. സന്ധികാ
ൎയ്യം പറഞ്ഞു തമ്മിൽ ചേരാതെ അവർ തിരിയെ
പോയി. തിരുവിതാംകൂറു സൈന്യം കണ്ടനാട്ടെക്കു
പുറപ്പെട്ട് ആ കമ്പോളം ഒതുക്കി. ആ കാലത്തു ക
ണയന്നൂര് പ്രവൃത്തിയിൽ പണ്ടാരവക ഉല്പത്തി
കളായിട്ടുള്ള ഏത്താനും എന്നങ്ങൾക്കു പുള്ളിവിവ

രം ഇല്ലാഞ്ഞതുകൊണ്ടു തിരുവിതാംകൂറിലേയ്ക്കു മുതലെടുത്തിരുന്നില്ല. എന്നാൽ അതുകളുടെ ആദായം കൊച്ചിതമ്പുരാൻ പിരിച്ചിരുന്ന തൃപ്പാപ്പൂ സ്വരൂപത്തിങ്കലെ ആക്രമം മുഴുത്തു. കരപ്പുറം, കരീനാട്, വടർകോട്, കുറുമല, കന്നെത്തുനാട്, ഈ ദിക്കുകൾ ആ സ്വരൂപത്തിങ്കൽനിന്നു കയ്യേറി ഒതുക്കി. തിരുവിതാംകൂറു പടയുടെ ലഹള ഈ വിധം വർദ്ധിച്ചിട്ടും കൊച്ചിക്കു ബന്ധുവായ കമ്പഞ്ഞി സഹായമൊന്നും ചെയ്യുന്നില്ലെന്നു കണ്ടു കൊച്ചിതമ്പുരാൻ തിരുവിതാംകൂറു തമ്പുരാനോട ഏതു വിധത്തിലും സന്ധിചെയ്യാനുറച്ചു.

പറവൂര് എളമ തുടങ്ങിയുള്ള കൊച്ചിരാജ്യത്തെ പ്രമാണികളിൽ ചിലരെ സ്വാധീനപ്പെടുത്തി സാമൂതിരിപ്പാട കൊച്ചിരാജ്യം കീഴടക്കുവാൻ ശ്രമിച്ചുതുടങ്ങി എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. സാമൂതിരിപ്പാട്ടിലെ പുരുഷാരം ചാവക്കാട്ടു ശേഖരപ്പെടുത്തീട്ടുള്ളതു തൃശ്ശിവപേരൂര് ഗ്രാമക്കാര് നമ്പൂരിമാരുടെ സഹായത്തോടുകൂടി തൃശ്ശിവപേരൂർ കടപ്പാനായി നിശ്ചയിച്ചിട്ടാണെന്നു കേട്ട് പെരുമ്പടപ്പിൽ എളയതമ്പുരാൻ തൃശ്ശിവപേരൂർക്ക് എഴുന്നള്ളി: അദ്ദേഹം ഗ്രാമക്കാര് നമ്പൂരിമാരെ വരുത്തി അവരോട കീഴ് നടപ്പിനു വിരോധമായി സാമൂരി

പ്പാട്ടിലെ കണ്ടു സംസാരിക്കരുതെന്നു കല്പിച്ചു. ഗ്രാമക്കാർ നമ്പൂരിമാർ തമ്പുരാന്റെ കല്പനയെ അശേഷം കൈക്കൊണ്ടില്ലെന്നു മാത്രമല്ല അവർ ചാവക്കാട്ടു ചെന്നു സാമൂരിയെ കണ്ടു പറഞ്ഞൊത്ത് അവിടെവെച്ച് ആളും വാളും ശേഖരിച്ച് അവരെ കൂട്ടിക്കൊണ്ടു പോന്നു ൯൩൨-ാമത്തു ധനുമാസം 15-ാംനു- തൃശ്ശിവപേരൂർ സങ്കേതത്തിൽ കടത്തി താമസിപ്പിച്ചു.

ഇവിടെ സന്ദർഭോചിതമായ ചില ഐതിഹ്യം പറവാനുണ്ട്. എളയതമ്പുരാൻ കോവിലകത്തുള്ള സമയംനോക്കി സാമൂരിപ്പാട്ടിലെ ആൾക്കാർ കോവിലകം വളഞ്ഞു. തമ്പുരാനെ പുറത്തെക്കയക്കില്ലെന്ന നിലയായി. ഈ വൎത്തമാനം യോഗക്കാർ നമ്പൂരിമാർ കേട്ടു. ഉടനെ ചാഞ്ഞിലിയോട വാദ്ധ്യാൻ നമ്പൂരി കിരാങ്ങാട്ടു നമ്പൂതിരിപ്പാട്ടു തുടങ്ങി നാലു നമ്പൂരിമാർ തറുടുത്ത് ഭസ്മം ധരിച്ച് ഇരുട്ടോടുകൂടി കോവിലകത്തെക്കു കടന്നുചെന്നു. അകത്തുചെന്നു കുറെ കഴിഞ്ഞതിന്റെ ശേഷം തറുടുത്തു ഭസ്മം ധരിച്ചു നാലു നമ്പൂരിമാർ പുറത്തെക്കും പോയി. പക്ഷെ അകത്തുപോയ നമ്പൂരിമാരിൽ ഒരാൾ അവിടെ താമസിച്ചു തമ്പുരാനെ മറ്റു മൂന്നു പേരുടെ കൂടെ അവരുടെ വേഷത്തോടുകൂടി പുറത്തെക്കു കൊണ്ടുവരുവാൻ ചെയ്തു

പൊടിക്കയ്യായിരുന്നു ഇത്. തമ്പുരാൻ ഗ്രാമക്കാരിൽ രാജദ്രോഹികളുടെ കൂട്ടത്തിൽ പെടാത്ത കോശേരിയില്ലത്താണ് ഭക്ഷണം കഴിച്ചത്. കോശേരി നമ്പൂരിയുടെ ആലോചനയോടുകൂടി അറണാട്ടുകരത്തരകന്റെ സഹായത്തിന്മേൽ തമ്പുരാൻ തൃപ്പുണിത്തുറയിൽ ചെന്നു ചേരുകയും ചെയ്തു. എളയതമ്പുരാൻ പോയ വർത്തമാനം അറിഞ്ഞു സാമൂരിപ്പാട് കോവിലകത്തു താമസിച്ച് നമ്പൂരിപ്പാട്ടിലെ വരുത്തി യോഗക്കാൎക്കളെ അയച്ചു. യോഗക്കാര് വന്നതുകണ്ടു സാമൂരിപ്പാട് യോഗക്കാരോടിങ്ങിനെ പറഞ്ഞു. 'തൃശ്ശിവപേരൂർ ഗ്രാമക്കാർ ഇനിക്കൊതുങ്ങി. തിരുനാവായ യോഗക്കാൎക്ക ഒരു ഉപദ്രവും ആരാലും ഉണ്ടാവാനുമില്ല. നിങ്ങളുടെ ഒരു ചെറിയ യോഗം മാത്രം കൊച്ചിക്ക സഹായമാണെന്നു നടിക്കുന്നതു നിങ്ങൾക്കുതന്നെ വലിയ ഉപദ്രവത്തിന്നു കാരണമാണ്. കൊച്ചി പ്രമാണികളിൽ അധികം പേരും നമ്മുടെ സ്വാതന്ത്ര്യത്തിങ്കൽ സഖ്യം പ്രാപിച്ചു.' ഈ വാക്കുകൾ കേട്ടപ്പോൾ തമ്പുരാനെ രക്ഷപ്പെടുത്തിയ പെരുമനം ഗ്രാമത്തിൽ ചേൎന്ന കിരാങ്ങാട്ടു ഗൃഹത്തിൽ തെക്കിനിയേടത്തു നമ്പൂരിപ്പാടു സാമൂരിപ്പാടിനോടു പറഞ്ഞ മറുപടി താഴെ എഴുതിയിട്ടുള്ള ശ്ലോകമാകുന്നു.

"മാടക്ഷമാരമണബാഹുബലാഭിഗുപ്താ
സേയം സഭാ പരവശേതി നശങ്കനീയാ.
ഏകാകിനീ നിശിചരാലയമദ്ധ്യഗാപി
കിം രാമഭദ്രദയിതാ ദശകണ്ഠമാപ."

സാമൂരി ഈ മറുവടി കേട്ടു യോഗക്കാർ സ്വാധീനമാവുന്നതല്ലെന്നുറച്ചു പിന്നേയും പടക്കുതന്നെ ഒരുങ്ങി. കൊച്ചിരാജാവു യോഗക്കാരെ കുറിച്ചു വളരെ സന്തോഷിച്ചു. പ്രത്യുപകാരത്തിന്നു തക്ക സമയം കിട്ടിയപ്പോൾ അതു സാധിപ്പിക്കുകയും ചെയ്തു. അന്യംവന്നു കിടന്നിരുന്ന കാഞ്ഞൂര് തറവാട്ടിലെ സ്വത്തുകൾ തെക്കിനിയേടത്തു നമ്പൂരിപ്പാട്ടിലേക്കു കൊടുത്തു. ഇന്നത്തെ ദേശമംഗലത്തു മനയ്ക്കലെ മിക്ക സ്വത്തുക്കളും മേൽപറഞ്ഞ വിധം കിട്ടീട്ടുള്ളതാണ്. ൧൦൭൭-ാമാണ്ടു വൃശ്ചികമാസത്തെ വിജ്ഞാനചിന്താമണിയിൽ 'അക്ഷരലക്ഷം' എന്ന ലേഖനത്തിൽ ഈ കഥയെ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ ഈ സംഗതി കരിക്കാട്ടിൽ തീപ്പെട്ട രാജാവിന്റെ അവസാനകാലത്താണെന്നു കാണുന്നത് അത്ര ശരിയെന്നു തോന്നുന്നില്ല. കോഴിക്കോട്ടു രാജാവു തൃശ്ശിവപേരൂരു വാണിരുന്നതു ൯൩൨ മുതൽ ൯൩൯ വരെയാണ്. കരിക്കാട്ടിൽ തീപ്പെട്ട തമ്പുരാന്റെ കാലം ൯൭൭-ൽ അവസാനിച്ചു. ഇദ്ദേഹത്തിന്റെ കാലത്തു കൊച്ചിരാജ്യത്തു ശത്രുബാധയും യുദ്ധകോലാഹലങ്ങളും ഒന്നും ഉണ്ടായിട്ടില്ല. ഇതെല്ലാം

ശക്തൻ സാമൂതിരിയുടെ കാലത്താണ്. ഗ്രാമക്കാരുടെ സഹായത്തോടുകൂടി അദ്ദേഹം തൃശ്ശിവപേരൂര് എത്തിയതു ൯൩൮-ൽ ആണുതാനും. അതുകൊണ്ടു കൊച്ചിയിൽ തീപ്പെട്ട രാമവർമ്മൻ തമ്പുരാന്റെ കാലത്താണെന്നു സ്പഷ്ടം. അദ്ദേഹത്തിന്റെ ദേഹവിയോഗം ൯൩൭-ൽ ആണെന്നുമുണ്ട്. സാമൂതിരി സങ്കേതത്തിൽ കടന്നു താമസിച്ചു പിന്നീട് അദ്ദേഹത്തിന്റെ പുരുഷാരം ചേന്നമങ്ങലത്തേക്കു കടന്നു. പാലിയം പൊളിച്ചെടുത്തു കററിയും വാടയും ഇട്ടുറപ്പിച്ചു. അക്കാലത്തു കോഴിക്കോട്ടൊതുങ്ങിയിരുന്ന ചേററുവാ മണപ്പുറം വീണ്ടെടുപ്പാനായി മൂമ്മവരു കൊച്ചി വീരകേരളതമ്പുരാനൊന്നിച്ചു പുറപ്പെട്ടു കമ്മവരു കൊടുങ്ങല്ലൂരും വീരകേരളതമ്പുരാൻ തിരുവഞ്ചക്കുളത്തും താമസിച്ചു. പാലിയത്തച്ചനും പുരുഷാരവും കമ്മവരുടെ ആൾക്കാരുംകൂടി വെളുത്തവാടസ്സൽ ചെന്നു പട പൊരുതി. ആളുകൾക്ക് അധികം അപായം വന്നതുകൊണ്ടു കമ്മവരുടെ ആൾക്കാർ തിരിച്ചുപോന്നു. കമ്മവരു പിന്നീടും സന്നാഹം ചേർത്തു തിരുവഞ്ചക്കുളത്തു ഗണപതി ക്ഷേത്രത്തിൽ വന്നു താമസിച്ചു. ഈ സന്ദർഭത്തിൽ കോഴിക്കോട്ടു പൊന്നാനിവാസ്സൽ തലച്ചന്നവരു തുടങ്ങിയുള്ള സാമൂ

രിയുടെ ഭൃത്യന്മാർ ഉപായത്തിൽ കുമുദവരെ ചെന്നു കണ്ടു മണപ്പുറം വിട്ടുകൊടുപ്പാനും കുമുദവരുടെ പടച്ചിലവു വകവെച്ചുകൊടുപ്പാനും നിശ്ചയിച്ച് ഉടമ്പടി ചെയ്തു. സാമൂരി മണപ്പുറത്തുനിന്നു ഒഴിഞ്ഞു വെള്ളത്ത വാടസ്ഥലും പാപ്പിനിമിറ്റത്തും സ്ഥാപിച്ചിരുന്ന കോട്ടകൾ പൊളിച്ചെടുത്തു. ഈ സംഗതിയൊന്നും തമ്പുരാനെ അറിയിക്കാതെ കുമുദവരു കൊച്ചിക്കു മടങ്ങിപ്പോകയും ചെയ്തു. അന്നത്തെ ശക്തൻ സാമൂരിപ്പാട്ടു തൃശ്ശിവപേരൂരു വടക്കെ കോവിലകത്തുവെച്ചു തീപ്പെട്ടു. ആ മിഥുനമാസത്തിൽ തൃപ്പാപ്പുസ്വരൂപത്തിങ്കൽനിന്നു വലിയ തമ്പുരാനും കർക്കടകമാസത്തിൽ നാടുനീങ്ങിയ എളയതമ്പുരാനും മുൻപറഞ്ഞ സഖ്യത്തെ അനുസരിച്ച് കുമാരപുരത്തേക്ക് എഴുന്നള്ളി. തൃശ്ശിവപേരൂർ പട പുറപ്പെട്ട് ഇരട്ടച്ചിറസ്ഥലും വടക്കെ കരയിലും ഇട്ടിരുന്ന കോട്ടകൾ ഒഴിപ്പിച്ചു. ഉടനെ കോഴിക്കോട്ടു രാജാവു രണ്ടാമതും ആളുമായുധവും തികച്ചുവന്നു രണ്ടു സ്വരൂപങ്ങളും തമ്മിൽ സങ്കേതത്തിന്നകത്തുവെച്ചു പടയും വെടിയും തുടങ്ങി. സാമൂരിയോടെതിർത്തു നില്പാൻ കൊച്ചിരാജാവിന്നു ബലം പോരാത്തതുകൊണ്ടു കൊച്ചി സൈന്യം കുമാരപുരത്തേക്കു തിരിച്ചു. തൃശ്ശിവപേരൂരു സങ്കേതം എന്നത് മണ്ണുത്തി, കൊക്കാല, പടിഞ്ഞാറനാറാട്ടു

പുഴ, വിയ്യൂര്, എന്നീ നാലു പാലങ്ങളുടെ മദ്ധ്യത്തിലുള്ള സ്ഥലമാകുന്നു. സങ്കേതത്തിൽവെച്ചു പടയും വെടിയുമുണ്ടായതിന്നു പ്രായശ്ചിത്തമായി വടക്കുന്നാഥ ക്ഷേത്രത്തിൽ കൊച്ചി തമ്പുരാൻ ഒരു ആനയെ ഇരുത്തി. നെടുവിരുപ്പു സ്വരൂപത്തിങ്കൽനിന്നു പ്രായശ്ചിത്തം കഴിക്കായ്കകൊണ്ടു ക്ഷേത്രത്തിൽ പട്ടിണി തുടങ്ങി. പട്ടിണിയെന്നാൽ ശത്രുസംഹാരത്തിന്നായി ചെയ്യുന്ന ഒരു ക്രിയയുടെ പേരാകുന്നു. ഇതിനെപ്പററി മേൽ വിവരിക്കുന്നതാണ്. ഗ്രാമക്കാർ നമ്പൂരിമാർ സാമൂതിരിയുടെ ആൾക്കാരോടുകൂടി വന്നു പിട്ടിണി വിരോധിച്ചു. അന്നു മുതൽ ൯൩൬-ാമാണ്ടു വരെ സാമൂരിയായിരുന്നു തൃശ്ശിവപേരൂരു വാണിരുന്നത്.

൯൩൫-ാമത്തു കർക്കടകം ൨൭-ാംനു അസ്തമിച്ച് എടവം രാശിയിൽ സംക്രമം കഴിഞ്ഞതിൽ പിന്നെ രാമവർമ്മനെന്ന തിരുനാമപ്പേരുടയ വലിയതമ്പുരാൻ കൊച്ചിയിൽവെച്ചു തീപ്പെട്ടു. പള്ളിശ്ശവം തൃപ്പൂണിത്തുറെയാണ് ദഹിപ്പിച്ചിട്ടുള്ളത്. മൂപ്പു കിട്ടിയ വലിയ തമ്പുരാൻ തിരുവന്തള്ളി കഴിഞ്ഞു കൊച്ചിക്കെഴുന്നള്ളി. ൯൩൫-ാമാണ്ടു കർക്കടമാസത്തിൽ തിരുമാസവും കഴിഞ്ഞു ൯൩൬-ാമത്തു തുലാമാസത്തിൽ തിരുവിതാംകൂറു മഹാരാജാവിനെ കണ്ട് ഉടമ്പടിയും എഴുതിമാറി. ഉടമ്പടി

വാചകം—"തമ്മിൽ അന്യോന്യം ചേൎന്നു ബന്ധുശത്രുക്കളായിട്ടു ചെല്ലുമാറെന്നും, പെരുമ്പടപ്പു രാജ്യത്തിലുണ്ടാവുന്ന നല്ല മുളകൊക്കെയും തൃപ്പാപ്പൂ സ്വരൂപത്തിലേക്കു കൊടുക്കുമാറെന്നും, അതിൽ അഞ്ഞൂറുകണ്ടി മുളകു കൊച്ചി പണ്ടകശാലക്കു എടുത്തുകൊള്ളുക എന്നും, നെടുവിരുപ്പു സ്വരൂപത്തെ കഴിച്ചു വൃക്കെത്തൊക്കോട്ടുള്ള രാജ്യം കൊച്ചിക്കു സ്വാധീനമാക്കികൊടുക്കുക എന്നും, അതിന്നു കരപ്പുറവും ആലങ്ങാട്ടും പറവൂരും തൃപ്പാപ്പൂസ്വരൂപത്തിങ്കൽനിന്നു അനുഭവിച്ചുകൊൾക എന്നും, പടച്ചിലവിന്റെ വകക്കു നെടുവിരുപ്പു സ്വരൂപത്തെ കഴിക്കുന്ന രാജ്യത്തു പിരിയുന്ന മുതലിൽ തൃപ്പാപ്പൂ സ്വരൂപത്തിങ്കലെ പാളയം പിരിവോളം ഒന്നു പാതിയായിട്ടു പററിക്കൊള്ളുക എന്നും, രണ്ടു സ്വരൂപവും ഉള്ള നാളും തമ്മിൽ ശത്രുതയില്ലാതവണ്ണവും കഴിയുക എന്നും" ആകുന്നു. ഉടമ്പടിപ്രകാരം കൊച്ചിരാജ്യത്തുണ്ടാകുന്ന മുളകു തൂക്കിനോക്കിയപ്പോൾ കൊച്ചിയിലെ ചിലവിന്നു അഞ്ഞൂറുകണ്ടി മുളകെടുത്തു ബാക്കി കൊടുക്കാൻ മാത്രം ഇല്ലായ്കകൊണ്ടു ഉണ്ടാകുന്നതിൽ രണ്ടുവക തൃപ്പാപ്പൂ സ്വരൂപത്തിങ്കലേക്കും ഒരുവക പെരുമ്പടപ്പിലേക്കും എന്നു പിന്നീടു പറഞ്ഞുവെക്കുകയും ചെയ്തു.

സാമൂതിരിപ്പാട ത്സ്ശിവപേരൂര താലൂക്കിന്റെ തെക്കെ അതിൎത്തിയായ മാപ്രാണമെന്ന ഒരു ദേശംവരെ കൈവശമാക്കി എന്നും, പിന്നെ ആലങ്ങാട് പറവൂര മുതലായ പ്രദേശങ്ങളിലും വന്നുകൂടീട്ടുണ്ടായിരുന്നു എന്നും, സാമൂതിരിയെ സ്വരാജ്യത്തുനിന്ന് ഒഴിപ്പിപ്പാൻ കൊച്ചിരാജാവിന്നു ശേഷിയാകാഞ്ഞിട്ട തിരുവിതാംകൂർ മഹാരാജാവിനോട സഹായമപേക്ഷിക്കയും അതുപ്രകാരം സഹായിക്കാമെന്നു ഉടമ്പടി എഴുതിമാറുകയും ചെയ്തു എന്നും, ഇതിന്നു മുമ്പിൽ പറഞ്ഞുവെച്ചിട്ടുണ്ടല്ലൊ. എന്നാൽ കൊച്ചിരാജാവിന്റെ ഇതിന്നു മുമ്പുള്ള നടപടി കണ്ടനുഭവമുണ്ടായിരുന്നതിനാൽ തിരുവിതാംകൂർ മഹാരാജാവിന്നു അദ്ദേഹത്തിന്റെ ഉടമ്പടിയിൽ അത്ര വിശ്വാസമുണ്ടായില്ല. അതിനാൽ സാമൂതിരിയുടെ നേരെ യുദ്ധത്തിന്നു പുറപ്പെടുവാൻ കുറെ അമാന്തിച്ചു. അപ്പോൾ കൊച്ചിരാജാവു തന്റെ മരുമകനായ വീരകേരളവൎമ്മ രാജാവിനെ തിരുവനന്തപുരത്തേക്കയച്ചു. മുൻ എഴുതിമാറിയ ഉടമ്പടിപ്രകാരം എല്ലാം ചെയ്തുകൊള്ളാമെന്നു തിരുവിതാംകൂർ മഹാരാജാവിന്നു വിശ്വാസം വരുന്നതിന്നായി വീരകേരളതമ്പുരാൻ ശുചീന്ദ്രത്തുപോയി ദേവന്റെ മുമ്പിൽവെച്ചു താഴെ എഴുതുംപ്രകാരം ഒരു സത്യവും ചെയ്തു.

‘ചെരുമ്പപ്പു സംവത്സരത്തിൽ രോഹിണിനാളിൽ ജനിച്ച വീരകേരളവർമ്മരാജാവായ നാം ശുചീന്ദ്രത്തു സ്ഥാണുമൂർത്തിയുടെ സന്നിധാനത്തിൽവെച്ചു ഈപ്രകാരം ശപഥം ചെയ്യുന്നു. നാമോ നമ്മുടെ അനന്തരവരോ, ത്രപ്പാപ്പു സംവത്സരത്തിൽ കാർത്തിക തിരുനാളിൽ ജനിച്ച ശ്രീപത്മനാഭദാസവഞ്ചി ബാലരാമവർമ്മ കുലശേഖരപ്പെരുമാൾ മഹാരാജാവിനോ അദ്ദേഹത്തിന്റെ അനന്തരവന്മാർക്കോ, യാതൊരുപദ്രവവും ചെയ്യുകയും ചെയ്യിക്കയോ ഇല്ല. അദ്ദേഹത്തിന്റെ ശത്രുക്കളോടു നാം ചേരുകയൊ അവരായി എഴുത്തുകുത്തുകൾ നടത്തുകയോ ചെയ്കയില്ല. ഇപ്രകാരം സ്ഥാണുമൂർത്തിയുടെ തൃപ്പാദത്തിങ്കൽവെച്ച് നാം യഥാവിധി പ്രതിജ്ഞ ചെയ്യുന്നു.’

ഈ സത്യവാചകം കൊച്ചിരാജാവിന്റെ എഴുത്തുകാരനായ പവ്വത്തി അമ്പാടിയെന്ന ഒരാളുടെ കയ്യക്ഷരത്തിൽ എഴുതി ഒപ്പിട്ടുകൊടുക്കുകയും ചെയ്തു. അതിന്റെ ശേഷം തിരുവിതാംകൂർ മഹാരാജാവു തന്റെ മന്ത്രിയായ അയ്യപ്പൻ മാർത്താണ്ഡപിള്ള ഏളവയോടു ഒരു വലിയ പട്ടാളത്തോടു കൂടി വടക്കോട്ടു പുറപ്പെടുവാൻ കല്പിച്ചു. അന്നു തിരുവിതാംകൂർ മഹാരാജാവു സാമൂതിരിക്ക് എഴുതി അയച്ചതാണ് താഴെ ചേർക്കുന്ന ശ്ലോകം.

മൽപ്രാണം ത്യജ മാ പ്രാണം
മാപ്രാണാനമസന്നിഭ
മാനവിക്രമതേജോഭി-
ർമ്മാനവിക്രമഭൂപതേ

പ്രകൃതംകൊണ്ട് അതിന്റെ അൎത്ഥം സ്പഷ്ടമാണല്ലൊ. പട്ടാളത്തിന്റെ അധിപനായിട്ട ജനറാൾ ഡിലിനൊയ് എന്ന ഒരു യൂറോപ്യനായിരുന്നു. അയ്യപ്പൻ മാൎത്താണ്ഡപിള്ളയും ഡിലിനൊയിയും സൈന്യത്തോടുകൂടി പുറപ്പെട്ടുവന്നു പറവൂരുണ്ടായിരുന്ന സാമൂതിരിയുടെ സൈന്യത്തെ ഓടിച്ചു. സാമൂതിരിയുടെ ആൾക്കാർ "പരാപ്പുഴയും മഞ്ഞിമ്മേലും ചാത്തനാട്ടും കോതാട്ടും" ഉണ്ടായിരുന്നു എന്നും, അയ്യപ്പൻ മാൎത്താണ്ഡപിള്ള ദളവയും പുരുഷാരവും അവിടങ്ങളിൽ ചെന്നു 'വെടിതുടങ്ങി, അവരെ ഒഴിപ്പിക്കുകയും ചെയ്തു' എന്നും ഒരു പഴയ ഗ്രന്ഥത്തിൽ കാണുന്നുണ്ട്. അതിന്റെ ശേഷം ദളവ സൈന്യത്തെ രണ്ടായി ഭാഗിച്ച് ഒരു ഭാഗത്തെ ജനറാൾ ഡിലിനൊയിയുടെ അധീനത്തിൽ മണപ്പുറം വഴിക്കു ചാവക്കാട്ടെക്ക് അയച്ചു. മറ്റെ ഭാഗത്തിന്റെ സേനാധിപത്യം താൻതന്നെ വഹിച്ചു ദളവ കരൂപ്പടന്ന വഴിക്കു തൃശ്ശിവപേരൂൎക്കു പുറപ്പെട്ടു. അന്ന് തൃശ്ശിവപേരൂർ എന്തെല്ലാമായിരുന്നു സംഭവിച്ചത് എന്നു ഒരു ഗ്രന്ഥത്തിൽ വിവരമായി കാണുന്നപോലെ താഴെ ചേൎക്കുന്നു:—

'തൊള്ളായിരത്തി മുപ്പത്തിരണ്ടാമതു ധനുമാസം ൫-ാംനു- തൃശ്ശിവപേരൂൎക്കു (സാമൂതിരിയും പുരുഷാരവും)

കടന്നു ൯൬൭-ാമതിലേപ്പും ഇരുന്നതിന്റെ ശേഷം ൯൬൮-ാമതിൽ പെരുമ്പടപ്പിൽ സ്വരൂപത്തിലെ ആളുകൾ ചെമ്പുക്കാവിലും പാറമേക്കാവിലും കുറിയിട്ടിരുന്നു വടക്കേക്കര കോവിലകത്തുനിന്നു എറങ്ങി പൊയ്ക്കൊള്ളണമെന്നു നെടുവിരുപ്പിൽസ്വരൂപത്തിങ്കലെ ആളുകളോടു വിളിച്ചുപറഞ്ഞാറെ എറങ്ങി പോകയില്ലെന്നു ഇങ്ങോട്ടും വിളിച്ചു പറഞ്ഞാറെ വെടിവെക്ക ആയത്. എന്നതിന്റെ ശേഷം പെരുമ്പടപ്പിൽ ആളുകൾ ചെമ്പുക്കാവിലും പാറമേക്കാവിലും വാങ്ങി പാക്കയും ചെയ്തു. അങ്ങിനെയിരിക്കുമ്പോൾ മേടമാസം ൨൦-ാംനു കോവിലകത്തുനിന്നു നെടുവിരുപ്പിൽ സ്വരൂപത്തിങ്കലെ ആളുകളിറങ്ങിവന്നു തൊണ്ണൂറങ്ങാട്ടു പിഷാരോടിടെ ഭവനം കൊള്ളിവെച്ചു തെണ്ടൽക്കു പുറപ്പെട്ടു ചെന്നു ചെമ്പുക്കാവിലും പാറമേക്കാവിലും പാക്കുന്ന എജമാനന്മാരും ചെങ്ങഴി നമ്പ്യാരും കരാട്ടു നായരും വല്ലോലി ചാച്ചുണ്ണിനായരും പാറക്കുളങ്ങര പണിക്കരെയും കൂടി കൃഷ്ണപ്പട്ടര സവ്വാധികാര്യക്കാര് എല്ലാവരെയുംകൂടി ചെമ്പുക്കാവിൽ വരുത്തി കൂടിവിചാരിച്ചു കൊറവും കോളും കോവിലകത്തു കടത്തുന്നതു മുടക്കി വളഞ്ഞു വെടിവെച്ചു പാക്കയും ചെയ്തു. അങ്ങിനെ ഇരിക്കുമ്പോൾ മേടമാസം ൨൦-ാംനു പൊന്നാനി വാക്കൽ തലച്ചന്നവരും ആളും ഗ്രാമക്കാരു നമ്പൂരിമാരുംകൂടി അരിമ്പൂരു വഴിക്കും പുറനാട്ടുകര വഴിക്കുംകൂടി ചേറമ്പുഴക്കു * കടന്നു മഞ്ഞിങ്കര മഠം കത്തിപ്പൊളിച്ചു കൊള്ളിയുംവെച്ച് അവിടെനിന്നു കിഴക്കോട്ടു പോന്ന് ആറാട്ടുപുഴെ വഴിക്കുവന്ന ആളുകൾ പൊങ്ങണത്തു പറമ്പിൽ * കയറി പട്ടിരാക്കൽ

---

* * ഈ സ്ഥലങ്ങളെല്ലാം തൃശ്ശിവപേരൂരുനിന്നു പടിഞ്ഞാറായി ഒന്നും രണ്ടും മൂന്നും നാലും നാഴിക ദൂരെയുള്ള ദേശങ്ങളാകുന്നു.

ഏറങ്ങി അവിടന്നു തെക്കോട്ടും കിഴക്കെപ്പാട്ടത്തിന്നു പ
ടിഞ്ഞാട്ടും വെളിയന്നൂത്തറ വടക്കോട്ടും ഉള്ള ഭവനങ്ങളൊ
ക്കെയും കത്തിപ്പൊളിച്ചു കൊള്ളിവെയ്ക്കയും ചെയ്തു. അന്നു
പെരുമ്പടപ്പിൽ സ്വരൂപത്തിലെ ആളുകൾ കൊരവുരത്ത
ല്ലു ÷ വാങ്ങുകയും ചെയ്തു. അവിടെനിന്നു ആളുകളെ ശേഖരി
ച്ച് ഉണ്ടയും മരുന്നും എടുപ്പിച്ചു തൃശ്ശിവപേരൂൎക്കു കടന്നു കോ
വിലകത്തു പാൎത്തിരുന്ന ആളുകളെ വളഞ്ഞു വെടിവെച്ചു
നെടുവിരുപ്പിൽസ്വരൂപത്തിങ്കലെ ആളുകളെ ഒഴിപ്പിക്കയും
ചെയ്തു. സങ്കേതത്തിൽ ഉള്ള പെണ്ണുമ്പിള്ളയും കിടാങ്ങളും മ
തിൽക്കകത്തു + തന്നെ വച്ചുകുടിച്ചു പാൎക്കകൊണ്ടു ക്ഷേത്രത്തി
ലെ ആളുകളേയും എത്തിച്ചു കൊള്ളിവെച്ചുപോയ ഭവനങ്ങ
ളും കത്തിപ്പൊളിച്ചുപോയ ദ്രവ്യങ്ങളും ചാൎത്തി കുടിയിരിക്ക
ത്ത ൟ വണ്ണം കൃഷ്ണപ്പട്ടര കാൎയ്യക്കാൎക്കു വലിയ തമ്പുരാന്റെ തീ
ട്ടൂരവും വലിയച്ചന്റെ * തീട്ടുംവരികകൊണ്ടു വെളുത്തു പാട്ട
മാളിയേയും എലവത്തു പാട്ടമാളിയേയും വരുത്തി പരുക്ക
കേട്ടുവന്നുപോയ ആളുകളേയും വരുത്തി കണ്ടപടിക്ക് ഭവ
നം ൨൨൫-ക്കു പലതരത്തും പടിപണം ൧൨ ൫൬൯൩-ം നെ
ല്ലും വിത്തും പാത്രങ്ങളും പൊന്നും പണവും ചാൎത്തി കണ്ടപ
ടിക്ക് പണം ൫൫ ൫൭൮-ം കൂടി വക ൨-ൽ പണം
൧൨൧൫ ൨൦-ം പരുക്ക ചാൎത്തി മതിലകത്തുള്ള കുടിലു പൊളി
പ്പിച്ചു വെളുത്ത പാട്ടമാളി രണ്ടു മറത്തിൽ തിരുമുമ്പന്മാരേയും
യോഗത്തിൽ ചാങ്ങലിയോട്ടു നമ്പൂതിരിയേയും ഒന്നത്തിച്ചു ര
ണ്ടു പുറത്തു കറപ്പന്മാരേയും പണ്ടാരപറമ്പന്മാരേയും വഴി

---

÷ തൃശ്ശിവപേരൂരുനിന്നു ൩ നാഴിക കിഴക്കുള്ള ദേശം.

+ തൃശ്ശിവപേരൂര വടക്കുന്നാഥൻ ക്ഷേത്രത്തിലെ മതിൽക്കകത്തു.

* പാലിയത്തു വലിയച്ചൻ കൊച്ചിരാജാവിന്റെ മന്ത്രിയാകുന്നു.

യിൽ മാരാരേയും മാരാന്മാരേയും വരുത്തി ശംഖ വിളിച്ച് ശ്ലണ് ഇട്ട് എല്ലാവരേയും കൂടി ഇരുത്തുകയും ചെയ്തു.

ഈ യുദ്ധത്തിൽ അയ്യപ്പൻ മാർത്താണ്ഡൻപിള്ള ദേവലയും സൈന്യവും ഒരു പ്രധാനാംഗമായിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ "തൃപ്പാപ്പു സ്വരൂപത്തിങ്കലെ പാളയം മാമ്പ്രാണത്ത് എത്തിയപ്പോൾ (സാമൂതിരിയുടെ പുരുഷാരം) എല്ലാംവടത്തുന്നും ഒഴിക്കയും ചെയ്തു. പൃക്കസ്ഥോളം എത്തിയതുമില്ല" എന്നു ഗ്രന്ഥവരിയിൽ കാണുന്നുണ്ട്. മേലെഴുതിയ ഗ്രന്ഥവരിയിൽ ദേവലയേയും പുരുഷാരത്തേയും പററി യാതൊന്നും പറയുന്നതുമില്ല.

ജനറാൾ ഡിലിനോയ് സൈന്യത്തോടുകൂടി മണപ്രം വഴിക്കു പുറപ്പെട്ടു എന്നു മുമ്പിൽ പറഞ്ഞുവല്ലോ. അവർ ചാവക്കാട്ടു ചെന്നു വളഞ്ഞു. സാമൂതിരിയുടെ അവിടെ ഉണ്ടായിരുന്ന സൈന്യം കുറെ നേരത്തേയ്ക്കു ബലമായി എതിൎത്തുനിന്നുവെങ്കിലും ഒടുക്കം ഓടേണ്ടിവന്നു. ഡിലിനൊയ് പരാജിതന്മാരായ ശത്രുക്കളെ പിന്തുടൎന്നു അസംഖ്യം പേരെ തടവിലാക്കുകയും എതിൎത്തുനിന്നവരെ കൊല്ലുകയും ചെയ്തുകൊണ്ടു തൃശ്ശിവപേരൂര് എത്തി. അതിന്നു മുമ്പായിത്തന്നെ ദേളവയും പുരുഷാരവും അവിടെ എത്തിയിരുന്നു. ഡിലിനോയ് സൈന്യത്തോടുകൂടി അവിടെ എത്തിയപ്പോൾ ദേളവയെ

അവിടെ എജമാനനായി കാണുകയാൽ വളരെ സന്തോഷിച്ചു.

സാമൂതിരിയും ആൾക്കാരും തൃശ്ശിവപേരൂരു നിന്ന് കഴിച്ച് ചേലക്കരെ * ചെന്നു പാളയമടിച്ചു. ഡിലിനോയിയും മേളവയും തങ്ങളുടെ രണ്ടു സൈന്യങ്ങളേയും കൂട്ടിച്ചേർത്തു വടക്കോട്ടു പുറപ്പെട്ടു. ചേലക്കര ചെന്നു സാമൂതിരിയേയും പുരുഷാരത്തേയും അവിടുന്നും ഓട്ടിച്ച് അവരെ കക്കാടുവരെ പിന്തുടന്നു. മേളവസ്സു സാമൂതിരിയുടെ പ്രധാനസ്ഥാനമായ കോഴിക്കോടുതന്നെ അക്രമിപ്പാൻ ഉത്സാഹം തുടങ്ങി. സാമൂതിരി അതറിഞ്ഞു ഭയപ്പെട്ടു തൻെറ പട്ടാളത്തിൽ ഒരു പ്രധാന പുരുഷനായ ഗോപാല തലശ്ശന്നവർ എന്നാളെ പത്മനാഭപുരത്തേയ്ക്കയച്ചു തിരുവിതാംകൂർ മഹാരാജാവിനോടു സമാധാനത്തിന്നപേക്ഷിച്ചു. മഹാരാജാവു അതിനെ സ്വീകരിച്ച് ഒരു ഉടമ്പടിയും എഴുതിവാങ്ങി മേളവയോടു സൈന്യത്തോടുകൂടി പിൻവാങ്ങുവാനായി കല്പന അയച്ചു. ൯൩൮-ാമത് എടവം ൨൨-ാംനു-യാണ് ഉടമ്പടി എഴുതി വാങ്ങിയത്. ഉടമ്പടിപ്രകാരം സാമൂതിരി തിരുവിതാംകൂർ സൈന്യത്തിൻെറ യുദ്ധച്ചിലവിന്നായി ലക്ഷത്തി അയ്മ്പതിനായിരം ഉറുപ്പിക കൊടുക്കുകയും

* തൃശ്ശിവപേരൂരിന്നു ൧൬ നാഴിക വടക്കുള്ള ഉൾനാട്,

മേലിൽ പരസ്പരം സ്നേഹമായിരിപ്പാനും സാമൂതിരിയുടെ പുരാതനശത്രുവായ കൊച്ചിരാജാവിനെ ഉപദ്രവിക്കാതിരിപ്പാനും വാഗ്ദത്തം ചെയ്കയും ചെയ്തു. *

ഒല്ലവ സാമൂതിരിയുടെ ശല്യം ഇനിയും ഇല്ലാതിരിപ്പാൻ വേണ്ടി കൊച്ചിരാജാവിൻെറ ചില വിന്മേൽ ചേലക്കരയും തൃശ്ശിവപേരൂരും മററും പട്ടാളങ്ങളെ ആക്കി പറവൂക്ക മടങ്ങി. കൊച്ചിരാജാവിൻെറ ഉടമ്പടിപ്രകാരം ഒല്ലവ ആലങ്ങാട്ടും പറവൂരും തിരുവിതാംകൂർ രാജ്യത്തേക്ക് ചേൎത്ത് അവിടെ നികുതിപിരിപ്പാനും മററും വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തു. ഉടമ്പടിപ്രകാരമെല്ലാം നടത്തിയതിനാൽ ഒല്ലവയുടെ ധീരതയെ കണ്ട് സന്തോഷിച്ചു കൊച്ചിരാജാവു അദ്ദേഹത്തിന്നു പുത്തഞ്ചേരി എന്ന ഒരു ദേശം സമ്മാനമായി കൊടുത്തു. എന്നാൽ ഒല്ലവ അതിനെ സ്വന്തമായി എടുക്കാതെ ആലങ്ങാട്ടു താലൂക്കിൽ ഒരു പ്രവൃത്തിയായി ചേൎത്തു. ÷

നെടുവിരുപ്പുസ്വരൂപത്തെ ഒഴിപ്പിച്ചതിൻെറ ശേഷം കൊച്ചിരാജ്യത്തു രാജ്യഭരണസംബന്ധമാ

---

* ശങ്കുണ്ണിമേനോൻെറ തിരുവിതാംകൂർ ചരിത്രം

÷ ശങ്കുണ്ണിമേനോൻെറ തി— ചരിത്രം

യി ചില പുതിയ ഏൎപ്പാടുകൾ വരുത്തിയതു ഗ്രന്ഥവരിയിൽ കാണുന്നപ്രകാരം താഴെ ചേൎക്കുന്നു.

"തൊള്ളായിരത്തി മുപ്പത്തൊയ്മ്പതാമതിൽ ഒന്നു പാതി കണ്ടാക്കതീൎത്തു തൃപ്പാപ്പിൽ സ്വരൂപത്തിങ്കലെ പാളയവും ചിരിച്ചു രാജ്യത്തു കീഴിൽ പണ്ടാരവക ഉല്പത്തികൾക്കും പാമ്പുകൾക്കും, വെറുമ്പാട്ടം കാണിച്ച വാരം, അൎത്ഥപലിശ, രക്ഷാഭോഗം, കാവൽ ചങ്ങാതം കത്തുമതി ചുങ്കം, മററു രാജഭോഗങ്ങളായിട്ടുള്ള മുതലുകൾ എടുത്തുവരുന്നതല്ലാതെ ൯൭൦-ാമാണ്ടു മുതൽ രാജ്യത്തു പുത്തനായിട്ടു മുതലെടുക്കത്തക്കവണ്ണം കല്പിച്ചതു, എട്ടിലൊന്നും, വയ്പ, നിലപണം, ഈവക മുതൽ എടുക്കത്തക്കവണ്ണവും കല്പിച്ചു. മുമ്പിനാൽ പണ്ടാരകാൎയ്യം ക്ലേശിപ്പാൻ കാൎയ്യക്കാരന്മാരെ കല്പിച്ച് ആക്കമാറെ ഉള്ളു. ൯൭൦-ാമാണ്ടു മുതൽക്കു കോവിലകത്തും വാതിലും, പ്രവൃത്തിയും ചന്ത്രവും, കല്പിക്കയും ചെയ്തു. ഇപ്രകാരം രാജ്യകാൎയ്യം നടന്നുവരുന്നു."

## ബ്രിട്ടീഷ് കൊച്ചിയുടെ പൂർവ്വചരിത്രം

ഇപ്പോൾ ബ്രിട്ടീഷ്കൊച്ചി എന്നു പറയുന്ന സ്ഥലം ക്രിസ്താബ്ദം 1500-നു മുമ്പു കൊച്ചിരാജ്യത്തിന്റെ കീഴിലായിരുന്നു. ആ കൊല്ലത്തിൽ ക്രിസ്തുമസ്സുദിവസമായ ഡിസമ്പ്ര് 24-ാംനു- വൈകുന്നേരം സമുദ്രതീരത്തു തെങ്ങും തോട്ടങ്ങളിൽ സംതൃപ്ത

ന്മാരായിട്ട താമസിച്ചിരുന്ന കൊച്ചിരാജാവിന്റെ പ്രജകൾ അതിന്നു മുമ്പു കണ്ടിട്ടില്ലാത്തതായ ഒരു കാഴ്ച കണ്ടു വിസ്മയാകുലന്മാരായിത്തീൎന്നു. ഈ കാഴ്ച അതിവിശേഷങ്ങളായ എട്ടുപത്തു കപ്പലുകളുടെ വരവായിരുന്നു. ഈ കപ്പലുകൾ വയ്പിൽ പുഴയുടെ മുഖത്തുകൂടി ഓടിച്ച് ആഴമുള്ള ചാലിൽക്കൂടി അകത്തേക്കു കടന്നു കപ്പക്കാരുടെ കണ്ണുകൾക്കു ഏററവും നല്ലതെന്നു തോന്നിയ ഒരു തുറമുഖത്തിൽ വന്നു നംങ്കൂരമിട്ടു. ആ കപ്പലുകളിൽ ഉണ്ടായിരുന്നവർ രണ്ടുകൊല്ലം മുമ്പ് വാസ്ക്കോഡിഗാമ കണ്ടുപിടിച്ച സ്ഥലങ്ങളെ പരിശോധിക്കവാനയച്ച കബരാൽ എന്ന അമരാലിന്റെ കീഴിലുള്ള പറങ്കികളായിരുന്നു. അവർ സാമൂതിരിയുടെ പ്രജകളായിട്ട് വ്യാപാരം ചെയ്വാൻ സാധിക്കാതെ കപ്പൽച്ചരക്കുകൾ അന്വേഷിച്ചുകൊണ്ടാണ് അവിടെ വന്നത്. സാമൂതിരിയായിട്ടുണ്ടായ യുദ്ധത്തിൽ അവരിൽ പലൎക്കം അപജയവും നാശവും വന്നതിനെ ഓൎത്തും കൊച്ചിക്കാരായ ചില കടൽക്കള്ളന്മാരെ വഴിക്കു വെടിവെക്കേണ്ടിവന്നതുകൊണ്ടു അവരിൽ നിന്നുണ്ടായ ഉപദ്രവത്തെ ഭയപ്പെട്ടും കരെനേരത്തേക്കു കരക്കിറങ്ങുവാൻ ഉത്സാഹിച്ചില്ല. പിന്നീട കപ്പലിൽനിന്ന് ഒരു ബോട്ടിറക്കി അതിൽ കൊച്ചിക്കാരെപ്പോലെ കറുത്തനിറത്തിലുള്ള ഉടു

പ്പോടുകൂടിയ ഒരു ദൂതനെ അന്നു രാജ്യം വാണിരുന്ന 'ഉണ്ണിരാമവർമ്മതിരുമുല്പാട്ടിലെ' സന്നിധാനത്തിങ്കലേക്കു സന്ദേശത്തോടുകൂടി അയച്ചു. ഈ ദൂതൻ വാസ്കോഡിഗാമ മാർഗ്ഗംകൂട്ടി 'മിഗുവൽ പാതിരി' എന്നു പേരിട്ടു സ്വരാജ്യത്തേക്കു കൊണ്ടുപോയ ഒരു കൊച്ചിക്കാരൻ തന്നെയായിരുന്നു. ഈ ദൂതൻ കൊച്ചിരാജാവിനെ പ്രയാസംകൂടാതെ സ്വാധീനപ്പെടുത്തി.

പറങ്കികൾ സാമൂരിപ്പാടായിട്ടുണ്ടായ യുദ്ധത്തിൽ കാണിച്ച പരാക്രമങ്ങൾ ചില്ലറയല്ലെന്നും അവരെ ജയിക്കുവാൻ എളുപ്പത്തിൽ സാധിക്കുന്നതല്ലെന്നും താൻ രാജ്യാധികാരം ഒഴിയേണമെന്നും കൂറുവാഴ്ച തീർച്ചപ്പെടുത്തേണ്ടതു സാമൂരിയാണെന്നും ഉള്ള വഴക്കിൽ ഇവരുടെ സഹായം ആവശ്യമാണെന്നും വിചാരിച്ചതുകൊണ്ടാണ് രാജാവു വേഗത്തിൽ വഴിപ്പെടുവാനിടയായത്.

സഹ്യാദ്രിയിൽനിന്നു കൊടുങ്ങല്ലൂര് വന്നുചേർന്നിരുന്ന ജലപ്രവാഹം 1341_ൽ കുത്തിത്തിരിഞ്ഞു വയ്പിൽ പുഴയായതിൻെറ ശേഷം കൊടുങ്ങല്ലൂരുണ്ടായിരുന്ന കച്ചവടം വയ്പിലേക്കു സ്ഥലം മാറി വർദ്ധിച്ചുവന്നിരുന്ന കാലത്തു സാമൂരി ആ കച്ചവടം കോഴിക്കോട്ടേക്കു മാററുവാൻ ഉത്സാഹിച്ചതു

ടങ്ങി. പറങ്കികൾ കൊച്ചിയിൽ വന്ന കാലത്ത് ഈ ഉത്സാഹം ഏതാനും ഫലിച്ചിരുന്നതിനാൽ പറങ്കികളുടെ സഹായംകൊണ്ട് ആ കച്ചവടം വീണ്ടും വദ്ധിപ്പിക്കേണമെന്നുകൂടി അദ്ദേഹത്തിന്നു മോഹമുണ്ടായിരുന്നു. രാജാവിന്റെ അനുകൂലമായ മറുസന്ദേശത്തെ കൈക്കൊണ്ടു പറങ്കികൾ കൊച്ചിയിലിറങ്ങി ഇരുപതു ദിവസത്തിന്നുള്ളിൽ പത്തു കപ്പലുകൾ നിറയെ കുരുമുളകും മററു ചരക്കുകളും കയററി സ്വരാജ്യത്തേക്കു തിരിക്കുവാൻ തയാറായി. ഇങ്ങിനെയാണ് കൊച്ചിക്കാരും പാശ്ചാത്യന്മാരും തമ്മിൽ കച്ചവടസംബന്ധമായ ആദ്യത്തെ ഏടവാടു തുടങ്ങീട്ടുള്ളത്. കബരാൽ എന്ന അമരാലാണ് കശുമാങ്ങ (പറങ്കിമാങ്ങ), പേരക്ക മുതലായ ഫലങ്ങൾ ഈ രാജ്യത്തേക്കു കൊണ്ടുവന്നിട്ടുള്ളത്. പിന്നീടു ഗാമ രണ്ടാമത്തും സാമൂരിയോടു പകരം ചോദിച്ചു കൊച്ചിയിൽ വന്നു രാജാവിനെക്കാണുകയും കപ്പൽച്ചരക്കുകൾ സൂക്ഷിപ്പാനായി ഒരു കോട്ട കെട്ടുവാൻ അനുവാദം ആവശ്യപ്പെടുകയും ചെയ്തു. ആലോചിക്കാമെന്നു മാത്രം രാജാവു പറഞ്ഞു കേട്ടു കോപിച്ചു തിരിച്ചപ്പോൾ രാജാവു പിന്നാലെ പോയി സാന്ത്വനവാക്കുകളെക്കൊണ്ടു സമാധാനപ്പെടുത്തി വീരശൃംഖലകളും ചില മരുന്നുകളും സമ്മാനമായി കൊടുത്തു. ഗാമ സന്തോഷി

ച്ച പറങ്കിരാജാവ് കൊടുത്തയച്ച ഒരു കിരീടം രാജാവിന്നു കാഴ്ചവെച്ചു. തമ്മിൽ പിരിയുന്ന സമയം തന്റെ നാട്ടിൽവെച്ചു ദ്രോഹത്തി ചെയ്യരുതെന്നു രാജാവ് ആവശ്യപ്പെടുകയും അതിനെ ഗാമ സമ്മതിക്കുകയും ചെയ്തു. ഈ വാഗ്ദത്തപ്രകാരം ഒരിക്കൽ പശുമാംസം വില്ക്കുവാൻ കൊണ്ടുവന്ന മൂന്നു മാപ്പിളമാരെ തൂക്കിക്കൊല്ലുവാൻ കല്പിക്കുക കൂടി ചെയ്തിട്ടുണ്ട്. വാസ്കോഡിഗാമ മടങ്ങിപ്പോയതിന്റെ ശേഷം കൊച്ചിയിലുള്ള പറങ്കികളെ ഓടിക്കേണമെന്നു സാമൂരിനിർബ്ബന്ധിക്കുകയും 50,000 നായർപട്ടാളത്തോടുകൂടി പൊന്നാനിയിൽ പാളയം അടിക്കുകയും ചെയ്തപ്പോൾ പറങ്കികൾ കൂടി ഭയപ്പെട്ടുപോയി. എന്നാൽ രാജ്യം പോയാലും വിശ്വാസവഞ്ചന ചെയ്യുന്നതല്ലെന്നായിരുന്നു രാജാവിന്റെ മറുവടി. ഈ കാലത്താണ് ചേററുവായ യുദ്ധം ഉണ്ടായതും സാമൂരിയുടെ സൈന്യം കൊച്ചിരാജാവിനേയും മരുമക്കളേയും തോല്പിച്ച് കൊച്ചിയിൽ താമസിച്ചിട്ടുള്ളതും. ആ കൊല്ലം (1503) വർഷകാലം കഴിഞ്ഞപ്പോൾ ആൽബുകർക്ക് എന്ന പറങ്കിനായകന്റെ കീഴിൽ ആറു കപ്പലുകൾ വയ്പിൽപുഴയിൽ എത്തുകയും സാമൂരിയെ ഓടിച്ചു രാജാവിനെ വീണ്ടും വാഴിക്കുകയും ചെയ്തു. ഈ സഹായത്തിന്നു പ്രത്യുപകാരമായിട്ടാണ് കൊച്ചി

യിൽ കോട്ടയ്ക്കുള്ള സ്ഥലവും സ്വാതന്ത്ര്യവാസവും അനുവദിച്ചു കൊടുത്തത്. അവർ കെട്ടിയ കോട്ടയ്ക്കു 'മാനുവൽകോട്ട' എന്നു പേർ കൊടുത്തു. ആൽബിക്കർക്ക് പോയതിൽപിന്നെ സാമൂരിയുടെ വക 57,000 നായന്മാരും 160 പത്തേമാരികളും കമ്പളത്തെത്തി കൊച്ചിരാജ്യം ആക്രമിച്ചു. 1504 മാർച്ച് മാസത്തിൽ രണ്ടാഴ്ചകളിൽ നടന്ന മൂന്നു യുദ്ധങ്ങളിലും 'പശച്ഛ' എന്ന പറങ്കിനായകൻ സാമൂരിയെ തോല്പിച്ചയച്ചു. പറങ്കികളും സാമൂരിയും തമ്മിലുള്ള കലഹം ഇതുകൊണ്ടവസാനിച്ചില്ലെങ്കിലും കൊച്ചിരാജാവും പറങ്കികളും തമ്മിലുള്ള വേഴ്ചയുടെ സ്ഥിരതയെക്കാണിപ്പാനിത്രമാത്രംകൊണ്ടു മതിയാകുന്നതാണ്.

അന്നു മുതൽക്കു പറങ്കികളുടെ കൊച്ചി അഭിവൃദ്ധിയെ പ്രാപിക്കുവാൻ തുടങ്ങി. 1524 ഒടുവിൽ ഗാമ വളരെ സ്ഥാനമാനങ്ങളോടുകൂടി മൂന്നാമതും കൊച്ചിയിൽ എത്തി. ആ ഡിസമ്പ്ര് 24-ാംനു-യൊ 25-ാംനു-യൊ കൊച്ചിയിൽകിടന്നു മരിക്കുകയും ചെയ്തു. ഡി ഗാമ കൊച്ചിയിൽവന്നു അധികകാലം കഴിച്ചുകൂട്ടുന്നതിന്നു മുമ്പുതന്നെ പ്രായാധിക്യംനിമിത്തം അയാളുടെ ജീവകാലംതന്നെ കലാശിച്ചേക്കാമെന്നു പോർട്ടുകൽരാജാവ് ആലോചിച്ചിട്ടു ഒരു തീട്ടൂരം എഴുതി മുദ്രവെച്ചു 'ഗാമയുടെ

കാലം കഴിഞ്ഞതിന്റെ ശേഷമേ മുദ്രപൊളിച്ചു തീട്ടൂരം വായിച്ചുകൂട' എന്ന നിബന്ധനയോടുകൂടി ശാമയുടെ വക്കൽ പുറപ്പെടുന്ന സമയം കൊടുത്തേല്പിച്ചിട്ടുണ്ടായിരുന്നു. ശാമയുടെ മരണാനന്തരം അതു പൊട്ടിച്ചു വായിച്ചുനോക്കിയപ്പോൾ 'ഹെൻറി മെനിസെസ്' എന്നൊരാളെ ശാമയുടെ സ്ഥാനത്തു നിയമിച്ചതായ ഒരു തീട്ടൂരമായിരുന്നു. അതിന്നുശേഷം റോമാമിഷ്യന്റെ പ്രചാരത്തിന്നുവേണ്ടി പലരും കൊച്ചിയിൽ വന്നുപോയിട്ടുണ്ട്. കടവിൽ ജെസ്യൂട്ട്സ് അച്ചന്മാരുടെ സ്വന്തമായി മുനമ്പത്തായിട്ട് ഒരു പള്ളി പണിയിച്ചു. 1577_ൽ കൊച്ചിയിൽ ഉണ്ടായിരുന്ന ജെസ്യൂട്ട്സ് എന്ന ഒരുവക ക്രിസ്തുമതാനുയായികളാണ് നാട്ടുഭാഷയിൽ ആദ്യപുസ്തകം അച്ചടിക്കാൻ തുടങ്ങിയത്. മലയാള അക്ഷരങ്ങൾ ഒന്നാമതായി കൊത്തി ബഹുമതി സമ്പാദിച്ചിട്ടുള്ള ആൾ ജോണസ്സ് ഗോൺസാൽവസ്സ് (Joannes Gonsalvez) എന്ന സ്പെയിനിലെ പട്ടംകിട്ടാത്ത ഒരു ജെസ്യൂട്ടാണ്. കൊച്ചിയിലെ അച്ചുകൂടത്തിൽ ആദ്യം അച്ചടിച്ചിട്ടുള്ള പുസ്തകത്തിൽ അയാൾ ഉണ്ടാക്കീട്ടുള്ള അച്ചുകളാണ് ഉപയോഗിച്ചിട്ടുള്ളത്. പുസ്തകത്തിന്റെ പേര് 'കത്തോലിക്കാമതപ്രാരംഭങ്ങൾ,' എന്നാകുന്നു. മലയാളാക്ഷരങ്ങൾ ഉണ്ടാക്കിയതി

ന്നുശേഷം അമ്പലക്കാടയിലും, പുളിക്കിയിലും ഉള്ള ജെസ്യൂട്ട്സ് തമിഴിലും ഈ മാതിരി ശ്രമങ്ങൾ ചെയ്തിട്ടുണ്ട്. ഇങ്ങിനെ മലയാളത്തിൽ അച്ചുകൊത്തലും അച്ചടിയും തുടങ്ങീട്ടു മുന്നൂററിമുപ്പത്തിമൂന്നു കൊല്ലത്തോളമായിരിക്കുന്നു. 1599 ജനവരി 25-ാംനു- ഡാൺ എലിക്സിസ്സ് ഡിമെനിസ്സസ്സ് (Don Elexis De Menizas) എന്നാൾ വളരെക്കാലമായി മലയാളത്തിൽ താമസിച്ചുവന്നിരുന്ന സുറിയാനികളെ റോമിൻെറ കീഴിൽ ആക്കുവാൻ 'മാർപ്പാപ്പ'യിൽനിന്നു സിദ്ധിച്ച പൂർണ്ണാധികാരത്തോടുകൂടി കൊച്ചിയിൽ വന്നു. ഇയാൾ ഉദയംപേരൂർവെച്ചു ഒരു സഭകൂടി പല സുറിയാനികളേയും വശീകരിക്കുകയും അവരുടെ പഴയ പുസ്തകങ്ങൾ ചുട്ടുകരിച്ചുകളയുകയും ചെയ്തു. 1599 അവസാനത്തിൽ അയാൾ കൊച്ചി വിട്ടുപിരിയുന്നതിന്നു മുമ്പായി രാജാവിനെച്ചെന്നുകണ്ടു ക്രിസ്തുമതത്തെ പരിപാലിക്കേണമെന്നു വളരെ വാഗ്ധാടിയോടുകൂടിപ്രസംഗിച്ചു. രാജാവിന്ന് അയാളെക്കുറിച്ചു എത്രതന്നെ നല്ല അഭിപ്രായമുണ്ടായിരുന്നാലും പറങ്കിരാജാവിങ്കൽനിന്നു തനിക്കുമാത്രം സിദ്ധിച്ചിട്ടുള്ള സ്ഥാനപ്പേരു പോക്കാട്ടു രാജാവിന്നു കൊടുത്തതോടുകൂടി മെനിസിസ്സിൻെറ നേരെ മാത്രമല്ല പറങ്കികളുടെ നേരെ മുഴുവനും സുഖക്കേടിന്നു കാരണമായിത്തീർന്നു. ഇതുതന്നെ മലയാളത്തിൽ പറങ്കികളുടെ

പ്രാബല്യം ക്ഷയിപ്പാനുള്ള കാരണവുമായിത്തീൎന്നു എന്നാണ് പറഞ്ഞുവരുന്നത്. സിറിയം എന്ന രാജ്യത്തിൽ നിന്നു മലയാളത്തിലേക്കു വരുന്ന മെത്രാന്മാരെയൊക്കെ വഴിയിൽ തടഞ്ഞു നിറുത്തണമെന്നു പറങ്കികൾക്കു മാൎപ്പാപ്പയുടെ കല്പനയുണ്ടായിരുന്നു. 'അററല്ല' എന്ന ഒരു സുറിയാനിമെത്രാനെ കല്പനപ്രകാരം വഴിക്കുവെച്ചു തടഞ്ഞു പിടിച്ചു തടവിൽ പാൎപ്പിച്ചപ്പോൾ 25,000 സുറിയാനിക്രിസ്ത്യാനികൾ അന്നു കൊച്ചിരാജ്യം വാണിരുന്ന അമ്മതമ്പുരാട്ടിയുടെ സഹായത്തോടുകൂടി പറങ്കികളോടെതിൎത്തു മെത്രാനെ ബന്ധനത്തിൽനിന്നു വിടുവിക്കുവാൻ ശ്രമിച്ചു. പക്ഷെ ഫലം ഒന്നും ഉണ്ടായില്ല. ആ മെത്രാനെ ഗോവയിലേക്കയച്ചു മതദ്വേഷിയുടെ നിലയിൽ ചുട്ടു കൊന്നു എന്നും കൊച്ചി അഴിമുഖത്തു കെട്ടിത്താഴ്ത്തിയെന്നും പക്ഷാന്തരങ്ങളുണ്ട്. എങ്ങിനെയെങ്കിലും മെത്രാനെ കൊന്നു എന്നതിന്നു സംശയമില്ല. ഈ ക്രൂരകൃത്യത്തിന്നു തക്കതായ ദൈവശിക്ഷ ഉടനെതന്നെ പറങ്കികൾക്കു ലഭിച്ചു. വളരെ കാലമായി പറങ്കികളായിട്ടു മല്ലുടിച്ചിരുന്ന ലന്തക്കാർ പടിഞ്ഞാറെ സമുദ്രവക്കിനുള്ള പ്രദേശങ്ങളൊഴികെ മറെറല്ലാം പറങ്കികളെ തോല്പിച്ചു കൈവശപ്പെടുത്തി. അതുകൊണ്ടും ഉ

ഷ്ടിപ്പെടാതെ കൊല്ലവും, കൊടുങ്ങല്ലൂരും കൈക്കലാക്കി. 1662 ആമാണ്ടിയിൽ കൊച്ചിയേയും ആക്രമിച്ചു.

*അക്കാലം കൊച്ചി കച്ചവടത്തിൽ പരിപുഷ്ടിയെ പ്രാപിച്ചിരുന്ന കാലമായിരുന്നു. ഒന്നരനാഴിക നീളവും ഒരു മയിൽ വീതിയും മാത്രമുള്ള ഈ ചെറിയ പട്ടണം അക്കാലങ്ങളിൽ പോർട്ടുഗീസ്സുകാർക്കു് ഇന്ത്യയിലുണ്ടായിരുന്ന പട്ടണങ്ങളിൽ 'ഗോവ' കഴിഞ്ഞാൽ പിന്നെത്തതിൽ പ്രധാനപ്പെട്ടതായിരുന്നു. സമുദ്രത്തിൽനിന്നു നോക്കിയാൽ അതിവിശേഷങ്ങളായ കെട്ടിടങ്ങളെക്കൊണ്ടും മറ്റും കൊച്ചിയുടെ കാഴ്ച ഏററവും രമണീയമായിരുന്നതിന്നു പുറമെ കടൽവക്കിനുള്ള കോട്ടകളും വാടകളും ശത്രുക്കൾക്കു് അലംഘനീയങ്ങളായ ദുർഗ്ഗങ്ങളും ആയിരുന്നു.

കൊടുങ്ങല്ലൂർ 'വ്യാൻഃഗാൻസ്സ്' എന്ന കമാൻെറ കീഴിലുള്ള ലന്തക്കാർക്കു് അധീനപ്പെട്ടതിൻെറ ശേഷം അവർ വൈപ്പുവഴി കൊച്ചിക്കോട്ടയ്ക്കു എതിരായിട്ടു വന്നു റോമൻകത്തോലിക്കാബിഷ

* റവറണ്ട് ടി വൈററ് ഹൌസ്സ്, ബി. എ. മുതലായ ചില മഹാന്മാർ വളരെക്കാലംമുമ്പ് എഴുതി അച്ചടിപ്പിച്ചിട്ടുള്ളതും ഇപ്പോൾ ഏററവും അപൂർവ്വവുമായ ചില പുസ്തകങ്ങളിൽനിന്നു പ്രധാന സംഗതികൾ സംഗ്രഹിച്ചിട്ടാണ് ഇത് എഴുതിയിരിക്കുന്നത്.

പ്പിൻെറ ഒരു വീട്ട കമാൻെറ തലസ്ഥാനമായി നിശ്ചയിക്കപ്പെട്ടു. അവിടത്തന്നെ ചുററും ഒരു കോട്ട കെട്ടി അതിന്നു 'മധുരനാരങ്ങക്കോട്ട' (Fort Orange) എന്നു പേരുകൊടുത്ത് അവിടെ എണ്ണൂറു പട്ടാളക്കാരെ പാർപ്പിച്ചു. എന്നിട്ടു 'വ്യാൻഗോൺസ്സ്' തെക്കേ വഴിക്കു കൊച്ചിയെ ആക്രമിക്കുവാനായി പുറപ്പെടുകയും ചെയ്തു.

ഈ അവസരത്തിൽ ലന്തക്കാർക്കു സഹായം നില്ക്കുവാനും അവരായിട്ടു സഖ്യം സംസാരിക്കുവാനും ഉറച്ചു കൊച്ചിരാജാവു കമാൻെറ കപ്പലിൽ കയറിച്ചെന്നു. ലന്തക്കാരുടെ പക്ഷത്തിലേക്കു ചാഞ്ഞു നില്ക്കുവാനാണ് രാജാവിന്നു വാസനയെന്നു പറങ്കികൾക്ക് ഊഹകിട്ടിയ മുതൽക്ക് അദ്ദേഹത്തിന്നുണ്ടായിരുന്ന അധികാരങ്ങൾ സകലത്തും അന്യാധീനപ്പെടുത്തുവാൻ തുടങ്ങുകയും 'ലന്തക്കാർ കൊച്ചിയിൽ കാലുവെക്കുന്നതിന്നു മുമ്പുതന്നെ രാജാവിൻെറ സകല അധികാരങ്ങളും അദ്ദേഹത്തിൻെറ മേലധികാരവും തങ്ങളുടെ ചൊല്പടിക്കു നിന്നിരുന്ന ചിററമ്മത്തമ്പുരാട്ടിയിൽ സമർപ്പിക്കയും ചെയ്തു. അന്നത്തെ രാജാവു പറങ്കിഭാഷയിൽ ഒരു വിധം വിദ്വാനും യുദ്ധകാര്യങ്ങളിൽ അതിവിദഗ്ദ്ധനും ആയിരുന്നു. അദ്ദേഹം അയൽദേശങ്ങളിൽ നിന്നു ലന്തക്കാർക്കു 'കൊററും കോളും ശേഖരിച്ചു

കൊടുത്തും മററുവിധത്തിൽ സഹായിച്ചുകൊടുത്തും വന്നിരുന്നതുകൊണ്ടു 'വ്യാൻഗോൻസ്സ്' വളരെ ബുദ്ധിമുട്ടൊന്നും കൂടാതെ കൊച്ചിയുടെ തെക്കെവശത്തു കപ്പൽ ഇറങ്ങി തലേദിവസം പറങ്കികൾ നശിപ്പിയ്ക്കുവാൻ ഉത്സാഹിച്ച ഒരു പള്ളിയുടെ മതിൽക്കെട്ടിനകത്തു പാളയമടിച്ചു. ആയാളുടെ പിന്നത്തെ പുറപ്പാടു ചിററമ്മത്തമ്പുരാട്ടി താമസിച്ചിരുന്ന കോവിലകത്തേക്കായിരുന്നു. അവിടെ ഒരു വലിയ നായർപ്പട പറങ്കികളെ സഹായിക്കുവാൻ സന്നദ്ധമായി നിൽപ്പുണ്ടായിരുന്നു. പറങ്കികൾ കൊച്ചിയിൽ വന്നിട്ട് അറുപതുകൊല്ലം കഴിഞ്ഞതിൻെറ ശേഷം കൊച്ചിരാജാക്കന്മാൎക്കുവേണ്ടി പണിതീൎപ്പിച്ചിട്ടുള്ളതാണ് ഈ കോവിലകമെന്നു പറഞ്ഞുവരുന്നു. ഇത് ഇപ്പോഴുമുള്ള മട്ടാഞ്ചേരി കോവിലകം ഇരിക്കുന്ന സ്ഥാനത്തുതന്നെയായിരിക്കണം സ്ഥിതിചെയ്തിരുന്നത്.

'ലന്തകൾ' കോവിലകത്ത് എത്തിയപ്പോൾ സുരാമത്തന്മാരായ നായർപട്ടാളക്കാർ ഇരുകൈകൊണ്ടും പിടിക്കുന്നതായ ഒരുമാതിരി നീണ്ട വാളുകളോടുകൂടി അവരുടെ നേരിട്ടു മേൽകീഴ നോക്കാതെ തള്ളിക്കയറി. ഈ ആരംഭപരാക്രമത്തിൻെറ തീക്ഷ്ണതകൊണ്ട് ആദ്യം ലന്തകൾ ഒന്നു

പിന്നോക്കം ഇരുത്തിപ്പോയി. ഉടനേ തന്നെ നിജ ബലത്തെ വീണ്ടും കൂട്ടിപ്പിടിച്ചു നായർപ്പടയെ കോവിലകപ്പുറമ്പിലേയ്ക്കു മടക്കി അയച്ചു. അവിടെ വെച്ചു നായർപ്പടയിൽ നാലുപേർ മാത്രം ശേഷിയ്ക്കുന്നതുവരെ അതിഭയങ്കരമായ യുദ്ധമുണ്ടായി. ഒടുവിൽ 'ലന്ത'പ്പട്ടാളത്തിൽനിന്നു 'ഹെൻറി എഡ്രിയൻവാൻറീഡ്' എന്ന അത്യുത്സാഹിയും ചെറുപ്പക്കാരനുമായ ഒരു വെറും കൊടിക്കാരൻ കോവിലകത്തിനുള്ളിൽ കടന്നു ചിറ്റമ്മത്തമ്പുരാട്ടിയെ ബന്ധനത്തിൽപ്പെടുത്തി. എങ്കിലും രാജാവിന്റെ അപേക്ഷപ്രകാരം തമ്പുരാട്ടി പിന്നീടു ലന്തകളുടെ ദയയ്ക്കു പാത്രമായി ഭവിച്ചു. രൂപലാവണ്യം വളരെ കുറഞ്ഞും ആഭരണങ്ങൾ ധാരാളം അണിഞ്ഞും ഉള്ള ഒരു വയോധികയായിട്ടാണ് തമ്പുരാട്ടിയെ വർണ്ണിച്ചുകാണുന്നത്.

1662-ൽ ആകുന്നു ഈ ലന്തപ്പട നടന്നിട്ടുള്ളത്. ഈ യുദ്ധം കഴിഞ്ഞു പിറേറദിവസം 'വാസ്' എന്ന ഒരു നായകന്റെ കീഴിൽ 'ലന്തകൾ' കോട്ടപിടിക്കുവാനുത്സാഹിച്ചപ്പോൾ നായകൻ വീണുപോയതിനാൽ അവക്കു വളരെ തോൽമയും അപായവും സംഭവിച്ചു. 'ലന്തകൾ' ഇതുകൊണ്ടു കൂസാതെ കോട്ടയുടെ ചുററും വളഞ്ഞു കുററിയും വാടയും തീർത്തു കൊററും കോളും കടത്താതെ കാ

ത്തുനിലവായി. കോട്ടയുടെ ഉള്ളിലുള്ളവർ സംഖ്യ
യിൽ ലന്തകളേക്കാൾ അധികരിച്ചിരുന്നതുകൊണ്ടു
കീഴടങ്ങാതെ പൊരുതികൊണ്ടുതന്നെ നിന്നു. പ
കൽ സമയത്തു വീരങ്കികൊണ്ടു പാറിട്ടുള്ള കേടു
പാടുകൾ സകലത്തും രാത്രികാലങ്ങളിൽ തീൎത്തും
പകൽ മുഴവനും യുദ്ധം ചെയ്തും കുറേ പക്ഷങ്ങൾ
ചെന്നപ്പോൾ പോൎക്കാട്ടു രാജാവ് അറുനൂറു ആൾ
ക്കാരോടുകൂടി പറങ്കികളെ സഹായിക്കുവാൻ വരു
ന്നുണ്ടെന്നും വൎഷകാലം അടുത്തുവെന്നും അറി
ഞ്ഞു തൽക്കാലം യുദ്ധം നിറുത്തി. പറങ്കികൾ അ
റിയാതെ ഉപായത്തിൽ കൊച്ചിവിട്ടു പിൻവാ
ങ്ങി. പിറേറദിവസം ഉച്ചതിരിഞ്ഞപ്പോഴേ ലന്ത
കൾ പോയിയെന്നു പറങ്കികൾക്കു അറിയുവാൻ
സാധിച്ചുള്ളൂ. 'ബോർഡാപ്പ്' എന്ന ഒരു ലന്ത
ക്കാൺസ്റ്റേബ്ബിൾ 'നില്ക്കു, വരട്ടെ' എന്നും മററും വി
ളിച്ചു നിലവിളിച്ചുകൊണ്ടു രാത്രി മുഴവനും ഓടി
നടക്കുകയും ഒററുകാരനായ ഒരു ജൂതൻ ക്രമത്തിനു
മണി അടിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഇ
തിൻെറ ഇടയ്ക്കു 'ലന്തകൾ' ഒന്നൊന്നായി എല്ലാ
വരും പിൻമാറി രക്ഷപ്പെട്ടു. 'വ്യാൻഗോൺസ്സ്'
കൊച്ചി വിടുന്നതിന്നു മുമ്പായി 'മധുരനാരങ്ങ
ക്കോട്ടയിൽ' എഴനൂറു പട്ടാളക്കാരേയും കൊടുങ്ങ
ല്ലൂർ കോട്ടയിൽ അഞ്ഞൂറ് ആളുകളേയും പാൎപ്പി

ച്ച കാലവർഷം കഴിഞ്ഞു തുലാവർഷം തുടങ്ങിയ പ്പോൾ (അക്ടോബർ 25-ാംനു-) 'ഹസ്ടാക്ക്' എന്ന ജനറാൽ ലന്തപ്പടക്കോപ്പുകളോടുകൂടി രണ്ടാമത്തും കൊച്ചിയിൽ വന്നു. ശത്രുക്കളെ തടുത്തു നിറുത്തുവാൻ സാധിക്കയില്ലെന്നു കണ്ടിട്ടു പറങ്കികൾ പല നല്ല നല്ല കെട്ടിടങ്ങൾക്കും കൊള്ളിവെച്ചു. ആ കൂട്ടത്തിൽ 'സെൻറ് ജോൺ' കന്യകാമഠം മാത്രം രക്ഷപ്പെട്ടു ലന്തജനറാൾ അവിടെ തന്റെ ആപ്പീസ്സു സ്ഥാപിക്കപ്പെട്ടു. ഒരു മാസം കഴിഞ്ഞപ്പോൾ വിരോധിയായ 'പോക്കാട്ടു' രാജാവിനോടു പകരം ചോദിക്കുവാനായി 'വ്യാൻ ഗോൺസ്സ്' തന്നെ അനവധി സൈന്യത്തോടുകൂടി കൊച്ചിയിൽ വന്നു താമസിയാതെ എറണാകുളത്തേക്കു കടന്നു. അവിടെ വെച്ച് ഒരു പെരുമ്പടയുണ്ടായി. ലന്തകൾ വഞ്ചികളിൽ നിന്നുകൊണ്ടുതന്നെ അടുത്തുവരുന്ന നായന്മാരെ കുടുമമ്മ പിടിച്ചുവലിച്ചിഴച്ചു കുത്തിപ്പിളർന്നു തുടങ്ങി. നായന്മാരും കലികൊണ്ടു കൂട്ടത്തിൽ പടവെട്ടിക്കേറി ശത്രുക്കളെ സംഹരിച്ചുതുടങ്ങി. ഈ യുദ്ധത്തിലുണ്ടായ ചോരപ്രളയംകൊണ്ടു കൊച്ചിക്കായൽ കൂടി നിറം പകർന്നുവെന്നാണ് പറയുന്നത്. 'റീ'ക്കപ്പിത്താൻ സഹായസൈന്യത്തോടുകൂടി വരുന്നതുവരെ രാജസൈന്യം ഒരു വിധം കിടപിടിച്ചു നിന്നു. അ

യാറം വന്നതോടുകൂടി രാജാവും പരിവാരവും പിന്തിരിക്കോടുകയും ആ യുദ്ധം അവിടെ കലാശിക്കുകയും ചെയ്തു.

1663 ധനു 24-ാംനു- കൊച്ചിക്കോട്ടയും ലന്തകറം കൈവശപ്പെടുത്തി പറങ്കികളെ അവിടെനിന്നും ഇറക്കി അയച്ചു. എന്നിട്ട രണ്ടു ദിവസം മുഴവനും കൊച്ചിപ്പട്ടണം ലന്തപ്പടയ്ക്കു കൊള്ളയിടുവാനായി ഉഴിഞ്ഞിടുകയും ചെയ്തു. എന്നാൽ പറങ്കികറം കട്ടമുക്കാലും സാമാനങ്ങറം ഒളിപ്പിക്കുകയും സ്ഥലം മാററുകയും ചെയ്തിരുന്നതിനാൽ ലന്തപ്പടയ്ക്കു വിചാരിച്ചിരുന്നപോലെ ഇഷ്ടം സാധിക്കുവാൻ കഴിഞ്ഞില്ല.

കോട്ട പിടിച്ചതായി അറിഞ്ഞു പോക്കോട്ടരാജാവും ലന്തകളായിട്ട സഖ്യം പ്രാപിച്ചു. ഈ യുദ്ധം തുടങ്ങുന്നതിന്നു മുമ്പുതന്നെ ലന്തരാജ്യമായ 'ഹോളണ്ടും' പറങ്കിരാജ്യമായ 'പോർട്ടുഗലും' തമ്മിൽ സഖ്യം കഴിഞ്ഞിരുന്നു. ഈ വിവരം 'വ്യാൻഗോൺസ്സിന്' അത്ര്യമെ ത്രപമുണ്ടായിരുന്നുവെങ്കിലും അതിനെ മറച്ചുവെച്ചു പറങ്കികളായിട്ടു പടപൊരുതിയതു കുറേക്കൊല്ലം മുമ്പ് ബ്രസീൽരാജ്യത്തിൽ ചേന്ന 'പെർനാംമ്പുക്കോ' പിടിച്ചപ്പോറം പറങ്കികറം ലന്തകളെ ചതിച്ചതിന്നു പകരമായി കൊച്ചിപിടിച്ചടക്കി പറങ്കികളുടെ ചതിപ്രയോഗം അവരുടെ നേരെത്തന്നെ തിരിച്ചടിച്ചതായിട്ടാണു പറഞ്ഞുവരുന്നത്. കൊച്ചി ലന്തകറക്കു അധീന

പ്പെട്ടതിന്റെ ശേഷം ആദ്യം വന്നിട്ടുള്ള 'ഗവണ്ണർ ഡൊമർ' 'പീറർഡിബീറർ' 'ചാറത്സ് വാൽക്കെൻബർഗ്ഗ്' എന്ന രണ്ടു ലന്തക്കാരാണെന്നാണ് 'പയോളി' മുതലായവർ പറഞ്ഞുകാണുന്നത്. 1668_ൽ കമ്പനിയുടെ പ്രതിനിധിയായി 'ലുഡോൾഫ് കോസ്റ്റർ' എന്നൊരാളാണ് കൊച്ചി വാണിരുന്നത്.

ലന്തകൾ കൊച്ചി വാണിരുന്ന കാലത്തു പറങ്കികളുടെ കൊച്ചി ഒരു വിധം ഒടച്ചുവാർത്തു എന്നതന്നെ പറയാം. കോട്ടയുടെ വിസ്താരം വളരെ ചുരുക്കി. സമാധാനകാലത്തു നാലായിരം പട്ടാളക്കാർ അവിടെ സ്ഥിരതാമസമുണ്ടായിരുന്നു. ആവശ്യമുണ്ടെങ്കിൽ പതിനയ്യായിരം ആളുകൾ അതിന്റെ ഉള്ളിൽ ഒതുങ്ങുകയും ചെയ്യും. യൂറോപ്യന്മാരായ റോമാ പാതിരിമാരോടൊക്കെ കൊച്ചി വിട്ടുപോകുവാൻ കല്പനകൊടുത്തു. അനവധി കന്യകാമഠങ്ങളും പള്ളികളും ശൂദ്ധശൂന്യം വരുത്തി, പല പ്രതിമകളും തട്ടിത്തകർത്തു. 'സാൻറ ക്രൂസ്സ്' പള്ളി കുരുമുളക്, അരി മുതലായ കച്ചവടച്ചരക്കുകൾ സൂക്ഷിപ്പാനുള്ള കലവറയാക്കിത്തീർത്തു. തെരുവുകളുടെ പേരുകൾ മാറിയതല്ലാതെ മററു വ്യത്യാസങ്ങൾ വളരെയൊന്നും വരുത്തിയില്ലെന്നാണ തോ

നുന്നത്. കോട്ടയുടെ വടക്കപടിഞ്ഞാറുകോണി ലായിട്ടു കമാൻറ വീടു പണിതീപ്പിച്ചു. അക്കാലത്തു ഇപ്പോഴത്തെ കൊച്ചിക്കായൽ (അന്നു പുഴ) കാൽ മയിൽ മാത്രം വിസ്താരമുള്ളതും വളരെ ആഴമുള്ളതും ആയിരുന്നുവത്രെ. ഇപ്പോൾ റോമൻ കത്തോലിക്കാപ്പള്ളി ഇരിക്കുന്ന സ്ഥാനത്തു അന്നു പല മാതിരി വൃക്ഷലതാദികളെക്കൊണ്ടു നിറയപ്പെട്ടു ഒരു തോട്ടമായിരുന്നു.

വയ്പിൽ തുരുത്തും അന്നു ലന്തക്കാരുടെ കീഴിലായിരുന്നു. കൊടുങ്ങല്ലൂരും കൊച്ചിയിലും അവരുടെ അനുവാദം കൂടാതെ കപ്പലുകൾ അടുത്തുകൂടാ. അവർ കൊടുങ്ങല്ലൂർ അഴിമുഖത്തിന്നു ദശ്നമായിട്ടു വടക്കെ അററംകൊണ്ടു ഒരു ചെറിയ കാവൽക്കോട്ടയും ഉണ്ടായിരുന്നു.

പള്ളികളേയും കന്യാകാമഠങ്ങളേയും നശിപ്പിക്കലും യൂറോപ്യൻ പാതിരികളെ ആട്ടിപ്പായിക്കലും കൂടി കൊച്ചിനിവാസികളെ തീരെ ഭയപരവശന്മാരാക്കിത്തീത്തു. അവരിൽ പലരും തങ്ങളുടെ ഐഹികസുഖങ്ങളെക്കൂടി ഉപേക്ഷിച്ചു ഭയം ഹേതുവായിട്ടു നാടുവിട്ടു ഓടിപ്പോയി. ഒടുവിൽ ലന്തകൾ തങ്ങളുടെ വിജയത്തിൻറ ഫലം ഒഴിഞ്ഞ പുരകളും ആൾസഞ്ചാരമില്ലാത്ത തെരുവുകളും മാത്രമായി ശേഷിക്കുമെന്നു ഭയപ്പെട്ടു അവരുടെ ആ

ദ്യത്തെ നടവടിയെ അല്പം ഭേദപ്പെടുത്തുകയും അവർ കൈകേറി പാൎത്തിരുന്ന ഫ്രാൻസിസ്കൻ പള്ളിയെ മടക്കിക്കൊടുത്തു സാന്ത്വനപ്രവൃത്തികളെക്കൊണ്ടു ആളുകളെ തിരിയെ ആകൎഷിക്കുകയും ചെയ്തു. എന്നാൽ കുറേ കാലം കഴിഞ്ഞതിൻെറ ശേഷം ലന്തക്കാർ ആരാധനക്രമത്തെ നവീകരിക്കുകയും റോമായോഗക്കാർ വൈപ്പിൽ പട്ടണം അവരുടെ തലസ്ഥാനമാക്കി കല്പിക്കുകയും ചെയ്തതോടുകൂടി ആ പള്ളി തന്നെ അവർ വീണ്ടും കൈവശപ്പെടുത്തി. റോമായോഗക്കാരുടെ പണ്ടത്തെ പള്ളി ഇന്നും പൂർവ്വസ്ഥാനത്തു സ്ഥിതിചെയ്യുന്നുണ്ട്. റോമാപാതിരികളെ അടച്ചു നാടു കടത്തിയ കൂട്ടത്തിൽ പറങ്കികളുടെ കാർമലൈററ് ബിഷപ്പായ ജോസേഫ് ഡിസെൻററ് മെറിയം എന്നാൾകൂടി കഴിവാക്കപ്പെട്ടിട്ടില്ല. ഈ പാതിരിമാർ മലയാളത്തിലെ ആദിമനായ അപ്പോസ്തോലിക്ക് വികാരിയുടെ നിലയിൽ അന്നു റോമായോഗത്തിലേക്കു ബലാൽക്കാരേണ കീഴടക്കപ്പെട്ട പുരാതന സിറിയൻ പള്ളികളുടെ മേൽവിചാരം നോക്കിയിരുന്നു. ഈ കാരണത്താൽ മററുള്ള യൂറോപ്യൻ പാതിരികളിൽ നിന്നും വിശേഷമായ ബഹുമതി ഇദ്ദേഹത്തിന്നു സിദ്ധിക്കയുണ്ടായി. അതായതു നാട്ടുകാർ * പറമ്പിൽ ചാണ്ടി എന്നും മററു

---

* നാട്ടുകാരിൽ ആദ്യത്തെ ബിഷപ്പ്.

ള്ളവർ അലക്സാണ്ടർ നിക്ക്യാംപോട് എന്നും വിളി ച്ചുവന്നിരുന്ന ഒരു നാട്ടുകാരനായ കത്തനാരെ ത ൻെറ സ്ഥാനത്ത് അവരോധിക്കുന്നതുവരെ കൊ ച്ചിയിൽതന്നെ താമസിക്കുവാൻ വിജയികളിൽ നിന്നു തനിക്ക് അനുവാദം ഉണ്ടായി എന്നുള്ള പ്ര ത്യേക സംഗതിയാകുന്നു.

ഈ കലാപത്തിൽ 'ലന്തകളെ' ഉപായവഴിക്കു തോല്പിക്കുവാൻ റോമാപാതിരികളിൽ ആരുംത ന്നെ ഉണ്ടായില്ലെന്നില്ല. ജെസ്യൂട്ട്സ് കൊച്ചിയി ലും കൊടുങ്ങല്ലൂരുമുള്ള അവരുടെ ഇരിപ്പിടങ്ങളെ ഉപേക്ഷിക്കുകയും സാമൂതിരിയുടെ രാജ്യങ്ങളിൽ ചെന്നു കുടിപാർക്കുകയും ചെയ്തുവെങ്കിലും കാർമൊ ലൈററ് ബിഷപ്പു പറമ്പിൽ ചാണ്ടിയുടെ അവ രോധത്തിനു ശേഷം ഗോവയിലേയ്ക്കു കപ്പൽ കയ റി വിജയികളുടെ ശാസനയ്ക്കു കീഴ് വണങ്ങി എ ങ്കിലും അദ്ദേഹത്തിൻെറ അടുത്ത ബന്ധുക്കളും സ ഹായികളും വാസ്തവത്തിൽ കൊച്ചിവിട്ടു പോകാ തെ ഭാവിശ്രേയസ്സിനെ പ്രതീക്ഷിച്ചുകൊണ്ടു അക ലെയുള്ള നാട്ടുപുറങ്ങളിൽ ഒളിച്ചു താമസിച്ചതേയു ള്ളൂ. ഇവർ ആഗ്രഹിച്ചിരുന്ന ഭാഗ്യോദയകാലം 1678-ൽ അവക്കു കാണുവാൻ സംഗതിയായി. അ വരുടെ യോഗത്തിൽപെട്ട മാത്യൂസ് 'ജോസേഫ്' എന്നാം 'ഫെൻപൊൻറീഡ്' എന്ന ലന്തഗവ

ണ്ണരുടെ സേവകൂടി കൂട്ടുകാറക്ക് ഒളിസ്ഥലം വിട്ടു വെളിസ്ഥലത്തു സഞ്ചരിക്കുവാൻ സമ്മതം വാങ്ങുകയും കൊച്ചിയിൽനിന്നു രണ്ടും മൂന്നും നാഴികയിൽ അധികം ദൂരെയല്ലാത്ത എറണാകുളത്തു 'ചെത്ത്യാട്' എന്ന സ്ഥലത്ത് ഒരു പാതിരിഗൃഹം പണിയുവാൻ അനുവാദം വാങ്ങുകയും ചെയ്തു. ലന്തക്കാർ റോമാപാതിരിമാരുടെ നേരേ കാണിച്ച ക്രൂരഭാവം മുഴുവനും അവരുടെ സ്വമേധയ്ക്കുള്ളതല്ലായിരുന്നു. 'ക്ര്യാണ്ടി'രാജാവു ലന്തക്കാരയിട്ടു സഖ്യംപ്രാപിച്ചപ്പോൾ 'രാജ്യത്തിന്റെ നാശകൃത്തുകളും, സകല കലാപങ്ങൾക്കും കാരണഭൂതന്മാരുമായ അവരെ (റോമാപാതിരികളെ) അദ്ദേഹത്തിന്റെ (ക്ര്യാണ്ടിരാജാവിന്റെ) രാജ്യങ്ങളിൽനിന്നു ഒഴിപ്പിച്ചയക്കേണ്ടതു നിർബ്ബന്ധമാകുന്നു' എന്ന ഒരു നിശ്ചയംകൂടി സഖ്യവാചകത്തിൽ ചേർത്തിട്ടുണ്ടായിരുന്നു. ഈ നിബന്ധനമൂലം ലന്തനാട്ടുകളിലുള്ള നാട്ടുക്രിസ്ത്യാനികൾകൂടി തങ്ങൾ പറങ്കിരാജാവിനോടും പറങ്കി ബിഷപ്പുമാരോടും തങ്ങൾക്കുള്ള വണക്കം തീരെ കൈവെടിഞ്ഞിരിക്കുന്നുവെന്നു സത്യം ചെയ്യേണ്ടതായി വന്നു. റോമക്കാരുടെ പക്ഷത്തിലേയ്ക്കു ആ നിഷ്ഠുരനായ ലന്തഗവർണ്ണദോരെ നിഷ്പ്രയാസം സ്വാധീനപ്പെടുത്തിയ 'കാർമൊലൈറ്റ് മാത്ത്യൂസ്' ചില്ലറക്കാ

രനായിരുന്നില്ല. പൂൎണ്ണമായ പഠിപ്പും സകല ഭാഷകളിലും വൃത്തിയായ അറിവും ജനരഞ്ജനയും ഉണ്ടായിരുന്ന ആയാൾ ഗവൎണ്ണരോക്ക പ്രിയപ്പെട്ട ഒരു തൊഴിൽ സഫലീകരിക്കുന്നതിൽ സഹായിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ഇഷ്ടത്തെ സമ്പാദിച്ചു നിലനിൎത്തിക്കൊണ്ടു പോന്നു. മലയാള (Hostus Mal. Baricus) ഔഷധശാസ്ത്രം എന്ന പ്രസിദ്ധപ്പെട്ട ഗ്രന്ഥത്തെ നിൎമ്മിക്കുകയായിരുന്നു ഈ മേൽപറഞ്ഞ തൊഴിൽ. വളരെ കാലമായുള്ള അദ്ധ്വാനത്തിന്റെ ഫലമായിട്ടു 1686-നും 1763-നും മദ്ധ്യത്തിൽ 794 ചിത്രങ്ങളോടുകൂടി പന്ത്രണ്ടു പുസ്തകങ്ങളായിട്ടു ഈ ശാസ്ത്രഗ്രന്ഥം 'ആംസ്റ്റർഡാം' എന്ന സ്ഥലത്തു പ്രസിദ്ധീകരിക്കപ്പെട്ടു.

യൂറോപ്യന്മാരായിട്ടും നാട്ടുകാരായിട്ടും അനേകം ആളുകൾ ഈ ഗ്രന്ഥനിൎമ്മാണത്തിൽ ഏൎപ്പെട്ടിട്ടുണ്ടായിരുന്നു. ഔഷധങ്ങളുടെ ഫലത്തെപ്പറ്റി 'രങ്കഭട്ടൻ' 'വിനായകപണ്ഡിതർ' 'അപ്പുഭട്ടൻ' എന്നു മൂന്നു ബ്രാഹ്മണരും 'ഇട്ടിഅച്ചുതൻ' എന്നൊരു ചോവനും ആകുന്നു വേണ്ട വിവരങ്ങൾ ശേഖരിച്ചുകൊടുത്തിട്ടുള്ളത്, മലയാളനാടു മുഴുവനും തേടി പല വിധത്തിലുള്ള ഓഷധികളും ശേഖരിച്ചു കൊച്ചിയിൽ കൊണ്ടുവരികയും പുതുതായ തരങ്ങളൊക്കെ 'മാത്ത്യൂസ്' ശരിയായിട്ടു ചിത്രത്തിൽ കുറി

ക്കുകയും ചെയ്തിട്ടുള്ളതുകൊണ്ട് അതാതിന്റെ ചിത്രം കാണുന്നവൎക്ക് ഔഷധികൾ വേർതിരിച്ചറിവാൻ യാതൊരു പ്രയാസവുമുള്ളതല്ല. മരുന്നുകളുടെ പേരുകൾ ആദ്യം മലയാളത്തിൽ എഴുതി പിന്നീടു കൊച്ചിയിൽ താമസിച്ചിരുന്ന 'ഇമാന്യുവൽ കാണീറോ' എന്നൊരാൾ പറങ്കിഭാഷയിൽ തർജ്ജമചെയ്കയുമാണ് ഉണ്ടായിട്ടുള്ളത്. യൂറോപ്പിലുള്ള എല്ലാ രാജ്യക്കാൎക്കും സുഗമമാകുവാൻവേണ്ടി 'ഫേർമൻവ്യാൻ ട്ടയെഫ്' എന്നൊരാൾ അതിനെത്തന്നെ ലത്തീൻഭാഷയിലും തർജ്ജമചെയ്തിട്ടുണ്ട്. ഇത്ര വലുപ്പത്തിലും ഇത്ര നന്നായിട്ടും ഉള്ള ഒരു പുസ്തകം ഉണ്ടാക്കുന്നതിൽ യത്നിച്ചിട്ടുള്ള എല്ലാവരുടേയും യശസ്സിന്നു ഒരു സ്മാരകസ്തംഭം ഈ വിശിഷ്ടമായ ശാസ്ത്രഗ്രന്ഥം തന്നെയാകുന്നു. 'വ്യാൻറീഡി'ന്റെ പിൻവാഴ്ചക്കാരായ ഗവൎണ്ണദോരന്മാർ അയാളെപ്പോലെ റോമൻകത്തോലിക്കുകാൎക്ക് അനുകൂലികളായിരുന്നില്ല. എന്നാൽ 1698_ൽ 'ലിയോപ്പാൾഡ്' ചക്രവൎത്തിയുടെ കത്താശയോടുകൂടി ഒരു ബിഷപ്പിന്റെ കീഴിൽ പന്ത്രണ്ടു കാർമെലൈററ് പാതിരിമാൎക്ക് താമസിക്കുവാനും സ്വത്തു സമ്പാദിക്കുവാനും വിരോധമില്ലെന്നു ലന്തക്കമ്പെനിയിൽനിന്ന് അനുവാദം സിദ്ധിച്ചു രണ്ടു കൂട്ടക്കാരും തമ്മിൽ ഉണ്ടായിരുന്ന സ്വാച്ഛേച്ഛയില്ലായ്മ ഒരു വിധം ഒതുങ്ങി തീൎന്നു. ഈ സംഗതി നടക്കുന്നതിന്നു ഏഴ് കൊല്ലം മുമ്പു

1691-ൽ 91-ാമത്തെ വയസ്സിൽ മാത്ത്യൂസ് കംലാന്തരത്തെ പ്രാപിച്ചു. 1757 ഒടുവിൽ 58 ആണ്ടും 'ആങ്കററിൽ ഡ്യൂപെറാൺ' എന്ന ഒരു പരന്ത്രീസ്സുകാരൻ കൊച്ചി സന്ദർശിച്ചപ്പോൾ ലന്തക്കമ്പനിയിൽ പ്രധാനികളായിട്ടു, ഗവൎണ്ണരൊരും കമാന്ദരും ആയിട്ടു് ഒരാളും എട്ടു സഭാംഗങ്ങളും കൂടി ഒമ്പതു് ഉദ്യോഗസ്ഥന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ സഭാംഗങ്ങൾക്കു് ഒക്കെ ഖജാൻജി, സിക്രട്ടേറി മുതലായി ഓരോ പ്രത്യേക ഉദ്യോഗങ്ങളും ഉണ്ടായിരുന്നു. ലന്തക്കമ്പനിയുടെ പട്ടാളക്കാരിൽ ഒരു കപ്പിത്താൻെറ മാസപ്പടി അമ്പതുറുപ്പിക മാത്രവും മററുള്ളവൎക്കു് അവരവരുടെ ഉദ്യോഗച്ചെറുപ്പംപോലെ ചുരുങ്ങിയ സംഖ്യകളും ആയിരുന്നു. ഉറുപ്പികയ്ക്കു 20 വീതം നില്ക്കുന്ന ഒരു ജാതി പണം 212-ൽ സാധാരണച്ചിലവുകൾക്ക വേണ്ടതു പിടിച്ചു ബാക്കി 110 പണം മാത്രമെ പട്ടാളക്കാൎക്ക കൊടുത്തിരുന്നുള്ളൂ. അവൎക്കു് ആഹാരവും ഉടുപ്പുകുപ്പായവും വേണ്ടപോലെ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അവരിൽ മിക്കപേരും കുഷ്ഠരോഗികളുമായിരുന്നു. ഇതിനുള്ള മുഖ്യകാരണങ്ങൾ ആഹാരമില്ലായ്കയും, ഉപ്പുമീനും, ഉപ്പുവെള്ളവും ഉപയോഗിക്കയും ആയിരിക്കണമെന്നാണു് 'ഡ്യൂപെ

റോൺ' പറഞ്ഞുകാണുന്നത്. പള്ളിമൈതാനത്തിലും കായലിലുണ്ടായിരുന്ന മെഴുതിരിത്തുരുത്തിന്മേലും (Candle Island) ദുഷ്ടന്മാരെ ഭയപ്പെടുത്തുവാനായി തൂക്കുമരങ്ങൾ നിറുത്തിയിരുന്നതായും കായലിൽ 'ഉപ്പുകുത്തിയപോലെ' വ്യാപിച്ചുകിടന്നിരുന്ന മററനേകം തുരുത്തുകളിൽ ലന്തപ്രഭുക്കന്മാക്ക തോട്ടങ്ങൾ ഉണ്ടായിരുന്നതായും ദ്രുവെറോൺ കൊച്ചിയുടെ ആകൃതിവണ്ണനയിൽ വിവരിച്ചുകാണുന്നു. 1751-ൽ അടുത്തകാലത്തു ലന്തക്കമ്പനിയുടെ കാൎയ്യങ്ങൾ വളരെ ഗുണമുള്ള സ്ഥിതിയിൽ ആയിരുന്നില്ല. വാസ്തവത്തിൽ തിരുവിതാംകൂറുമഹാരാജാവു അവരുടെ ദുദ്ദശയെപ്പററി അനുശോചിക്കത്തക്കവണ്ണം അവർ പല വിധത്തിലുള്ള കഷ്ടനഷ്ടങ്ങളും അനുഭവിച്ചിരുന്നു. വഞ്ചിമാത്താണ്ഡമഹാരാജാവിന്റെ അനഗ്ഗളമായ അതിമോഹവും അയൽദേശങ്ങളിലുള്ള ആക്രമണങ്ങളും ലന്തകൾക്കു സുഖക്കേടിനുള്ള വഴികളായിരുന്നു. ഒരിക്കൽ മഹാരാജാവായിട്ടു ചങ്ങനാട്ടുറാണിയുടെ കാൎയ്യങ്ങളെക്കൊണ്ടു ആലോചിപ്പാനായി മഹാരാജാവിന്റെ അടുക്കലേക്കു 'ബാറൻ ഇംഹോഫ്' എന്നാളെ പറഞ്ഞയച്ചപ്പോൾ അയാളോടു മഹാരാജാവു തനിക്കു ലന്തകളെ യാതൊരു ഭയവുമില്ലെന്നു തുറന്നുപ

റഞ്ഞു. അതു കേട്ടു ബാറൻ തിരുവിതാംകൂർരാജ്യ
ത്തെ ആക്രമിയ്ക്കുമെന്നു ഭയപ്പെട്ടത്തിയാറെ തനി
ക്കു രക്ഷപ്പെടുവാൻ തക്കതായ * ദുൎഗ്ഗങ്ങളും ഉണ്ടെ
ന്നു മഹാരാജാവു മറുപടി പറയുകയും അങ്ങിനെ
യുള്ള ദുൎഗ്ഗങ്ങളെക്കൂടി ഭേദിക്കുവാൻ ലന്തക്കമ്പനി
ക്കു ശക്തിയുണ്ടെന്നു വീണ്ടും ബാറൻ എതിൎത്തു പ
റഞ്ഞപ്പോൾ നല്ല കാലം നോക്കി 'ഞാനും കുറെ
വഞ്ചിക്കാരുംകൂടി യൂറോപ്പു മുഴവനും പിടിക്കുവാൻ
ഭാവിക്കുകയാണെന്നു' ഭംഗിയിൽ കൊള്ളിച്ചു പറ
കയും ചെയ്തു. അവിടെവെച്ചു അവർതമ്മിൽ ശ
ണ്ഠയായി പിരിയുകയും ലന്തയും തിരുവിതാംകൂറും
തമ്മിൽ യുദ്ധത്തിനുള്ള വട്ടം തുടങ്ങുകയും ചെയ്തു.

വളരെ കൊല്ലം കഴിയുന്നതിന്നു മുമ്പു തിരു
വിതാംകൂർ മഹാരാജാവു സാമൂതിരി, ഇവരെ
ക്കാൾ ഭയപ്പെടേണ്ടവരായ ഹൈദരാലിയും ടിപ്പു
സുൽത്താനും ലന്തക്കമ്പനിയുടെ എതിരാളികളാ
യി തീൎന്നു. 1775 ആദിയിൽ ഹൈദരാലി തിരു
വിതാംകൂർരാജ്യം താൻ പിടിച്ചടക്കിയ മറു ഭൂമി
കളോടു യോജിപ്പിക്കുവാനാഗ്രഹിക്കുകയും കൊ
ച്ചിയിലുള്ള ലന്തകളോടു അവരുടെ ഭൂമിയിൽക്കൂടി
തന്റെ പട്ടാളങ്ങളെ തടസ്ഥംകൂടാതെ കൊണ്ടു
പോകാൻ അനുവാദം ചോദിക്കുകയും ചെയ്തു. ഇ

ത് ആലോചിക്കേണ്ടുന്ന സംഗതി ആയതുകൊണ്ടു തീർപ്പിന്നായി കൊച്ചി ഗവർണ്ണർ ബെറേറവിയാവിലെ മേൽപിടിക്ക് എഴുതിച്ചോദിച്ചു. ഇതു നിമിത്തം വന്ന താമസം ഹൈദരാലിയെ എളക്കിത്തീർക്കുകയും അയാൾ 10,000 പട്ടാളത്തോടുകൂടി സർദാഖാനെ ലന്തരാജ്യം കൊള്ളിവെച്ചു കൊള്ളയിടുവാനും ചേററുവാ കോട്ട അവരുടെ കൈവശത്തിൽനിന്നു തട്ടിപ്പറിക്കുവാനും കല്പിച്ചയക്കുകയും ചെയ്തു. അതുപ്രകാരം 1770-ൽ സിലോണിൽനിന്നു ലന്തക്കാരുടെ സഹായത്തിന്നു വന്ന പട്ടാളങ്ങളുടെ പരാക്രമത്തെക്കൂടി നശിപ്പിച്ചു ഹൈദരാലിയുടെ കല്പനയ്ക്കു നീക്കുവ്യത്യാസം കൂടാതെ സകലതും സർദാഖാൻ നടത്തി. 1777 ജനവരിമാസത്തിൽ കുറെ കാര്യങ്ങളോടുകൂടി ബറേറവിയാവിൽനിന്നു മറുവടി വന്നു. അന്നത്തെ കൊച്ചി ഗവർണ്ണർ 'മൊൺസ്' ആ എഴുത്തു, ഹൈദരാലിക്കു അയച്ചുകൊടുത്തു. അയാൾ അതിനെ സ്വീകരിച്ച് അടുത്തു കഴിഞ്ഞ കലഹം ചില മാറി അന്ധാളിത്തംകൊണ്ടു വന്നുപോയതാണെന്നു ഭംഗി പറഞ്ഞു ലന്തക്കാരെ സമാധാനപ്പെടുത്തി.

ഹൈദരാലിയുടെ കാലം കഴിഞ്ഞതിനുശേഷം ടിപ്പുസുൽത്താൻ തിരുവിതാംകൂറിനെക്കുറിച്ചു

തന്റെ അച്ഛനുണ്ടായിരുന്ന അഭീഷ്ടത്തെ സാധിപ്പാൻ ഒരുമ്പെടുകയും ഇതു കൊച്ചിരാജാവിന്റെയും സാമൂതിരിയുടേയും ഒത്താശയോടുകൂടി ചെയ്യുവാനൊരുങ്ങുകയും ചെയ്തു. 1789_ൽ ടിപ്പുസുൽത്താൻ തനിക്കു കൊച്ചിക്കോട്ട വാങ്ങിയാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ടെന്നും അത് അദ്ദേഹത്തിന്റെ സഹായമില്ലാതെ സാധിക്കുന്നതല്ലെന്നും കൊച്ചിരാജാവിന്ന് ഒരു പ്രത്യേക സന്ദേശമയച്ചു. ലന്തക്കാൎക്ക് ആയിക്കോട്ടയും കൊടുങ്ങല്ലൂരും കൈവിടുവാൻ വിരോധമുണ്ടായിരുന്നില്ലെങ്കിലും ആയവ ടിപ്പുവിനെപ്പോലെയുള്ളവരുടെ കയ്യിൽ പെടുന്നതിൽ ഒട്ടും സമ്മതമുണ്ടായിരുന്നില്ല.

ഇംഗ്ലീഷുകാരുടെ കമ്മീഷണരായിരുന്ന മേജർ ബാനർമാന്റെ ഉപദേശപ്പടി ടിപ്പു കൊടുക്കാമെന്നു പറഞ്ഞിരുന്ന സംഖ്യയിൽ പകുതിക്കു തിരുവിതാംകൂർമഹാരാജാവു ആയിക്കോട്ട വാങ്ങി. ഇതിൽ ടിപ്പു ഏററവും ചൊടിച്ചുവശായി.

ടിപ്പുവിനേക്കാൾ ഭേദമായിട്ടുള്ളവരുടെ അധീനത്തിൽപ്പെടുവാനായിരുന്നു കൊച്ചിയുടെ യോഗം. രക്തപ്രവാഹത്തോടുകൂടി മേളിച്ചിരുന്ന തന്റെ അതിമോഹസമുദ്രത്തിൽ ടിപ്പുസുൽത്താൻ മുങ്ങിച്ചാവുന്നതിന്നു നാലുകൊല്ലം മുമ്പു കൊച്ചി

ലന്തകളുമായിട്ടു തെററി മേജർ പീററർ എന്നാളുടെ കീഴിലുള്ള ഇംഗ്ലീഷുകാരാൽ പിടിച്ചടക്കപ്പെട്ടു. 1795 തുടക്കത്തിൽ ഹാളണ്ടു രാജ്യത്തു രാജവിരോധികൾ ജയം നേടുകയും ആറൺജിലെ രാജകുമാരൻ പ്രാണരക്ഷയ്ക്കായി നാടുവിട്ടോടുകയും ഇംഗ്ലണ്ടിലെ രാജാവിനെ ശരണം പ്രാപിക്കയും ചെയ്തു.

ലന്തകളുടെ പുറനാടുകളെ രാജവിരോധികളുടേയും അവരുടെ പരന്ത്രീസ്സുസഹായികളുടേയും അധീനത്തിൽനിന്നു വിടുത്തുവാൻ എന്തുചെയ്യേണ്ടു എന്നസംഗതി ഇംഗ്ലീഷുഗവമ്മേണ്ടിനു ആലോചനാവിഷയമായിത്തീൎന്നു. അതിന്റെ ഫലമായിട്ടു ഭൂമിയുടെ നാനാഭാഗങ്ങളിലുമുള്ള സകല തുറമുഖങ്ങളിലേക്കും പാളയങ്ങളിലേക്കും ലന്തകളുടെ എല്ലാം സ്ഥലങ്ങളും കൈക്കേറുവാൻ കല്പന യയച്ചു. ഉടനേതന്നെ കിഴക്കു കൊച്ചി, ചിൻസുറാ, ബാൻഡാ, അംബോയനാ, മലാക്കാ, സിലോൺ ഈ സ്ഥലങ്ങൾ ഇംഗ്ലീഷുകാർ സ്വാധീനപ്പെടുത്തി. കൊച്ചിയുമായിട്ടുള്ള യുദ്ധങ്ങൾ ഒന്നും വളരെ കഠത്തുള്ളവയായിരുന്നു എന്നു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അന്നായ്ക്കു ലന്തകളുടെ ശക്തി മുഴുവനും ക്ഷയിച്ചുകഴിഞ്ഞു. 1795 അക്ടോബർ 20-ാംനു- പല കാലമായി പലരുടേയും

കീഴിൽ പലമാതിരി സുഖദുഃഖങ്ങളും അനുഭവിച്ചിട്ടുള്ള കൊച്ചി ഒടുവിൽ ഇംഗ്ലീഷ്കാൎക്ക കീഴടങ്ങി.

## പട്ടിണി.

പുരാതനകാലങ്ങളിൽ വിശ്വാസവഞ്ചനം മഹാപാതകങ്ങളിൽ ഒന്നായിട്ടാണ് ഗണിച്ചുവന്നിരുന്നത്. അന്നു രാജാക്കന്മാർ തമ്മിലുള്ള ഉടമ്പടികളിലാകട്ടെ ജന്മികുടിയാനവന്മാർ തമ്മിലുള്ള എടവാടുകളിലാകട്ടെ സാധാരണക്കാരുടെ കരാറുകളിലാകട്ടെ രേഖാമൂലമായ യാതൊരു ഉറപ്പും ആവശ്യമുള്ളതായി ആരും വിചാരിച്ചിരുന്നില്ല. എന്നാൽ വാക്കു തെറ്റി നടക്കുന്നവരെ വഴിപ്പെടുത്തുവാൻ ഉപയോഗിച്ചുവന്നിരുന്ന ഒരു ദിവ്യൌഷധമായിരുന്നു 'പട്ടിണി' എന്നു പറയുന്നത്. കടക്കാരൻ പറഞ്ഞ തിയ്യതിക്കു കടം വീട്ടാതെയിരുന്നാൽ മറുകക്ഷിയുടെ അപേക്ഷാനുസാരേണ ഒരു മഹാബ്രാഹ്മണൻ സത്യനിഷ്ഠാപരിപാലനത്തിനുവേണ്ടി മാത്രം കടക്കാരന്റെ വാസസ്ഥലത്തു ചെന്ന് ഉപവസിക്കുന്നതായാൽ കടം

വിട്ടാതെ അദ്ദേഹത്തിന്റെ ഭക്ഷണത്തിനു മുമ്പായി കടക്കാരന്റെ തറവാട്ടിൽനിന്ന് അറിവുവച്ചിട്ടുള്ളവർ എന്നുവേണ്ട ആബാലവൃദ്ധം ആരെങ്കിലും ആഹാരം കഴിക്കുന്നതു കുലത്തിന്റെ ഉന്മൂലനാശത്തിനു കാരണമായിട്ടാണ് വിശ്വസിച്ചുപോന്നിരുന്നത്. ഈ ജാതി പട്ടിണിയിൽ ഹോമാദി കർമ്മങ്ങൾ ഉള്ളതായിട്ടറിവില്ല.

ഇതിൽനിന്നു കഠിനതരമായും മന്ത്രതന്ത്രങ്ങളോടുകൂടിയും ശത്രുസംഹാരത്തിന്നായിട്ടു വേറെ ഒരു മാതിരി പട്ടിണി കാലക്രമേണ ഉത്ഭവിച്ചു. ഇത് ആദ്യം പ്രയോഗിച്ചിട്ടുള്ളതു ൯൩൨-ൽ സാമൂതിരിപ്പാട്ടു കൊച്ചിരാജ്യം എതാണ്ടു കൈവശപ്പെടുത്തി തൃശ്ശിവപേരൂര് സ്ഥിരതാമസം തുടങ്ങിയതിന്നു ശേഷമാണ്. അന്ന് അവിടെ നടത്തീട്ടുള്ള പട്ടിണിയുടെ ക്രമം താഴെ വിവരിക്കുംപ്രകാരമായിരുന്നു.

പട്ടിണി തുടങ്ങുന്ന ദിവസം പുലച്ചെക്കു കൊച്ചിത്തമ്പുരാൻ തൃശ്ശിവപേരൂർ യോഗത്തിലെ വാദ്ധ്യാൻനമ്പൂരിയെ ശ്രീമൂലസ്ഥാനത്തു വരുത്തി പട്ടിണി തുടങ്ങണമെന്നു കല്പിക്കണം. വാദ്ധ്യാൻനമ്പൂരി യോഗത്തിൽപ്പെട്ട ഒരു നമ്പൂരിയെ മതിൽക്കകത്തേക്കു അയക്കണം. അദ്ദേഹം വടക്കെ മണ്ഡപത്തിൽനിന്ന് അവിടെ തൂക്കിയിരിക്കുന്ന തിരുശ്ശീല എടുത്തു വടക്കെ നടയിൽ കൂടി

പുറത്തേയ്ക്കു കടന്ന് അതു ശ്രീമൂലസ്ഥാനത്തു പട്ടിണിത്തറയുടെ തെക്കുഭാഗത്തു കൊണ്ടുവന്നു തൂക്കണം. തിരിശ്ശീല തൂക്കിക്കഴിഞ്ഞാൽ വഴിയിൽ മാരാർ നടയ്ക്കുനേരെയുള്ള ആൽത്തറയുടെ വടക്കുഭാഗത്തുതാഴത്തെ തറയിന്മേൽനിന്നു പന്ത്രണ്ടു മൊഴി ശംഖ് വിളിക്കുകയും വേണം. അതിന്റെ ശേഷം തിരത്തുക്കിയ വിവരം ബ്രഹ്മസ്വം മഠത്തിൽ ചെന്ന് ആഴവാഞ്ചേരി തമ്പ്രാക്കളെ അറിവിക്കണം. പിന്നെ കൊച്ചിത്തമ്പുരാൻ ഈ വിവരംതന്നെ കാര്യക്കാരന്മാരെ അയച്ചു രണ്ടു മഠത്തിൽ തിരുമുമ്പന്മാരേയും (സ്വാമിയാന്മാരേയും) ധരിപ്പിക്കണം. കൊച്ചിത്തമ്പുരാൻ, തിരുമുമ്പന്മാർ, വാദ്ധ്യാൻനമ്പൂരി, വടക്കിനി എമ്പ്രാന്തിരി, യോഗത്തിലുള്ള നമ്പൂരിമാർ ഇങ്ങിനെ പട്ടിണിക്കു കൂടേണ്ടും ആളുകൾ പട്ടിണിക്രിയ കഴിവോളം ഉപവസിച്ചു പാർക്കണം. രണ്ടു നാഴിക പകലെ കീഴേ വീട്ടിൽ വാരിയർ പട്ടിണിത്തറയിന്മേൽ പള്ളിയവണയും (ആവണപ്പലക) അങ്ങാടിക്കണക്ക്ത്തു നായര് മേലരിയും എലത്തിത്തോലും കൊണ്ടു ചെന്നു വെയ്ക്കണം. വൈകുന്നേരം അമ്പലത്തിലെ സന്ധ്യശ്ശംഖ് വിളികഴിഞ്ഞാൽ അപ്പോൾ തന്നെ മാരാർ തറയിന്മേലും ചെന്നു ശംഖ് വിളിക്കണം. അതു കഴിഞ്ഞാൽ അഷ്ടമിനമ്പൂരി പട്ടിണിത്തറയിന്മേൽ വിളക്കു വെയ്ക്കണം. സന്ധ്യ കഴിഞ്ഞതി

ന്നു ശേഷമാണ് മുറജ്ജപത്തിനുള്ള പട്ടിണിക്രിയ തുടങ്ങുന്നത്. ഇതിന്നായിട്ടു തിരുമനസ്സുകൊണ്ടു മഠത്തിൽനിന്നു പുറപ്പെട്ടാൽ രണ്ടു മഠത്തിൽ തിരുമുമ്പന്മാരും വാദ്ധ്യാൻ നമ്പൂരിയും നമ്പൂരിമാരും ഒരുമിച്ചു പുറപ്പെടണം. ഗ്രന്ഥവരിയിൽ "തിരുമനസ്സുകൊണ്ട്" എന്നു പറഞ്ഞിരിക്കുന്നതു, തമ്പ്രാക്കളോ തമ്പുരാനോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ "മഠത്തിൽനിന്ന്" എന്നു കാണുന്നതുകൊണ്ടു തമ്പ്രാക്കളെന്ന് ഊഹിപ്പാനും വഴിയുണ്ട്.

ഗോപുരത്തിങ്കൽ ശംഖ് മുഴങ്ങുന്നതു കേൾക്കുമ്പോൾ വടക്കിനി എമ്പ്രാന്തിരി വടക്കെ ശ്രീവട്ടവാതിൽ അടച്ച് എമ്പ്രാന്തിരിയും എമ്പ്രാന്മാരുംകൂടി പുറത്തേക്കു പുറപ്പെടണം. എല്ലാവരുംകൂടി തറയിന്മേൽ എത്തിയാൽ തിരുമനസ്സുകൊണ്ടു പള്ളിആവണയിന്മേൽ ഇരുന്നു തിരുമുമ്പന്മാരോടു ഇരിക്കാമെന്നു പറയണം. തിരുമുമ്പന്മാരിരുന്നാൽ വാദ്ധ്യാൻ നമ്പൂരിയും ഇരിക്കണം. അതിന്നു ശേഷം നമ്പൂരിമാർ തറയുടെ ചുററും കരിങ്കല്ലിന്മേൽ ഇരിക്കണം. പിന്നെ ക്രിയാംഗമായ ഹോമം തുടങ്ങുകയായി. ഹോമത്തിന്നിടയ്ക്കു കൈകൊട്ടുമ്പോളെല്ലാം ശംഖ് വിളിക്കണം. ഒടുക്കത്തെ കൊട്ടിന്നു പന്ത്രണ്ടുമൊഴി ശംഖ് വിളിക്കുകയും വേണം. പ

ട്ടിണി കഴിഞ്ഞ് എല്ലാവരും അമ്പലത്തിനകത്ത് ചെന്നാൽ വടക്കിനി എമ്പ്രാന്തിരി വടക്കെ ശ്രീവട്ടവാതിൽ തുറന്നു തിരുമനസ്സിലേയ്ക്കു കാലു കഴുകുവാൻ സോപാനത്തിങ്കൽ വെച്ചു തന്നെ വെള്ളം കൊടുക്കണം. തിരുമുമ്പന്മാൎക്കു തിടപ്പള്ളിയുമ്മറത്തുവെച്ചു കിഴക്കുന്തി എമ്പ്രാന്തിരിമാരും വെള്ളം കൊടുക്കണം. തിരുമനസ്സുകൊണ്ടും തിരുമുമ്പന്മാരും പൂജകഴിവോളം മണ്ഡപത്തിൽ തന്നേയിരിക്കണം. അവിടെവെച്ചു പട്ടിണിക്കുകൂടിയ മാരാന്മാരേയും നമ്പൂരിമാരേയും ചാൎത്തിക്കണ്ട് മാരാന്മാൎക്കു ഓരോ പുത്തൻവീതം കൊടുക്കുകയും നമ്പൂരിമാൎക്കു ബ്രഹ്മസ്വം മഠത്തിൽ സദ്യയ്ക്കു വേണ്ടുന്ന വട്ടംകൂട്ടി അവരുടെ ഭക്ഷണം കഴിപ്പിക്കുകയും വേണം. പട്ടിണിക്കു കൂടീട്ടുള്ളവരുടെ കൂട്ടത്തിൽ ദേവനും ചേൎന്നിട്ടുണ്ടെന്ന് ഉഹിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ പട്ടിണി കഴിവോളം മുറയ്ക്കുള്ള പൂജയാകട്ടെ; നിവേദ്യമാകട്ടെ പതിവില്ല. ഇങ്ങിനെയത്രെ പട്ടിണി കഴിയേണ്ടുംപ്രകാരം.

ചേരിക്കലങ്ങളിൽ (കീഴേടക്ഷേത്രങ്ങളിൽ) പട്ടിണി വേണ്ടിവന്നാൽ തിരുമനസ്സുകൊണ്ട് രണ്ടുമഠത്തിൽ തിരുമുമ്പന്മാരേയും വാദ്ധ്യാൻ നമ്പൂരിയേയും മാരാന്മാരേയും പറഞ്ഞയച്ചു പട്ടിണി നടത്തിക്കൊടുക്കേണ്ടതാകുന്നു. തിരുമുമ്പന്മാൎക്കു എ

ഴുന്നള്ളുവാൻ സംഗതി വന്നില്ലാ എങ്കിൽ നമ്പൂരിമാരേയും മാരാന്മാരേയും അയച്ച പട്ടിണി കഴിപ്പിക്കാറുമുണ്ട്.

ഇപ്പോഴും കുട്ടനല്ലൂർ മുതലായ ചില പൂരങ്ങളിൽ പട്ടിണിശ്ശംഖൂതുക പതിവുണ്ട്. ഇതിൻെറ ആഗമം ശത്രുസംഹാരത്തിന്നായി തുടങ്ങീട്ടുള്ളതെന്നാണ് പറഞ്ഞുവരുന്നത്. പണ്ടൊരിക്കൽ പനമുക്കത്തു കയ്മൾ കുട്ടല്ലൂർ പൂരത്തിന്ന് എഴുന്നള്ളിച്ചിരിക്കുന്ന സമയത്തിങ്കൽ ദേവനെ തോട്ടി കെട്ടി വലിച്ചു എന്നും അന്നുമുതൽ അവരുടെ കുലനാശത്തിന്ന് ആ ക്ഷേത്രത്തിൽ പട്ടിണി തുടങ്ങി എന്നും ഒരു കേട്ടുകേൾവിയുണ്ട്. അക്കാലങ്ങളിലെപ്പോലെ പൂരം വേല മുതലായ അടിയന്തിരങ്ങളിൽ നാട്ടുകാർ തമ്മിലുള്ള സ്പർദ്ധക്ക് ഇക്കാലങ്ങളിൽ അത്ര കരുത്തില്ലെന്നും ഇന്നും അതുകളിലുള്ള മത്സരം വളരെക്കാലം മുമ്പുതന്നെ തുടങ്ങീട്ടുള്ളതിൻെറ അവശിഷ്ടമാകുന്നു എന്നും സംശയമററ സംഗതികളാകുന്നു. ഈശ്വരവിശ്വാസം അധികമുണ്ടായിരുന്ന അക്കാലത്ത് ഉത്തരകത്തമ്മതിരുവടിയെ സഹായിപ്പാൻ ആയുധപാണിയായി ശാസ്താവ കമ്പിടിക്കു പുറപ്പെട്ടന്നതു അന്നത്തെ സ്പർദ്ധയുടെ ആധിക്യത്തെ വേണ്ടുംവണ്ണം വെളിപ്പെടുത്തുന്നുണ്ട്.

പട്ടിണിയെ സ്സംബന്ധിച്ചുള്ള ഒരു ഗ്രന്ഥവരി തൃശ്ശിവപേരൂർ യോഗക്കാരുടെ റിക്കാട്ടുകെട്ടിൽ ഇരിപ്പുള്ളതായി അറിവുണ്ട്. ഇതു, വയനാട്ടു മോരുപോലെ വിലസ്സും വെറുതേയും കിട്ടാതെ, പുഴക്കത്തി പൊടിഞ്ഞുപോകുന്നതായാൽ ഇതും വെറുതെ നശിച്ചുപോകുന്ന മററനേകം വിലപിടിച്ച ഗ്രന്ഥവരികളുടെ സംഖ്യയിൽ ചേൎന്നതായി വിചാരിച്ചു സമാധാനപ്പെടുവാനെ നിവൃത്തിയുള്ളു.

## ചില പുണ്യക്ഷേത്രങ്ങൾ.

### ൧. അഗ്രദ്വീപം.

ബങ്കാൾ രാജ്യത്തു നദിയ ഡിസ്ത്രിക്ടിൽ ഭാഗീരഥീതീരത്തുള്ള ഒരു പുണ്യസ്ഥലമാണിത്. പ്രസിദ്ധനായ നവദ്വീപചൈതന്യന്റെ ശിഷ്യനായ ഘോഷാശേഖരന്റെ പ്രതിഷ്ഠയായി ഒരു ശ്രീകൃഷ്ണക്ഷേത്രമുണ്ട്. ഗോപീനാഥൻ എന്നാണ് മൂൎത്തിയുടെ പേര്. ഇവിടെ കുംഭം മീനം കാലത്ത് ഒരു ഉത്സവമുണ്ട്. ഇരുപത്തയ്യായിരം ആളുകളോളം അന്ന് അവിടെ കൂടുമത്രെ. അക്കാലത്തു തീൎത്ഥയാത്രക്കാരുടെ ആവശ്യത്തിന്നായി അപ്പപ്പോൾ കുടിലുകൾ കെട്ടിയുണ്ടാക്കുകയാണ് പതിവ്. അല്ലാതെ സത്രങ്ങൾ ഒന്നും ഇല്ല.

## ൫. അയോദ്ധ്യ

അയോദ്ധ്യയ്ക്ക് ഔഡ് റാഫിൽക്കണ്ട് റെയിൽ വഴി കൽക്കത്തയിൽനിന്ന് 545 മൈലും, കാശിയിൽനിന്ന് 126 മൈലും ഉണ്ട്. ദശരഥമഹാരാജാവിന്റെ സരയൂതീരത്തിങ്കലുള്ള അയോദ്ധ്യാപട്ടണം ഇപ്പോൾ നശിച്ച് നാനാവിധമായി കിടപ്പാണ്. എങ്കിലും ഉച്ഛിഷ്ടങ്ങൾ ഇന്നും കാണ്മാനുണ്ട്. 1967 വർഷം മുമ്പു വിക്രമാദിത്യമഹാരാജാവാണ് അയോദ്ധ്യയിലുള്ള ചില പുണ്യസ്ഥലങ്ങളെങ്കിലും തിരഞ്ഞുപിടിച്ച് നേരെയാക്കീട്ടുള്ളത്. രാമൻകോട്ട, നാഗേശപാരക്ഷേത്രം, മണിപർവ്വതം, സ്വർഗ്ഗദ്വാരം മുതലായി അവിടെയുള്ള അനേകപുണ്യസ്ഥലങ്ങൾ എത്ര വളരെ തീർത്ഥയാത്രക്കാരാണ് പോയി വന്ദിച്ചുവരുന്നതെന്നു കണക്കില്ല. ചൈത്രമാസത്തിലെ രാമനവമിനാൾ കൂടുന്ന പുരുഷാരം അഞ്ചു ലക്ഷത്തിൽ കുറവല്ല. സ്റ്റേഷനിൽ എത്തുമാതിരി വാഹനങ്ങളും കിട്ടും. പട്ടണത്ത് അനേകം സത്രങ്ങളുമുണ്ട്.

## ൬. അമരകണ്ടകം

റീവരാജ്യത്തു 3493 അടി ഉയരത്തിലുള്ള കുന്നാണ് ഇത്. ഇതു ഹിന്തുക്കൾക്കു മുഖ്യമായ ഒരു പുണ്യസ്ഥലമാണ്. ഇവിടെവെച്ചാണ് പഞ്ചലോഹങ്ങളെക്കൊണ്ടുണ്ടാക്കിയ മൂന്നു കോട്ടകളിൽ

മൂന്നാമത്തെ കോട്ടയുടെ ഉള്ളിൽ ബ്രഹ്മാവു കാവലായിട്ടു വാണിരുന്ന അമരകണ്ടകനെന്ന രാക്ഷസനെ മഹാവിഷ്ണു സംഹരിച്ചതു്. കാളിദാസമഹാകവിയും ഇവിടെയാണു് ജനിച്ചിട്ടുള്ളതു്. ഇവിടെ ശിവരാത്രി മഹോത്സവം കേമമാണു്. നൎമ്മദാസ്നാനം മുഖ്യവുമാണു്. നൎമ്മദയുടെ പുറപ്പാടു് ഈ കുന്നിന്മേൽനിന്നാണു്. തുടക്കത്തിങ്കൽ അഞ്ചു കുണ്ഡങ്ങൾ ഉണ്ടു്. അവയും പുണ്യങ്ങളാണു്. കൽക്കത്തയിൽനിന്നു 508 മൈൽ മാത്രമെയുള്ളു. പെൻഡ്ര റെയിൽവെസ്റ്റേഷനിൽനിന്നു് അടിവാരംവരെ കട്ടവണ്ടി പോകും. മുകളിലേക്കു പോകുമ്പോൾ മേനാവുകളും കിട്ടും. കുന്നിന്റെ മുകളിൽ ഒരു സത്രവും ഉണ്ടു്.

### ൪. അമരനാഥം

കാശ്മീരരാജ്യത്തെ ഒരു പുണ്യസ്ഥലം. ഇവിടെ ശ്വേതശിലകൊണ്ടുള്ള ശിവന്റെ ബിംബത്തിനു ചന്ദ്രനെ അനുസരിച്ച വൎദ്ധനയും ക്ഷയവും ഉണ്ടു്. അവിടെ ചെന്നു വന്ദിക്കുന്നവരെ ദേവൻ പ്രസാദിച്ചാലത്തെ ലക്ഷണം അടുത്തുള്ള കൂടുകളിൽനിന്നു മാടപ്രാവുകൾ കൂട്ടമായി പറക്കുന്നതാണത്രെ. മണ്ഡപത്തിന്റെ മുകളിൽനിന്നു ബിംബത്തിന്മേൽ സൎവ്വദാ വെള്ളം ഇററിററു വീണുകൊണ്ടിരിക്കും.

### ൫. കൈലാസം

20226 അടി ഉയരത്തിൽ ഹിമവാന്റെ മുകളിൽ ഉള്ള ഒരു പുണ്യസ്ഥലം. അകലം വിചാരിച്ചു സാധാരണ തീൎത്ഥയാത്രക്കാർ ഇവിടേക്കു വളരെ പോവാറില്ല. എന്നാൽ അനേകം ഭിക്ഷുക്കൾ കൈലാസത്തിങ്കൽ ഈശ്വരനെ സേവിച്ചുകൊണ്ടു കാലം കഴിച്ചുകൂട്ടുന്നുണ്ട്. മാനസസരസ്സും അവിടെയടുത്താണ്.

### ൬. കോനാരക്ക്

ജഗന്നാഥത്തുനിന്നു 19 മൈൽ വടക്കുപടിഞ്ഞാറ് ഒരു ദിവാകരക്ഷേത്രം. സാംബൻ, ശ്രീകൃഷ്ണന്റെ പതിനാറായിരത്തെട്ടു ഭാൎയ്യമാരേയും കാമിച്ചു. അതുനിമിത്തം നാരദൻ സാംബനെ 'കുഷ്ഠരോഗിയായിപ്പോകട്ടെ' എന്നു ശപിച്ചു. അതിന്റെ ശേഷം ശാപമോക്ഷത്തിന്നായി സൂൎയ്യപ്രതിഷ്ഠ കഴിച്ചു പ്രത്യക്ഷനമസ്കാരംകൊണ്ട് അരോഗിയായിത്തീൎന്ന പുണ്യസ്ഥലമാണിത്. സൂൎയ്യബിംബം വിശ്വകൎമ്മാവാണ് ഉണ്ടാക്കിക്കൊടുത്തത്.

### ൭. കൃഷ്ണമധുര.

ഈ പട്ടണം യമുനാനദിയുടെ വലത്തുഭാഗത്താണ്. കൃഷ്ണമധുരയിൽ വ്രജമണ്ഡലം എന്നു പറയുന്ന പ്രദേശമാണ് മുഖ്യമായിട്ടുള്ളത്. യമുനയുടെ ആറു മൈൽ താഴത്തു മഹാവനമെന്ന ഒരു

സ്ഥലമുണ്ട്. ഇവിടെ വെച്ചാണ് ശ്രീകൃഷ്ണനെ കൈമാററം ചെയ്തതെന്നു വിശ്വസിച്ചുപോരുന്നു. നന്ദഗൃഹം ഇന്നും കാണാവുന്നതാണ്. അവിടെ പാൽക്കുടവും കടകോലും ഗോപസ്ത്രീകൾ ഓടക്കുഴൽ കളിയായിട്ടു ഭിത്തിയിൽ ഒളിച്ചുവെക്കുന്ന പഴുതും ഇന്നും ഹിന്ദുക്കൾ വന്ദിച്ചുപോരുന്നുണ്ട്. കൃഷ്ണമധുരയിൽ കുട്ടിയുണ്ടായാൽ മുമ്പിൽ നന്ദഗൃഹത്തിലേക്കാണ് കൊണ്ടുപോവുക. മധുരയിൽനിന്നു 5 മൈൽ വടക്കാണ് വൃന്ദാവനം. അവിടെ അനേകം ക്ഷേത്രങ്ങളുമുണ്ട്. ഹരിദ്വാരം കഴിഞ്ഞാൽ പിന്നെ കൃഷ്ണമധുരയാണ് വൈഷ്ണവമായ പ്രധാന പുണ്യസ്ഥലം. 'എക്ക' എന്നു പറയുന്ന ഒററക്കുതിരയെ പൂട്ടിയ കുട്ടിരഥങ്ങൾ ആണ് അവിടങ്ങളിൽ സാധാരണയായ വാഹനങ്ങൾ.

### ൮ ഗംഗോത്തരി

ഉത്തരദേശത്തു ഭാഗീരഥിയുടെ ദക്ഷിണതീരത്തിങ്കൽ ഒരു മലമുകളിലുള്ള ക്ഷേത്രത്തിനാണ് ഗംഗോത്തരി എന്നു പറയുന്നത്. ഗംഗയുടെ മുഖമായ ഗംഗാസാഗരവും ഗംഗയുടെ ഉല്പത്തിസ്ഥാനമായ ഗംഗോത്തരിയും ഏററവും പുണ്യപ്പെട്ട സ്ഥലങ്ങളാണ്. ഹിന്ദുക്കളായ തീർത്ഥയാത്രക്കാർക്ക് 'ഗംഗോത്തരി'യാണ് യാത്രയുടെ പരമാവധി. ഇവിടെ അടുത്തു ഭവനങ്ങളൊന്നുമില്ല. അതുകൊ

ണ്ടു ഗംഗാജലം എടുത്തുകൊണ്ട് ഉടനെ തിരിച്ചു പോരുന്നതല്ലാതെ ആരും അവിടെ താമസിക്കാറില്ല.

൯. ബദരീനാഥം.

ഹിമവാന്റെ ഒരു കൊടുമുടിയാണിത്. 23210 അടി ഉയരമുണ്ട്. റെയിൽവഴി പോകുന്നതായാൽ ഉത്തരദേശികൾക്കു ഹരിദ്വാരമാണ് അടുത്ത സ്റ്റേഷൻ. ദാക്ഷിണാത്യന്മാൎക്ക് 'കാത്തഗോട്ട്' സ്റ്റേഷനമാണ്. അവിടെനിന്നു മുകളിലേക്കു ഒന്നുകിലോ എടുത്തുകൊണ്ടു പോണം. അല്ലെങ്കിൽ നടന്നുപോണം. ബദരീനാഥക്ഷേത്രത്തിൽ വിഷ്ണുവാണ് മൂൎത്തി. ബിംബം നദിയുടെ അടിയിൽനിന്നു എടുത്തുകൊണ്ടുവന്നു സാക്ഷാൽ പരമശിവൻ തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിന്റെ അടുത്തു താഴത്ത് ഒരു കുളമുണ്ട്. അതിലേക്കു എല്ലാം കാലത്തും ഒരു വ്യാളമുഖത്തിൽനിന്നു ചുട്ടവെള്ളം ഒലിച്ചുകൊണ്ടിരിക്കും. ഇവിടത്തെ ശാന്തിക്കാരനെ 'റവാൽ' എന്നാണ് പറയുക. ഇവിടെ സത്രങ്ങൾ അനേകമുണ്ട്.

൧൦. ഭദ്രാചലം

ശ്രീരാമഭഗവാൻ ഗോദാവരി കടന്നത് ഇവിടെയാണ്. മദിരാശി സംസ്ഥാനത്തു ഗോദാവ

രി ഡിസ്ത്രിക്ടിലാണിത്. രാജമഹേന്ദ്രത്തുനിന്നു 104 മൈലുണ്ട്. ഇവിടെ രാമചന്ദ്രക്ഷേത്രത്തിൽ ഋഷിപ്രതിഷ്ഠയാണ്. ശ്രീരാമനവമിമഹോത്സവം കേമമവുമാണ്.

ഭാരതവർഷത്തിൽ ഉത്തരഖണ്ഡത്തിലുള്ള ചില പുണ്യസ്ഥലങ്ങളും ദക്ഷിണഖണ്ഡത്തിൽ ഒരു പുണ്യക്ഷേത്രവും മാത്രമേ ഇതിനുമേൽ ചുരുക്കി വിവരിച്ചിട്ടുള്ളൂ. കാശി മുതലായി പരക്കെ പരിചയമുള്ള പുണ്യക്ഷേത്രങ്ങളും ഹരിദ്വാരത്തിനു സമീപം ശകുന്തളയുടെ ജന്മഭൂമിയായ കണ്വാശ്രമം തുടങ്ങിയ അനേകം വിശിഷ്ടസ്ഥലങ്ങളും ദക്ഷിണഖണ്ഡത്തിലുള്ള മററു പുണ്യസ്ഥലങ്ങളും വർണ്ണിക്കുന്നതായാൽ അവസാനമില്ല.

---

## ക്ഷേത്ര ചരിത്രം.

### (ഉൗരകത്തമ്മ തിരുവടി)

---

ഈ ക്ഷേത്രം അതിപ്രസിദ്ധവും അനേകം മാഹാത്മ്യങ്ങളോ ഉള്ളതും ആകുന്നു. മാഹാത്മ്യങ്ങളെപ്പററി ഗ്രന്ഥവരി മുതലായ അനേകം രേഖകളും ഉണ്ടായിരുന്നു. ഈ ദേവസ്വത്തിൽ പുരാതനമാ

ന്നി നടകാവൽനടത്തിവരുന്നതായ വാഴപ്പിള്ളിവീട്ടുകാർ ഭജനംമുഴുത്ത് ഉത്സവം എന്ന കൂട്ടത്തിൽ കണക്കെഴുത്തു തുടങ്ങി, കാര്യസ്ഥകണക്കായിത്തീന്നു; വളരെക്കാലംമുമ്പെ കൊച്ചിമഹാരാജാവിൻെറകീഴിൽ കാര്യാന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ചില നമ്പൂതിരിമാരോടുണ്ടായിരുന്ന മത്സരം ഹേതുവായിട്ടു, കാര്യസ്ഥകണക്കായ അന്നത്തെ കാക്കരമേനോൻ ഈ ദേവസ്വത്തിൽ ഉണ്ടായിരുന്ന സകല റിക്കാർട്ടുകളേയും നശിപ്പിച്ചുകളഞ്ഞതുകൊണ്ടും, പ്രാചീനകേരളീയരുടെ ഇടയിൽ ചരിത്രം, ഡയറി മുതലായത് എഴുതുന്ന നടപ്പില്ലാതിരുന്നതുകൊണ്ടും, ഈ ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയായ ഭഗവതിയേയും സ്ഥലത്തേയും കുറിച്ച് എന്തെങ്കിലും പ്രസ്താവിപ്പാൻ ശരിയായ അറിവു കിട്ടുന്നതിന്നു പ്രയാസമാകുന്നു. എങ്കിലും, പരമ്പരയായി പറഞ്ഞുവരുന്ന ചില ഐതിഹ്യങ്ങളേയും ഈ ക്ഷേത്രത്തിൽ കാണുന്ന ചില ശിലാരേഖകളേയും അടിസ്ഥാനമാക്കി, ചില സംഗതികൾ സംക്ഷേപമായി താഴെ പ്രസ്താവിക്കുന്നു.

**തിരുനാമം.**

ഉരകത്തമ്മ തിരുവടിയുടെ പ്രധാനതിരുനാമം തിരുവലയനാർഭഗവതി എന്നാകുന്നു. പണ്ട്, ശ്രീപരശുരാമൻ കേരളദേശത്തെ സൃഷ്ടിച്ചു, പരദേശത്തുള്ള പുണ്യദേശങ്ങളിൽനിന്നും അനേകം ബ്രാഹ്മണരെ

കൊണ്ടുവന്ന് നൂറ് ഗ്രാമങ്ങളാക്കി കല്പിച്ചതിൽ, ൩൨ ഗ്രാമം തുളുബ്രാഹ്മണരും ൬൪ ഗ്രാമം നമ്പൂരിമാരും ആകുന്നുവല്ലൊ. അവയിൽ മൂന്നു ഗ്രാമം അതിപ്രസിദ്ധമായിട്ടുള്ളവയാകുന്നു. ആ മൂന്നിൽ ഒന്നായ പെരുമനം (പൃരുവനം എന്നതിന്റെ തൽഭവം) ഗ്രാമത്തിലുള്ള നമ്പൂരിമാർ ചോളദേശത്തു കമലാലയം എന്ന മഹാപുണ്യതീൎത്ഥത്തോടുകൂടിയ അതിപ്രസിദ്ധമായ തിരുവാല്ലൂർ മഹാക്ഷേത്രത്തിന്റെ സമീപഗ്രാമങ്ങളിൽനിന്നു വരുത്തപ്പെട്ടവരാകുന്നു. മേല്പടി ബ്രാഹ്മണർ എല്ലാവരുംകൂടി, കേരളത്തിൽ സൎവ്വസമ്പൽസമൃദ്ധിയ്ക്കായിക്കൊണ്ടു, കാഞ്ചീപുരത്തുപോയി കാമാക്ഷിയെ സേവിച്ചു പ്രത്യക്ഷമാക്കി കേരളത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിയ്ക്കേണമെന്നു നിശ്ചയിച്ചു. അതിന് അതിപ്രസിദ്ധനും അത്യന്തം ഭഗവൽഭക്തനും അതിതപസ്വിയും ആയിരുന്ന തിരുവലയനൂർ ഭട്ടതിരിയേയും, അദ്ദേഹത്തിന്നു സഹായത്തിന്നായി കീഴാട്ടുകര നമ്പൂരിപ്പാടിനേയും, ഭൃത്യനായി കോമരത്തുവീട്ടുകാരനേയും അയയ്ക്കുകയും ചെയ്തു. ആ ഭട്ടതിരി അവിടെ ചെന്നു കാമാക്ഷിയെ സേവിച്ചു പ്രത്യക്ഷമാക്കിയ സമയം "അങ്ങെയ്ക്ക് എന്തുവരമാണ് വേണ്ടത്" എന്നു ചോദിച്ചപ്പോൾ, ഭട്ടതിരി "നിന്തിരുവടി ഞാനൊരുമിച്ചു കേരളദേശ

ത്തേക്ക് എഴുന്നള്ളേണം" എന്നു പ്രാൎത്ഥിക്കുകയും, ഭക്തപരാധീനയായ കാമാക്ഷി "ഞാൻ കൂടെ വന്നുകൊള്ളാം"മെന്നു വരദാനം ചെയ്തു മറഞ്ഞു ഭട്ടതിരിയുടെ ഓലക്കുടയിന്മേൽ സാന്നിദ്ധ്യം പ്രാപിക്കുകയും ചെയ്തു. അനന്തരം, അദ്ദേഹം കാഞ്ചീപുരത്തുനിന്നു പോന്നു തന്റെ ഇല്ലത്തുവന്നു കുട നടമിറ്റത്തു വെച്ചപ്പോൾ അവിടെ കോടിസൂൎയ്യപ്രകാശമായ ഒരു തേജസ്സ് കാണുകയും അന്നുമുതൽ അവിടെ കാമാക്ഷിയെ പൂജിച്ചുതുടങ്ങുകയും ചെയ്തു. ഈ സ്ഥലമാകുന്നു ഇപ്പോൾ ഈ ക്ഷേത്രത്തിന്റെ കിഴക്കെ നടയിൽ പ്രദക്ഷിണവഴിക്കകത്തു കരിങ്കല്ലുകൊണ്ടു തറ കെട്ടിയിരിക്കുന്ന പാലമരത്തിന്റെ മൂലമായ ശ്രീമൂലസ്ഥാനമെന്നു ഘോഷിക്കപ്പെടുന്നത്. ഇപ്രകാരം കുറേക്കാലം കഴിഞ്ഞതിന്റെ ശേഷം ഒരുദിവസം രാത്രി "ഈ ഇല്ലത്തെ പടിഞ്ഞാററി ശ്രീകോവിലാക്കി ക്ഷേത്രം പണിചെയ്യിച്ച സമീപത്തുള്ള ഊരകത്ത് എളങ്കുന്നിന്റെ വടക്കഭാഗത്ത് ൧൨ കോൽ താഴ്ചയിൽ കിടക്കുന്ന പാതാളാഞ്ജനംകൊണ്ടു നിൎമ്മിക്കപ്പെട്ട ബിംബം എടുത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ച് ഈ ഇല്ലത്തെയുള്ള സകല സ്വത്തുക്കളേയും രക്ഷിപ്പാൻ പെരുമ്പടപ്പു മഹാരാജാവിനെ ഏല്പിച്ച് ഒരു ദിവസത്തെ വഴി വടക്കോട്ടു പോയിക്കൊള്ളു

ക" എന്നും, "എനിക്കു തരുന്നതിൽ എരട്ടി മുതൽ ഞാൻ അവിടെ തന്നുകൊള്ളാം" എന്നും ഭട്ടതിരിക്ക ദശ്നം ഉണ്ടായി. അപ്രകാരംതന്നെ അദ്ദേഹം ക്ഷേത്രം പണിചെയ്യിച്ച പ്രതിഷ്ഠ മുതലായ സകല കമ്മങ്ങളും ചെയ്തു, ക്ഷേത്രകായ്യാന്വേഷണങ്ങൾക്കു വേണ്ടുന്ന ആളുകളേയും നിശ്ചയിച്ചു, തന്റെ ഇല്ലത്തേയ്ക്കുണ്ടായിരുന്ന സകല സ്വത്തുക്കളേയും ഭഗവതിക്കായി സമപ്പിച്ചു, ക്ഷേത്രത്തേയും സ്വത്തുക്കളേയും സംരക്ഷണം ചെയ്യാൻ മഹാരാജാവിങ്കൽ സമപ്പിച്ച്, ഒരുദിവസത്തെ വഴി വടക്കോട്ടു ചെന്നപ്പോൾ, അഷ്ടഗൃഹത്തിൽ ആഢ്യന്മാരിൽ ചേന്നതും അനവധി മുതലുണ്ടായിരുന്നതും അന്യവിച്ഛേദം വരാറായതുമായ ഒരു ഇല്ലത്തേയ്ക്കു അദ്ദേഹത്തെ ദത്തെടുക്കുകയും ഉടനെ ഊരകത്തേക്കു മടങ്ങി വന്നു തന്റെ കുലത്തിലുണ്ടായിരുന്ന എല്ലാവരേയും വടക്കോട്ടു കൊണ്ടുപോയി തന്റെ ഇല്ലത്തു സുഖമാകുംവണ്ണം താമസിപ്പിച്ചുവരികയും ചെയ്തു. ഇതാണ് ഇപ്പഴത്തെ പൂവള്ളി ഇല്ലം.

ഈ ക്ഷേത്രത്തിൽ ശ്രീമൂലസ്ഥാനം ശുദ്ധംമാറിയാൽ ശ്രീകോവിലകത്തുള്ള മാല മുതലായവയും മററും മാറി പുണ്യാഹം നടത്തിവരുന്നു. ശ്രീമൂലസ്ഥാനത്തു ഒരു കരിങ്കല്ലിന്മേൽ കാണുന്ന എഴുത്തു

കൊണ്ടു, ശ്രീമൂലസ്ഥാനം ൪൪൭ കൊല്ലം മുമ്പു ര വിവർമ്മ എന്നു തിരുനാമത്തോടുകൂടിയ കൊച്ചിമഹാരാജാവിനാൽ ഫം കല്ലുകൊണ്ടു ജീർണ്ണോദ്ധാരണം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അറിയുന്നു. അവയിലൊന്നിന്മേൽ 'രവിണാരചിതയാ' എന്ന് ആ കൊല്ലത്തെ കലി കാണിച്ചിട്ടുണ്ട്.

കാമാക്ഷിയെ കാഞ്ചീപുരത്തുനിന്ന് ഇവിടെ കൊണ്ടുവന്നതും മറ്റും തിരുവലയന്നൂർ ഭട്ടതിരിയാകകൊണ്ട് അമ്മതിരുവടിക്കു തിരുവലയന്നൂർ ഭഗവതി എന്ന തിരുനാമം സിദ്ധിച്ചു. കാഞ്ചീപുരത്തുനിന്നും ഭട്ടതിരിയുടെ ഓലക്കുടയുടെ മേൽ സാന്നിദ്ധ്യം പ്രാപിച്ചു കേരളദേശത്തേക്ക് എഴുന്നുള്ളുകയാൽ അമ്മതിരുവടിക്ക് ഓലക്കുട വളരെ പ്രധാനമായിത്തീർന്നു. ഇപ്പോഴും പൂരം മുതലായ മഹോത്സവങ്ങൾക്കുകൂടി അമ്മതിരുവടിയെ എഴുന്നള്ളിക്കുമ്പോൾ ഓലക്കുടയാകുന്നു പിടിച്ചുവരുന്നത്.

പിഷാരിക്കൽ പള്ളിശ്ശേരി

തിരുവലയന്നൂർ ഭട്ടതിരി കാഞ്ചീപുരത്തേയ്ക്കു പോയപ്പോൾ, കീഴോട്ടുകര മനയ്ക്കൽനിന്നും ഒരു നമ്പൂരിപ്പാടും അവരുടെ ഭൃത്യനായി കോമരത്തുവീട്ടിൽനിന്നു ഒരു ആളുംകൂടി ഉണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. ഭട്ടതിരിയോടുകൂടി ഇവരും അവിടെ ഭജിക്കയും, ഭട്ടതിരി കൊണ്ടുവന്ന ഭഗവതിയെ ഉ

രകത്തും, നമ്പൂരിപ്പാടു കൊണ്ടുവന്ന ഭഗവതിയെ പിഷാരിക്കലും, കോമരത്തുവീട്ടുകാരു കൊണ്ടുവന്ന ഭഗവതിയെ ഊരകത്തുനിന്നു് അര നാഴിക വഴി കിഴക്കുള്ള പല്ലിശ്ശേരിയിലും പ്രതിഷ്ഠിച്ചു.

ശൂദ്രനാകയാൽ കോമരത്തുവീട്ടുകാരുടെ ഭഗവതി ഭദ്രകാളിയായിത്തീൎന്നു. എന്നാൽ ആ ക്ഷേത്രത്തിലെ തിടമ്പു് അമ്മതിരുവടിക്ഷേത്രത്തിൽ ഉപദേവനായ ശാസ്താവിന്റെ പീഠത്തിന്മേലാണ് ഇരിപ്പ്. അവിടെ കൊല്ലംതോറും ധനുമാസം ൧-ാംനു മുതൽ ൧൦-ാംനു-വരെ ൧൦ ദിവസത്തെ ശീവേലിയുണ്ടു്; ആ ൧൦ ദിവസത്തെ ശീവേലി ഇവിടത്തെ മണ്ഡലത്തിൽനിന്നു ൧൦ ദിവസത്തെ അവിടേയ്ക്കു കൊടുത്തിരിക്കുന്നതാണുപോൽ. അതിന്നു ഇവിടെ വെച്ചിരിക്കുന്ന തിടമ്പും ഇവിടെ എഴുന്നള്ളിക്കുന്ന ആനയേയും കൊണ്ടുപോവാറുണ്ടു്. അമ്മതിരുവടിയെ മതിൽക്കു പുറത്തേക്കു് എഴുന്നള്ളിക്കുമ്പോൾ എല്ലാം കോമരത്തു വീട്ടുകാരൻ പല്ലിശ്ശേരി ഭഗവതിയുടെ വാളും പിടിച്ചു് അകമ്പടിയായി നടന്നുവരാറുണ്ടു്. അതിന്നു് അവൎക്കു് ഈ ക്ഷേത്രത്തിൽനിന്നും ചില ജീവിതങ്ങളും ഉണ്ടു്. പല്ലിശ്ശേരി ക്ഷേത്രം ഈ ക്ഷേത്രത്തിന്നു കീഴേടം എന്നപോലെ പിഷാരിക്കൽ ക്ഷേത്രം വളരെ വേഴ്ചയായും ആചരിച്ചുവരുന്നു.

ശ്രീരസ്തു.